2024
ജൂൺ
19
_p[ ³

# അന്വേഷി

INDEPENDENT NEWS DAILY

Email: anveshinews11@gmail.com ■ തിരുവനന്തപുരം ■ കൊല്ലം ■ കോഴിക്കോട് ■ RNI NO. 5184, Vol - 4, Issue -194 ■ hne: 8.50 ■ t ] P: 08

5 ജോലി വാഗ്ദാനം ചെയ്ത് യുവതികളെ തടവിലാക്കി പീഡിപ്പിച്ചു; ഒൻപത് പേർക്കെതിരെ കേസ്

8 ബിസിനസ് സമൂഹത്തിൻെറ വെല്ലുവിളികൾ പരിഹരിക്കുന്നതിൽ എ.ഐ കമ്പനികൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് വിദഗ്ധൻ



മന്ത്രി കെ. രാധാകൃഷ്ണൻ രാജിക്കത്ത് മുഖ്യമന്ത്രി പിണറായി വിജയന് സമർപ്പിക്കുന്നു

## മന്ത്രിസഭാ പുനസംഘടന ഉടൻ

തിരുവനന്തപുരം: നിയുക്ത എംപി കെ. രാധാകൃഷ്ണൻ മന്ത്രിസ്ഥാനം രാജിവച്ചതോടെ സംസ്ഥാന മന്ത്രി സഭ ഉടൻ പുനസംഘടിപ്പിക്കും. പുതിയ മന്ത്രി ആരാകണമെന്നതു സംബന്ധിച്ച് സിപിഎം നേതൃയോഗത്തിൽ തീരുമാനമുണ്ടാകും.

പട്ടിക വിഭാഗത്തിൽനിന്നുള്ള മന്ത്രി രാജിവച്ചതിനാൽ അതേ വിഭാഗത്തിൽ നിന്നു തന്നെ മന്ത്രവരണമെന്നാണ് ഒരു വിഭാഗത്തിൻറെ ആവശ്യം. ഒ.ആർ.കേളു, കെ.എം.സച്ചിൻദേവ്, പി.വി.ശ്രീനിജൻ എന്നിവരുടെ പേരുകൾ മന്ത്രിസ്ഥാനത്തേക്ക് പരിഗണിക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

വയനാട് ജില്ലയിലെ മുതിർന്ന നേതാവ് ഒ.ആർ.കേളു നിലവിൽ പട്ടികജാതി, പട്ടികവർഗ പിന്നാക്ക ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ ചെയർമാൻ കൂടിയാണ്. മന്ത്രിസഭയിലേക്ക് യുവാക്കൾക്ക് അവസരം നൽകാൻ തീരുമാനിക്കുകയാണെങ്കിൽ സച്ചിൻദേവിന് നറുക്കുവീണേക്കുമെന്ന് സൂചനയുണ്ട്. കെ.രാധാകൃഷ്ണൻ രാജിവച്ചതോടെ ചേലക്കര ഉപതെരഞ്ഞെടുപ്പിനെ കുറിച്ചും പാർട്ടിയിൽ പ്രാഥമിക ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞു. 1996 മുതൽ രാധാകൃഷ്ണൻ വിജയിച്ച മണ്ഡലമാണ് ചേലക്കര. 2016ലെ തെരഞ്ഞെടുപ്പിൽ രാധാകൃഷ്ണൻ മത്സരരംഗത്തു നിന്ന് മാറി നിന്നപ്പോൾ സിപിഎമ്മിലെ യു.ആർ.പ്രദീപാണ് വിജയിച്ചത്. 2021 ൽ സിറ്റിംഗ് എംഎൽഎയായിരുന്ന പ്രദീപിനെ മാറ്റിയാണ് കെ.രാധാകൃഷ്ണൻ വീണ്ടും മത്സരിച്ച് വിജയിച്ചത്. രണ്ടാം പിണറായി മന്ത്രിസഭയിൽ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പ്, ദേവസ്വം, പാർലമെൻററികാര്യ വകുപ്പ് മന്ത്രിയായിരിക്കെയാണ് ആലത്തൂർ തിരികെ പിടിക്കാൻ പാർട്ടി അദ്ദേഹത്തെ ദൗത്യം ഏൽപ്പിച്ചത്.



## ഹാരിസ് ബീരാൻ, ജോസ് കെ. മാണി, പി.പി. സുനീർ എന്നിവർ എതിരില്ലാതെ രാജ്യസഭയിലേക്ക്

തിരുവനന്തപുരം: കേരളത്തിൽ ഒഴിവുള്ള മൂന്ന് രാജ്യസഭാ സീറ്റിലേക്ക് ഹാരിസ് ബീരാൻ, ജോസ് കെ.മാണി, പി.പി.സുനീർ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയം ഇന്ന് മൂന്നിന് അവസാനിച്ചിരുന്നു. ഇതോടെയാണ് മൂവരെയും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചത്.

25നായിരുന്നു തെരഞ്ഞെടുപ്പ് തീരുമാനിച്ചിരുന്നത്. ഹാരിസ് ബീരാൻ യുഡിഎഫ് പ്രതിനിധിയായും ജോസ് കെ.മാണി, പി.പി.സുനീർ എന്നിവർ എൽഡിഎഫ് പ്രതിനിധിയായിട്ടാണ് രാജ്യസഭയിലേക്ക് എത്തുന്നത്. എറണാകുളം ആലുവ സ്വദേശിയായ ഹാരിസ് ബീരാൻ സുപ്രീംകോടതി അഭിഭാഷകനാണ്. 2011 മുതൽ ഡൽഹി കെഎംസിസിയുടെ പ്രസിഡൻറുമാണ്.

ജോസ് കെ.മാണി നിലവിൽ രാജ്യസഭാ എംപിയാണ്. കോട്ടയം പാർലമെൻറ് മണ്ഡലത്തിലെ എംപി സ്ഥാനം രാജിവച്ചാണ് ജോസ് കെ.മാണി രാജ്യസഭയിലേക്ക് എത്തുന്നത്. കേരള കോൺഗ്രസ് എം ചെയർമാനായ ജോസ് കെ.മാണി കേരളാ യൂത്ത് ഫ്രണ്ടിലൂടെയാണു മുഖ്യധാര രാഷ്ട്രീയത്തിലേക്ക് എത്തിയത്.

പൊന്നാനി സ്വദേശിയായ സുനീർ സിപിഐ സംസ്ഥാന അസിസ്റ്റൻറ് സെക്രട്ടറിയാണ്. നിലവിൽ ഹൗസിംഗ് ബോർഡ് വൈസ് ചെയർമാനാണ്. സിപിഐ മലപ്പുറം ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ച സുനീർ 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധിക്കെതിരെ മത്സരിച്ചിരുന്നു.

ജോസ് കെ.മാണി, എളമരം കരീം, ബിനോയ് വിശ്വം എന്നിവരുടെ രാജ്യസഭാ കാലാവധി അവസാനിച്ചതോടെയാണ് കേരളത്തിൽ മൂന്ന് ഒഴിവുവന്നത്.

## ഇടിമിന്നലേറ്റ് രണ്ട് തൊഴിലുറപ്പ് തൊഴിലാളികൾ മരിച്ചു

കൊല്ലം: പുനലൂർ മണിയാറിൽ ഇടിമിന്നലേറ്റ് രണ്ട് തൊഴിലുറപ്പ് തൊഴിലാളികൾ മരിച്ചു. ഇടക്കുന്നം സ്വദേശികളായ സരോജം, രജനി എന്നിവരാണ് മരിച്ചത്.

ഇന്ന് ഉച്ചയോടെയാണ് അപകടം.സ്വകാര്യ വ്യക്തിയുടെ പറമ്പിൽ തൊഴിലുറപ്പ് ജോലിക്കെത്തിയതാണ് ഇരുവരും. ശക്തമായ മഴ പെയ്തപ്പോൾ നനയാത്ത സ്ഥലത്തേക്ക് കയറി നിൽക്കുമ്പോളാണ് മിന്നലേറ്റത്. ഇരുവരെയും ഉടനെ പുനലൂരിലെ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## ചരിത്രപരമായ ഉത്തരവിറക്കി പടിയിറക്കം

തിരുവനന്തപുരം: നിയുക്ത എംപി കെ. രാധാകൃഷ്ണൻ മന്ത്രിസ്ഥാനം രാജിവെച്ചു. ക്ലിഫ് ഹൗസിലെത്തി മുഖ്യമന്ത്രി പിണറായി വിജയന് രാജിക്കത്ത് കൈമാറി. ആലത്തൂർ മണ്ഡലത്തിൽ നിന്നും ലോക്സഭയിലേക്ക് വിജയിച്ചതിനെത്തുടർന്നാണ് രാധാകൃഷ്ണൻറെ രാജി.

നിയമസഭാംഗത്വം രാജിവെച്ചു കൊണ്ടുള്ള കത്ത് സ്പീക്കർ ഷംസീറിനും രാധാകൃഷ്ണൻ ഇന്ന് നൽകും. നിലവിൽ രണ്ടാം പിണറായി മന്ത്രിസഭയിൽ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പ്, ദേവസ്വം, പാർലമെൻററികാര്യ വകുപ്പ് മന്ത്രിയായിരുന്നു അദ്ദേഹം.

രാജിയ്ക്ക് മുൻപ് ചരിത്രപരമായ ഉത്തരവ് അദ്ദേഹം ഇറക്കി. പട്ടിക വിഭാഗക്കാർ കൂട്ടത്തോടെ താമസിക്കുന്ന പ്രദേശങ്ങൾ കോളനികൾ എന്നറിയപ്പെടുന്നത് ഒഴിവാക്കാനാണ് തീരുമാനം. പുതിയ ഉത്തരവനുസരിച്ച് കോളനികൾ ഇനി നഗർ എന്നറിയപ്പെടും. സങ്കേതം എന്ന പേര് ഉന്നതി എന്നും ഊര് പ്രകൃതി എന്നുമാക്കി.

ഓരോ പ്രദേശത്തും താല്പര്യമുള്ള കാലാനുസൃതമായ പേരുകളും ഉപയോഗിക്കാം. തർക്കങ്ങൾ ഒഴിവാക്കാൻ വ്യക്തികളുടെ പേരിടുന്നത് പരമാവധി ഒഴിവാക്കാൻ ഉത്തരവിൽ നിർദേശിക്കുന്നു.

## ട്രോളിംഗ് നിരോധനം ലംഘിച്ച് മീൻപിടിത്തം; വള്ളങ്ങൾ പിടികൂടി

കൊല്ലം: ട്രോളിംഗ് നിരോധനം ലംഘിച്ച് മീൻപിടിച്ച വള്ളങ്ങൾ ഫിഷറീസ് എൻഫോഴ്സ്മെൻറ് സ്ക്വാഡ് പിടികൂടി. ചൊവ്വാഴ്ച മുതലപ്പൊഴി പാലത്തിനു സമീപം നടത്തിയ പരിശോധനയിലാണ് വള്ളങ്ങൾ പിടിച്ചെടുത്തത്.

ചിറയിൻകീഴ് അസിസ്റ്റൻറ് ഫിഷറിസ് എക്സ്റ്റൻഷൻ ഓഫീസർ വിഷ്ണു, കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥരായ അമൃത് ലാൽ തുടങ്ങിയവർ പരിശോധനയിക്കു നേതൃത്വം നൽകി.

അഞ്ച് തൊഴിലാളികളായിരുന്നു വള്ളങ്ങളിലുണ്ടായിരുന്നത്. വർക്കല ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മേൽനടപടികൾ സ്വീകരിച്ചു. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് അധികൃതർ പറഞ്ഞു.

# എൻ.ഡി.എ സർക്കാർ തകരാൻ ചെറിയ അസ്വാരസ്യംമതി: രാഹുൽ



## സഖ്യകക്ഷികളിലൊന്നുമായി ബന്ധപ്പെട്ടുകഴിഞ്ഞു

ന്യൂഡൽഹി: നേരിയ അസ്വാരസ്യംപോലും കേന്ദ്രം ഭരിക്കുന്ന എൻ.ഡി.എ. സർക്കാരിനെ തകർക്കുമെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. മറുകണ്ടംചാടാൻ തയ്യാറായിരിക്കുന്നവർ എൻ.ഡി.എയിലുണ്ടെന്നും മോദി ക്യാമ്പിൽ വലിയ അതൃപ്തി നിലനിൽക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. എൻ.ഡി.എയിലെ ഒരു സഖ്യകക്ഷി തങ്ങളുമായി ബന്ധപ്പെട്ടുകഴിഞ്ഞെന്നും അദ്ദേഹം വെളിപ്പെടുത്തി. എന്നാൽ, ഈ കക്ഷിയുടെ പേര് അദ്ദേഹം വെളിപ്പെടുത്തിയില്ല. ഒരു ദേശീയ മാധ്യമത്തോട് സംസാരിക്കുകയായിരുന്നു രാഹുൽ.

'ഇന്ത്യൻ രാഷ്ട്രീയത്തിൽ സുപ്രധാനമായ മാറ്റമാണ് ഉണ്ടായിരിക്കുന്നത്. മോദി എന്ന ആശയവും മോദിയുടെ പ്രതിച്ഛായയും നശിച്ചുകഴിഞ്ഞു. ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യ സഖ്യം എൻ.ഡി.എയ്ക്കെതിരെ കരുത്തുറ്റ പോരാട്ടമാണ് നടത്തിയത്. ഒറ്റയ്ക്ക് ഭൂരിപക്ഷം നേടാനാകാതെ ബി.ജെ.പി. 240 സീറ്റിലേക്ക് കൂപ്പുകുത്തി. ഇപ്പോൾ ഭരണത്തിലുള്ള എൻ.ഡി.എ. സഖ്യം വളരെ കഷ്ടപ്പെടും. കാരണം, 2014ലും 2019ലും നരേന്ദ്രമോദിയെ സഹായിച്ച ഘടകം ഇപ്പോൾ ഇല്ല', രാഹുൽ പറഞ്ഞു.

'കഴിഞ്ഞ പത്ത് വർഷം അയോധ്യയേക്കുറിച്ച് മാത്രം പറഞ്ഞുകൊണ്ടിരുന്ന പാർട്ടി അയോധ്യയിൽനിന്ന് തൂത്തെറിയപ്പെട്ടു. മതവിദ്വേഷമുണ്ടാക്കുക എന്ന ബി.ജെ.പിയുടെ മൗലികമായ ആശയം തകരുകയാണ് യഥാർഥത്തിൽ സംഭവിച്ചത്. നീതിന്യായ സംവിധാനം, മാധ്യമങ്ങൾ തുടങ്ങി സകല സംവിധാനങ്ങളും പ്രതിപക്ഷത്തിനുമുന്നിൽ വാതിലടച്ചു. അതിനാൽ ഞങ്ങൾ നേരിട്ട് ജനങ്ങളിലേക്ക് ഇറങ്ങി. ഭാരത് ജോഡോ യാത്രകളിൽ നിന്ന് ലഭിച്ച ഒട്ടേറെ ആശയങ്ങൾ ഈ തിരഞ്ഞെടുപ്പിൽ വിജയിച്ചു. അതെല്ലാം ഞങ്ങളുടെ ആശയങ്ങളായിരുന്നില്ല, ജനങ്ങളിൽ നിന്ന് ലഭിച്ചതാണ്', രാഹുൽ ഗാന്ധി പറഞ്ഞു. കൈകൾ പിന്നിൽ കെട്ടിയിടപ്പെട്ട അവസ്ഥയിലാണ് തങ്ങൾ തിരഞ്ഞെടുപ്പിനെ നേരിട്ടതെന്നും ചെയ്യേണ്ടത് എന്താണെന്ന് ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾക്ക് അറിയാമായിരുന്നുവെന്നും രാഹുൽ കൂട്ടിച്ചേർത്തു.

## ഇൻസ്റ്റഗ്രാം ഇൻഫ്ലുവൻസറുടെ ആത്മഹത്യ; ആൺസുഹൃത്ത് അറസ്റ്റിൽ

തിരുവനന്തപുരം: ഇൻസ്റ്റഗ്രാം ഇൻഫ്ലുവൻസറായ പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ ആൺസുഹൃത്ത് അറസ്റ്റിൽ. നെടുമങ്ങാട് സ്വദേശി ബിനോയ് (21) ആണ് അറസ്റ്റിലായത്. പോക്സോ നിയമപ്രകാരമാണ് പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്തത്.

ഇയാളുടെ മേൽ ആത്മഹത്യാ പ്രേരണാക്കുറ്റം ചുമത്തുമെന്ന് പോലീസ് പറഞ്ഞു. മരണത്തിനു പിന്നിൽ സൈബർ ആക്രമണമല്ലെന്നും നെടുമങ്ങാട്ടെ ഇൻഫ്ലുവൻസറെ സംശയിക്കുന്നതായും പെൺകുട്ടിയുടെ മാതാപിതാക്കൾ പോലീസിൽ മൊഴി നൽകിയിരുന്നു.

വീട്ടിൽ മുമ്പ് സ്ഥിരമായി വരാറുണ്ടായിരുന്ന ഇയാൾ രണ്ടു മാസമായി വീട്ടിൽ വരുന്നില്ലെന്നും പെൺകുട്ടിയുടെ ബന്ധുക്കൾ പറഞ്ഞു. തൃക്കണ്ണാപുരം ഞാലിക്കോണം സ്വദേശിയാണ് മരിച്ച പെൺകുട്ടി. തിരുവനന്തപുരത്തെ സർക്കാർ സ്കൂളിലെ പ്ലസ് ടു വിദ്യാർഥിനിയായിരുന്നു.

കഴിഞ്ഞ തിങ്കളാഴ്ചയാണ് വിദ്യാർഥിനി വീട്ടിനുള്ളിൽ ആത്മഹത്യയ്ക്ക് ശ്രമിച്ചത്. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ കഴിഞ്ഞ ദിവസം മരണം സംഭവിക്കുകയായിരുന്നു.

## നീറ്റ് ക്രമക്കേട്; കേന്ദ്രത്തിനും എൻടിഎക്കും വീണ്ടും നോട്ടീസയച്ച് സുപ്രീംകോടതി

ന്യൂഡൽഹി: നീറ്റ് പരീക്ഷാ ക്രമക്കേടിൽ കേന്ദ്ര സർക്കാരിനും നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്കും (എൻടിഎ) വീണ്ടും നോട്ടീസയച്ച് സുപ്രീംകോടതി. ചോദ്യപേപ്പർ ചോർന്നെന്ന് അടക്കമുള്ള ആരോപണങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടാണ് നോട്ടീസ്.

നീറ്റ് പരീക്ഷയിൽ ഏറ്റവും ചെറിയ അശ്രദ്ധയുണ്ടായെങ്കിൽ പോലും അത് ഏറെ ഗൗരവത്തോടെ കാണണമെന്ന് കോടതി നിരീക്ഷിച്ചു. വീഴ്ചയുണ്ടായെങ്കിൽ അത് അംഗീകരിക്കുകയും പരിഹരിക്കുകയും വേണമെന്നും പരീക്ഷ നടത്തുന്ന എൻടിഎയോട് കോടതി പറഞ്ഞു.

പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട പരാതിയിൽ എൻടിഎ സമയബന്ധിതമായി ഇടപെടണം. രാജ്യത്തെ ഏറ്റവും ബുദ്ധിമുട്ടുള്ള പരീക്ഷളിലൊന്നായ നീറ്റിന് വേണ്ടി തയാറെടുത്ത കുട്ടികളുടെ കഠിധ്വാനത്തെ വിലകുറച്ച് കാണരുത്. കള്ളത്തരം കാട്ടി ഡോക്ടറാകുന്ന ആൾ സമൂഹത്തിന് എത്രത്തോളം അപകടകാരിയായി മാറുമെന്ന കാര്യം ചിന്തിക്കണമെന്നും കോടതി വ്യക്തമാക്കി.

## മോദിയും പിണറായിയും ഒരുപോലെ: വി. എം. സുധീരൻ

ഒറ്റപ്പാലം: പ്രവർത്തനങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും മുഖ്യമന്ത്രി പിണറായി വിജയനും ഒരേനാണയത്തിൻറെ ഇരുവശങ്ങളാണെന്ന് കെപിസിസി മുൻ പ്രസിഡൻറ് വി. എം. സുധീരൻ ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് അതാണ് കാണിക്കുന്നതെന്ന് കോൺഗ്രസ് നേതാവായിരുന്ന പി. ബാലൻറെ അനുസ്മരണസമ്മേളനം ഒറ്റപ്പാലത്ത് ഉദ്ഘാടനം ചെയ്ത് സുധീരൻ പറഞ്ഞു.

ഭരണഘടനയെ വെല്ലുവിളിച്ചിരുന്ന മോദി അതേ ഭരണഘടനയെ തൊഴുത് ചുംബിക്കുന്ന നിലയിലേക്ക് എത്തിച്ചത് കോൺഗ്രസാണ്. അദാനിയെ വിമർശിച്ചതിൻറെ പേരിൽ രാഹുൽ ഗാന്ധിയെ പാർലമെൻറിൽ നിന്നു തന്നെ പുറത്താക്കിയ ഏകാധിപത്യ ശൈലി ഇനി നടക്കില്ലെന്ന ജനങ്ങളുടെ പ്രഖ്യാപനമായിരുന്നു തെരഞ്ഞെടുപ്പ് വിധി.

കേരളത്തിൽ സിപിഎമ്മിനും സംഭവിച്ചത് അതാണ് സുധീരൻ പറഞ്ഞു.

കോൺഗ്രസിൽ സമാനതകളില്ലാത്ത നേതാവായിരുന്നു പി. ബാലൻ. നിലപാടുകളിൽ തെല്ലുപോലും മായം ചേർക്കാതെ ത്യാഗനിർഭരമായി കോൺഗ്രസിനെ വളർത്തിയെടുത്ത ശൈലി പുതുതലമുറയിലെ പാർട്ടിപ്രവർത്തകർ പിന്തുടരണമെന്നും വി. എം. സുധീരൻ പറഞ്ഞു.

യോഗത്തിൽ മുൻ മന്ത്രി വി. സി. കബീർ അധ്യക്ഷനായി. സി. പി. മുഹമ്മദ് മുഖ്യപ്രഭാഷണം നടത്തി.

## സാമുവേൽ മാർ തെയോഫിലോസ് ബിലീവേഴ്സ് സഭാധ്യക്ഷൻ

തിരുവല്ല: ബിലീവേഴ്സ് ഈസ്റ്റേൺ സഭയുടെ പുതിയ അധ്യക്ഷനായി ചെന്നൈ ആർച്ച് ഡയോസിസ് അധ്യക്ഷൻ സാമുവേൽ മാർ തെയോഫിലോസ് തെരഞ്ഞെടുക്കപ്പെട്ടു. സഭാധ്യക്ഷനായിരുന്നു റവ.ഡോ. കെ.പി. യോഹന്നാൻ (മാർ അത്തനേഷ്യസ് യോഹാൻ പ്രഥമൻ) അന്തരിച്ചതിനെത്തുടർന്നാണ് പുതിയ അധ്യക്ഷനെ കഴിഞ്ഞദിവസം സഭയുടെ എപ്പിസ്കോപ്പൽ സിനഡ് യോഗം ചേർന്നു തെരഞ്ഞെടുത്തത്.

പുതിയ സഭാധ്യക്ഷൻറെ സ്ഥാനാരോഹണം 22ന് രാവിലെ എട്ടിന് സഭ ആസ്ഥാനമായ കുറ്റപ്പുഴ സെൻറ് തോമസ് കത്തീഡ്രലിൽ നടക്കും. എപ്പിസ്കോപ്പൽ സിനഡിൻറെ പുതിയ സെക്രട്ടറിയായി ജോഷ്വാ മാർ ബർണബാസിനെയും തെരഞ്ഞെടുത്തു. കുറ്റപ്പുഴയിലെ



ബിലീവേഴ്സ് ചർച്ച കൺവൻഷൻ സെൻററിന് മാർ അത്തനേഷ്യസ് യോഹാൻ സ്മാരകം എന്നു നാമകരണം ചെയ്യാനും യോഗം തീരുമാനിച്ചു. സഭയുടെ സീനിയർ എപ്പിസ്കോപ്പ കൂടിയായ സാമുവേൽ മാർ തെയോഫിലോസ് റാന്നി കീക്കൊഴൂർ ഓറേത്ത് കൈതപ്പതാലിൽ കുടുംബാംഗമാണ്. 1959 ഓഗസ്റ്റ് 27നാണ് ജനനം. നിലവിൽ ചെന്നൈ ആർച്ച് ഡയോസിസ് അധ്യക്ഷനായ മാർ തെയോഫിലോസ് സഭാധ്യക്ഷൻറെ താത്കാലിക ചുതമലയും നിർവഹിച്ചു വരികയായിരുന്നു.

17ാം വയസിൽ മിഷണറി പ്രവർത്തനത്തിനിറങ്ങിയ അദ്ദേഹം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു. ബിലീവേഴ്സ് ചർച്ച സെമിനാരിയുടെ സ്ഥാപക പ്രിൻസിപ്പലായി 10 വർഷം സേവനം ചെയ്തു. 20042007 കാലയളവിൽ സഭയുടെ ജനറൽ സെക്രട്ടറി ആയിരുന്നു. മേജർ സെമിനാരി പ്രിൻസിപ്പലായി 20072008ൽ പ്രവർത്തിച്ചു. 1997ൽ വൈദികനും 2006ൽ എപ്പിസ്കോപ്പയുമായി. 2013 17 വർഷം സിനഡ് സെക്രട്ടറിയായിരുന്നു

# പാഠപുസ്തകങ്ങളിൽ ശുചിത്വവും മാലിന്യ സംസ്കരണവും




*മൂന്നാം ക്ലാസിലെ പരിസരപഠനം പാഠപുസ്തകത്തിൽ വിവിധ തരം മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി വിവിധ തരം ബിന്നുകൾ ഉപയോഗിക്കുന്നത് വിശദീകരിക്കുന്നു.*

തിരുവനന്തപുരം: സുസ്ഥിര മാലിന്യസംസ്കരണത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകുന്ന പാഠഭാഗങ്ങളും പാഠ്യപദ്ധതിയുമായി വിദ്യാഭ്യാസ വകുപ്പ്. മാലിന്യ മുക്തം നവകേരളം കാമ്പയിൻറെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളുടെ ഭാഗമാണ് പാഠ്യപദ്ധതിയിലെ ഈ പരിഷ്കാരം.

സംസ്ഥാനത്തെ എസ് സി ഇ ആർ ടി സിലബസിലുള്ള 9,7,5,3 ക്ലാസുകളിലെ പുസ്തകങ്ങളിലാണ് മാലിന്യസംസ്കരണത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകുന്ന പാഠഭാഗങ്ങളുള്ളത്. ഒൻപതാം ക്ലാസിലെ ജീവശാസ്ത്രം, ഏഴാം ക്ലാസിലെ ഹിന്ദി പാഠാവലി, അഞ്ചാം ക്ലാസിലെ അടിസ്ഥാന ശാസ്ത്രം, മൂന്നാം ക്ലാസിലെ മലയാളം, പരിസരപഠനം എന്നീ പുസ്തകങ്ങളിലാണ് പാഠഭാഗങ്ങളുള്ളത്.കുട്ടികളിലെ സ്വഭാവ രൂപീകരണ വേളയിൽ തന്നെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിപ്പിക്കുക, കുട്ടികളുടെ ശൈലി രൂപീകരണത്തിന് സഹായകമാകുന്ന വിധത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുക എന്നിവ മാലിന്യ മുക്തം നവകേരളം കാമ്പയിൻറെ ഏറെനാളായുള്ള ആവശ്യമാണ്. കേരള ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ എന്നിവയും ഇതിൻറെ ഭാഗമാണ്.

കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുന്നതിനും മാലിന്യ സംസ്കരണ പരിസര ശുചിത്വ വിഷയങ്ങളിൽ അവബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ഇതിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു. വി ജോസ് പറഞ്ഞു. 'എൻറെ വിദ്യാലയം ശുചിത്വവിദ്യാലയം' എന്ന തലക്കെട്ടോടുകൂടി തുടങ്ങുന്ന പാഠഭാഗത്തിൽ സ്വന്തം വിദ്യാലയത്തിൻറെ ശുചിത്വ നിലവാരം വിലയിരുത്താനുള്ള പട്ടികകളും മാലിന്യ പരിപാലനത്തിൻറെ അടിസ്ഥാന മാനദണ്ഡങ്ങളും നല്കിയിട്ടുണ്ട്. മാലിന്യം വലിച്ചെറിഞ്ഞാലുണ്ടാകുന്ന ദൂഷ്യഫലങ്ങളും അനുബന്ധ വിഷയങ്ങളും ഉൾപ്പെടുത്തിയുള്ള പാഠഭാഗങ്ങളിലൂടെ വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കാനും സാധിക്കും.

ശുചിത്വത്തിൻറെ ആദ്യക്ഷരങ്ങൾ ചെറുപ്രായത്തിലേ ശീലിപ്പിക്കുന്നത് ലക്ഷ്യമാക്കിയുള്ള വിവരങ്ങളാണ് പാഠഭാഗങ്ങളിലുള്ളത്. മാലിന്യങ്ങളുടെ ഉറവിടത്തിലെ തരംതിരിക്കൽ, ഇതിനായി വ്യത്യസ്ത ബിന്നുകൾ ഉപയോഗപ്പെടുത്തൽ, ഭക്ഷണ മാലിന്യങ്ങൾ കമ്പോസ്റ്റിംഗിലൂടെ വളമാക്കി മാറ്റൽ എന്നിവ ഇതിൽ പ്രതിപാദിക്കുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യരുതെന്നും പാഠഭാഗത്തിലൂടെ കുട്ടികളെ ഓർമ്മിപ്പിക്കുന്നു. സമൂഹത്തിൽ ശരിയായ മാലിന്യ സംസ്കരണ സംസ്കാരം വളർത്തുന്നതിൽ കുട്ടികളെ പങ്കാളികളാക്കാനും വരും തലമുറയിൽ മാലിന്യ സംസ്കരണ സംസ്കാരം വളർത്തിയെടുക്കാനും സാധ്യമാവുന്ന തരത്തിലാണ് പാഠഭാഗം ചിട്ടപ്പെടുത്തിയിട്ടുള്ളത്.



*ഉന്നതി പരിപാടി ഉദ്ഘാടനം*

# ഗോത്രവർഗ്ഗ കുടുംബ കേന്ദ്രങ്ങളെ കോളനികൾ എന്ന് വിശേഷിപ്പിക്കുന്നത് ഒഴിവാക്കും: മന്ത്രി കെ. രാധാകൃഷ്ണൻ

## മന്ത്രി എന്ന നിലയിലെ അവസാന പരിപാടി

ഗോത്രവർഗ്ഗ കുടുംബ കേന്ദ്രങ്ങളെ കോളനികൾ എന്ന് വിശേഷിപ്പിക്കുന്നത് ഒഴിവാക്കുമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ. പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾക്ക് കോളനി എന്ന പേര് നൽകുന്നതിന് പകരം എന്തു പേര് വേണമെന്ന് ആ പ്രദേശത്തുള്ളവർക്ക് തീരുമാനിക്കാമെന്നും മന്ത്രി പറഞ്ഞു. ഉന്നതി എംപവർമെന്റ് സൊസൈറ്റി ഓഫീസ് നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നോളജ് സിറ്റി പ്രഖ്യാപനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ക്ഷേമ പ്രവർത്തനങ്ങൾ മാത്രം നടത്താതെ അവരെ സംരംഭകരാക്കി വളർത്തുക കൂടിയാണ് ഉന്നതി പദ്ധതിയുടെ ലക്ഷ്യം. മികച്ച പഠനം നേടിയവർക്ക് സ്വന്തം കാലിൽ നിൽക്കാനുള്ള ശേഷി ഉണ്ടാക്കുകയാണ് ഉന്നതി പദ്ധതിയിലൂടെ ചെയ്യുന്നത്. 691 പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദേശ സർവകലാശാലകളിൽ അയച്ച് പഠിപ്പിക്കാൻ സാധിച്ചു. 255 കുട്ടികൾ ഈ സെപ്റ്റംബറിൽ വിദേശത്തേക്ക് പോകുന്നുണ്ട്. 150 ഗോത്രവർഗ്ഗ കുട്ടികൾ എയർഹോസ്റ്റസുമാരായി ജോലി ചെയ്യുന്നു. ഗോത്രവർഗ്ഗ യുവാക്കളെ പൈലറ്റുമാരാക്കുന്നതിനുള്ള വിംഗ്സ് പദ്ധതിയിലൂടെ കൂടുതൽ പൈലറ്റുമാരെ ഇനിയും സൃഷ്ടിക്കും. അന്താരാഷ്ട്ര വിമാനം പറത്തുന്നതിനുള്ള പരിശീലനം നേടുന്നതിന് അഞ്ച് കുട്ടികൾക്ക് പ്രത്യേക സാമ്പത്തിക സഹായവും നൽകി. 1285 കേന്ദ്രങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ എത്തിച്ചു. 17 കേന്ദ്രങ്ങളിൽ കൂടി വൈദ്യുതി എത്തിയാൽ 100% വൈദ്യുതീകരിക്കപ്പെട്ട ആദ്യ സംസ്ഥാനമായി കേരളം മാറും.അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭിക്കണമെന്ന് തന്നെയാണ് ആഗ്രഹം. എന്നാൽ സാമ്പത്തിക പ്രതിസന്ധി കുറച്ച് പ്രയാസം ഉണ്ടാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.മണ്ണന്തല അംബേദ്കർ ഭവനിൽ നടന്ന ചടങ്ങിൽ വി.കെ പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ വനജ രാജേന്ദ്രബാബു, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മേഘശ്രീ ഡി. ആർ, പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ സജീവ് തുടങ്ങിയവരും പങ്കെടുത്തു.

# പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ : പരാതികൾ നൽകുന്നതിനു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷനിൽ സമർപ്പിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് കാര്യക്ഷമമായ ഇടപെടലുകൾക്ക് കമ്മീഷന് സഹായകരമാകുന്ന വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പുറപ്പെടുവിച്ചു.

കമ്മീഷനിൽ സമർപ്പിക്കുന്ന പരാതികളിൽ പരാതികക്ഷികളുടെ പേരും, പൂർണമായ മേൽവിലാസവും, ജില്ല, പിൻകോഡ് എന്നിവ ഉൾപ്പെടുത്തണം. അപേക്ഷകർ കഴിവതും ഫോൺ / മൊബൈൽ നമ്പർ എന്നിവയും ഇമെയിൽ (ഉണ്ടെങ്കിൽ) വിലാസവും ഉൾപ്പെടുത്തണം. പരാതിക്കാർ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. ജാതി വിവരവും വ്യക്തമാക്കണം. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ തമ്മിലുള്ള വിഷയത്തെ സംബന്ധിച്ചുള്ള പരാതികളിന്മേൽ കമ്മീഷൻ നടപടി സ്വീകരിക്കില്ല. കമ്മീഷനെ നേരിട്ട് അഭിസംബോധന ചെയ്ത് സമർപ്പിക്കുന്ന പരാതികളിൽ മാത്രമേ നിയമപ്രകാരം കമ്മീഷന് നടപടി എടുക്കാൻ സാധിക്കുകയുള്ളൂ. മറ്റ് ഓഫീസുകളെ അഭിസംബോധന ചെയ്ത് സമർപ്പിക്കുന്ന അപേക്ഷകളുടെ പകർപ്പിന് മേൽ കമ്മീഷനിൽ നടപടിയുണ്ടായിരിക്കില്ല.

പരാതി വിഷയം പോലീസ് ഇടപെടലുകൾ ആവശ്യമുള്ളതാണെങ്കിൽ, ഏത് പോലീസ് സ്റ്റേഷൻ പരിധിയിലാണെന്നും, അറിയുമെങ്കിൽ ഏത് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കീഴിലാണ് ഈ സ്റ്റേഷൻ എന്നുമുള്ള വിവരവും ഉൾപ്പെടുത്തണം. പഞ്ചായത്ത് / മുൻസിപ്പാലിറ്റി / നഗരസഭ എന്നിവ സംബന്ധിച്ച പരാതികളിൽ ബന്ധപ്പെട്ട പഞ്ചായത്ത് / മുൻസിപ്പാലിറ്റി / നഗരസഭയുടെ പേര് വിവരങ്ങൾ ഉൾപ്പെടുത്തണം. വസ്തു സംബന്ധമായ പരാതി, വഴി തർക്കം എന്നിവയിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസ് / താലൂക്ക് ഓഫീസ് എന്നിവയുടെ വിവരങ്ങൾ ഉൾപ്പെടുത്തണം.ഏതെങ്കിലും സർക്കാർ സ്ഥാപനത്തിനെതിരെയോ, അർദ്ധസർക്കാർ സ്ഥാപനത്തിനെതിരെയോ ബാങ്കിനെതിരെയോ ആണ് പരാതിയെങ്കിൽ ആ സ്ഥാപനത്തിന്റെ വ്യക്തമായ പേരും മേൽവിലാസവും പരാതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പരാതി ഏതെങ്കിലും വ്യക്തികൾക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ എതിരെയാണെങ്കിൽ അവരുടെ പേരും മേൽവിലാസവും, ലഭ്യമെങ്കിൽ ഫോൺ നമ്പരും പരാതിയിൽ ഉൾപ്പെടുത്തണം. ഇമെയിൽ മുഖാന്തിരവും അല്ലാതെയും സമർപ്പിക്കുന്ന പരാതികളിൽ പരാതികക്ഷി ഒപ്പ് രേഖപ്പെടുത്തണം. ഇമെയിൽ പരാതികളിൽ ഡിജിറ്റൽ സിഗ്നേച്ചർ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണമെന്നും രജിസ്ട്രാർ അറിയിച്ചു.

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടികയുടെ സംക്ഷിപ്ത പുതുക്കൽ ഈ മാസം

സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പുകൾ നടക്കുന്ന വാർഡുകൾ ഉൾപ്പെടെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും വാർഡ് അടിസ്ഥാനത്തിലുള്ള വോട്ടർ പട്ടികയുടെ സംക്ഷിപ്ത പുതുക്കൽ ഈ മാസം (2024 ജൂൺ) പൂർത്തിയാക്കും. കരട് വോട്ടർ പട്ടിക 06.06.2024 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും നിയമസഭ, പാർലമെന്റ് തിരഞ്ഞെടുപ്പുകൾക്കും വ്യത്യസ്ത വോട്ടർ പട്ടികകൾ ആണ് ഉപയോഗിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2024 ആണ്. 2024 ജനുവരി 1 നോ അതിന് മുൻപോ 18 വയസ്സ് തികഞ്ഞവരെ മാത്രമേ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും (ഫാറം 4) തിരുത്തലുകൾ വരുത്തുന്നതിനും (ഫാറം 6) ഒരു വാർഡിൽ നിന്നോ പോളിംഗ് സ്റ്റേഷനിൽ നിന്നോ സ്ഥാന മാറ്റം വരുത്തുന്നതിനും (ഫാറം 7) ലെര.സല്യമഹമ.ഴീ.ശി എന്ന സൈറ്റിൽ ഓൺ ലൈനായി അപേക്ഷ സമർപ്പിക്കണം. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ചോ പേര് ഒഴിവാക്കുന്നത് സംബന്ധിച്ചോ ഉള്ള ആക്ഷേപങ്ങൾ ഫാറം 5 ൽ സമർപ്പിക്കണം. അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന അവസാന തീയതി 21.06.2024 ന് ആണ്.

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി സ്വീകരിച്ച് 29.06.2024 ന് അപ് ഡേഷൻ പൂർത്തിയാക്കും. 01/07/2024 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. വോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ തീരുമാനത്തിനെതിരെ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ് എന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടർ അറിയിച്ചു.

# താൽക്കാലിക നിയമനം

ട്രിഡ വഴി നടപ്പിലാക്കുന്ന നഗര സൗന്ദര്യവൽക്കരണ പദ്ധതി പ്രവർത്തനങ്ങൾക്കായി ചുവടെ വിവരിക്കുന്ന തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. ഇൻഫ്രാസ്ട്രക്ച്ചർ സ്പെഷ്യലിസ്റ്റ്, ക്ലർക്ക്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് / മെസഞ്ചർ തസ്തികകളിലാണ് നിയമനം. വിദ്യാഭ്യാസ യോഗ്യത, ശമ്പളം, അപേക്ഷാഫാറം തുടങ്ങിയ വിവരങ്ങൾക്ക് ട്രിഡ wwwt.rida.kerala.gov.in എന്ന വെബ്സൈറ്റ് പരിശോധിക്കാവുന്നതാണ്. കൂടാതെ പ്രവൃത്തി ദിവസങ്ങളിൽ തിരുവനന്തപുരം വഴുതക്കാടുള്ള ട്രിഡ ഓഫീസിൽ നിന്നും നേരിട്ടറിയാവുന്നതാണ്. (ഫോൺ : 0471 2722748, 2722238, 2723177) അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 ജൂലൈ 6 വൈകിട്ട് അഞ്ചു വരെ.

# വാക്ക് ഇൻ ഇൻറർവ്യൂ

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ മൂന്ന് റസിഡൻഷ്യൽ സ്കൂളുകൾ / നാലു ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അന്തേവാസികളായ വിദ്യാർഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനും കരിയർ ഗൈഡൻസ് നൽകുന്നതിനുമായി 2024 25 അധ്യയന വർഷത്തേക്ക് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. നെടുമങ്ങാട് ഐടിഡിപി ഓഫീസിൽ ജൂൺ 19 രാവിലെ 10. 30നാണ് അഭിമുഖം. യോഗ്യത: എം എ സൈക്കോളജി /എം എസ് ഡബ്ലിയു/ എം എസ് സി സൈക്കോളജി. പ്രായപരിധി 25നും 45 നും മധ്യേ. പ്രതിമാസം 11,000 രൂപ ഓണറേറിയം, 2000 രൂപ യാത്രപ്പടി എന്നിവ ലഭിക്കും. ഒഴിവുകൾ ആകെ 3 (പുരുഷൻ ഒന്ന്, സ്ത്രീ രണ്ട്)

# ഓവുചാൽ നിർമ്മാണം: റോഡ് അടച്ചിടും

അട്ടക്കുളങ്ങര തിരുവല്ലം റോഡ് മുതൽ കരിയത്തോട് വരെയുള്ള ഭാഗത്തെ ഓട നിർമ്മാണം നടക്കുന്നതിനാൽ അട്ടകുളങ്ങര തിരുവല്ലം മുതൽ കരിയത്തോട് വരെയുള്ള റോഡ് ജൂൺ 19ന് അടച്ചിടും.

# പൊതുമേഖല സ്ഥാപനങ്ങളിൽ ഒഴിവ്: അപേക്ഷ ക്ഷണിച്ചു

കേരള സർക്കാരിന്റെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിങ് ഡയറക്ടർ തസ്തിക ഉൾപ്പെടെ വിവിധ ഒഴിവുകളിൽ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് അപേക്ഷ ക്ഷണിച്ചു.

സിഡ്കോ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസസ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ടെക്സ്ഫെഡ്, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, വിവിഡ് (വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) എന്നിവിടങ്ങളിൽ മാനേജിങ് ഡയറക്ടർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കിഫ്കോൺ പ്രൈവറ്റ് ലിമിറ്റഡിൽ (കിഫ്ബി സബ്സിഡിയറി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ഒഴിവുണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.എൽ) ലിമിറ്റഡിലെ വിവിധ തസ്തികകൾ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ കമ്പനി സെക്രട്ടറി തസ്തികകളിലും അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും: kp-ser-b.k-er-a-l-a.gov.in.

# പ്രോജക്ട് അസിസ്റ്റന്റ് നിയമനം

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിൽ നിലവിലുള്ള പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലെ ഒരു ഒഴിവിലേക്ക് കരാർ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന് യോഗ്യരായ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് യോഗ്യത. 2024 ജനുവരി 1ന് 20 വയസ് പൂർത്തീകരിക്കേണ്ടതും 40 വയസ് കവിയാൻ പാടില്ലാത്തതുമാണ്. പ്രതിമാസ വേതനം 19,950 രൂപ. ഒരു വർഷത്തേക്കാണ് കരാർ നിയമനം. ഉദ്യോഗാർഥികൾ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ടവരായിരിക്കണം. ട്രാൻസ്മെൻ വിഭാഗത്തിനും പ്രവർത്തി പരിചയം ഉള്ളവർക്കും മുൻഗണന ലഭിക്കുന്നതാണ്. താൽപര്യമുള്ളവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം ജൂൺ 20 മുതൽ ജൂലൈ 6 വരെ സാമൂഹ്യനീതി ഡയറക്ടറേറ്റ്, അഞ്ചാംനില, വികാസ് ഭവൻ, പി.എം.ജി, തിരുവനന്തപുരം എന്ന വിലാസത്തിൽ സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം.കരാർ നിയമനം ലഭിക്കുന്ന ഉദ്യോഗാർഥികൾ നിർദ്ദിഷ്ട എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷ സാമൂഹ്യനീതി വകുപ്പിന്റെ http://swd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 6.

# കേന്ദ്രമന്ത്രി ജോർജ് കുര്യന് ജന്മനാട്ടിൽ സ്വീകരണം നൽകി

കടുത്തുരുത്തി: സഭകൾ അംഗീകാരം നൽകിയാൽ ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങൾ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ നിലനിർത്തി പരിഹരിക്കാൻ നേതൃത്വം നൽകാമെന്ന് കേന്ദ്രമന്ത്രി ജോർജ് കുര്യൻ. കേരളത്തിലെ പാൽ ഉത്പാദനം വർധിപ്പിക്കണമെങ്കിൽ കൂടുതൽ ഡയറി ഫാമുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾക്ക് ത്രിതല പഞ്ചായത്തുകൾ മുൻഗണന നൽകണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. നമ്പ്യാകുളം പൗരാവലിയുടെയും നാട്ടുകാരുടെയും കാണക്കാരി പഞ്ചായത്തിൻറെയും വിവിധ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ നമ്പ്യാകുളത്ത് നൽകിയ സ്വീകരണസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മന്ത്രി.

തൊഴിലാളികളെ ഉപയോഗപ്പെടുത്തി ഫാമുകളിൽ കൂടുതൽ പശുക്കളെ പരിപാലിച്ചാൽ മാത്രമേ സംസ്ഥാനത്ത് പാൽ ഉത്പാദനം വർധിപ്പിക്കാനാവൂ. ഇതിനായി കേന്ദ്രസർക്കാരിൻറെ ഗോകുൽ മിഷൻ പോലുള്ള പദ്ധതികളുണ്ട്. 60 ശതമാനം ഫണ്ടും കേന്ദ്രസർക്കാരാണ് നൽകുന്നത്. എന്നാൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തയാറാവണം.

കൃത്രിമ പാൽ ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ ഉത്പന്നങ്ങൾ വിപണിയിൽ സജീവമാണ്. ഇവ വലിയ അപകടമുണ്ടാക്കുന്നവയാണ്. ഇത്തരത്തിൽ കൃത്രിമമായ പാൽ ഉത്പാദിപ്പിക്കുന്നവരെയും ഇതുപയോഗിച്ചു വിഭവങ്ങൾ ഉണ്ടാക്കുന്നവരെയും കണ്ടെത്തി നിയന്ത്രിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

വിവിധ കാർഷിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും പരിഹാരം കാണാൻ ശ്രമിക്കുമെന്ന് വ്യക്തമാക്കിയ മന്ത്രി തീരദേശ മേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിവിധ വിഷയങ്ങൾ പരിഹരിക്കാനും ശ്രമങ്ങൾ നടത്തുമെന്നും പറഞ്ഞു. നമ്പ്യാകുളം സെൻറ് തോമസ് പള്ളി പാരിഷ് ഹാളിൽ നടന്ന സമ്മേളനം കോതനല്ലൂർ ഫൊറോനാ പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ പടിക്കകുഴുപ്പിൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോസഫ് വടക്കേനെല്ലിക്കാട്ടിൽ അധ്യക്ഷത വഹിച്ചു.ഫാ. ജോസ് വടക്കേക്കുറ്റ്, ഫാ. ജോസഫ് മയിലപ്പറമ്പിൽ, കാണക്കാരി പഞ്ചായത്ത് പ്രസിഡൻറ് അംബിക സുകുമാരൻ, വൈസ് പ്രസിഡൻറ് ബിജു പഴയപുര, പഞ്ചായത്തംഗം ജോർജ് ഗർവാസീസ് കുറ്റിക്കാട്ടുകുന്നേൽ, ബ്ലോക്ക് മെമ്പർമാരായ ആശാമോൾ ജോബി, കൊച്ചുറാണി സെബാസ്റ്റ്യൻ, ജോയി ഗർവാസീസ് വെള്ളാമറ്റം, കെ.ടി. ജോൺ കുപ്പത്താനം, രാകേഷ് പുറമറ്റം, സഖറിയാസ് സേവ്യർ നെല്ലിത്താനത്തുകാലായിൽ, സി.ജി. കൃഷ്ണകുമാർ തുങ്ങിയവർ പ്രസംഗിച്ചു. രാവിലെ നമ്പ്യാകുളം ഇടവകയുടെ നേതൃത്വത്തിലും മന്ത്രിക്ക് സ്വീകരണം നൽകി.

# കോടിമത രണ്ടാംപാലം: നിർമാണം പുനരാരംഭിക്കുന്നു

കോട്ടയം: ഒമ്പത് വർഷമായി പാതിവഴിയിൽ മുടങ്ങിയ കോടിമത രണ്ടാംപാലത്തിൻറെ നിർമാണം ഉടൻ ആരംഭിക്കും. പഴയ കരാറുകാരനു തന്നെയാണു പുതിയ നിർമാണച്ചുമതല. 10 കോടിയിൽ നിർമാണം പൂർത്തിയാകേണ്ടിയിരുന്ന പാലത്തിന് ഇപ്പോൾ 17 കോടിയാണ് ചെലവ് കണക്കാക്കുന്നത്.

അധികമായി 6.50 കോടി രൂപ നിർമാണച്ചെലവ് പ്രതീക്ഷിക്കുന്നു. ഇതോടെയാണ് മൊത്തം നിർമാണചെലവ് 17 കോടി രൂപയായി ഉയർന്നത്.

തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരിക്കെയാണു പാലം നിർമാണം തുടങ്ങിയത്. പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസും തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎയും കഴിഞ്ഞദിവസം നടത്തിയ ചർച്ചയിലാണു പാലം പണി പുനരാരംഭിക്കാൻ ധാരണയായത്. ഇതുപ്രകാരം കരാർ നൽകി.

18 മാസം നിർമാണ കാലാവധി നിശ്ചയിച്ച് 2015 ഓഗസ്റ്റിലായിരുന്നു കോടിമത രണ്ടാംപാലത്തിൻറെ നിർമാണമാരംഭിച്ചത്. കോടിമത ഭാഗത്തെ എംസി റോഡ് വികസനത്തോടൊപ്പം പാലവും പൂർത്തിയാക്കാനായിരുന്നു ശ്രമം.

പാലത്തിനു താഴെയായി താമസിച്ചിരുന്ന രണ്ടു കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കാനുള്ള അധികൃതരുടെ ശ്രമം ഫലം കാണാഞ്ഞതിനെത്തുടർന്ന് നിർമാണം പാതിവഴിയിൽ നിലച്ചു. കെഎസ്ടിപി നിശ്ചയിച്ച നഷ്ടപരിഹാരത്തുക കുറവായതിനാലാണ് ഇവർ എതിർപ്പുന്നയിച്ചത്. ഇതോടെ നിർമാണം നീണ്ടു.

കളക്ടർ ഉൾപ്പെടെയുള്ളവർ ഇടപെട്ടിട്ടും പരിഹാരമാകാതിരുന്നതോടെ 2017 മേയിൽ പദ്ധതി താത്കാലികമായി നിർത്തിവച്ചു. ഇതിനിടെ എംസി റോഡ് നവീകരണം കെഎസ്ടിപി പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിനു കൈമാറിയതോടെ പകുതി നിർമിച്ച പാലം നോക്കുകുത്തിയായി.

പ്രതിഷേധം ശക്തമായതോടെ കോട്ടയം നഗരസഭ ഒരു കുടുംബത്തെ ലൈഫ് പദ്ധതിവഴി സ്ഥലവും വീടും ലഭ്യമാക്കി പുനരധിവസിപ്പിച്ചു. രണ്ടാമത്തെ കുടുംബത്തെ മാറ്റിത്താമസിപ്പിക്കുന്നതു വീണ്ടും വൈകി. ഒരു സന്നദ്ധ സംഘടന താത്പര്യമെടുത്തു സ്ഥലവും വീടും ലഭ്യമാക്കിയതോടെ അവരും മാറി.

ഇതിനിടെ, നിർമാണത്തിൽനിന്ന് വിടുതൽ നൽകണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ സർക്കാരിനു കത്ത് നൽകിയത് മറ്റൊരു കടമ്പയായി. പിന്നീട് നടന്ന ചർച്ചകളിൽ പാലംപണി പുനരാരംഭിക്കണമെന്ന ആവശ്യം മുമ്പോട്ടുവന്നു. മന്ത്രി മുഹമ്മദ് റിയാസും തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎയും നടത്തിയ ചർച്ചയിൽ സ്ഥലം ഏറ്റെടുത്ത് എസ്റ്റിമേറ്റ് പുതുക്കുകയായിരുന്നു.

ഇതിൻറെ തുടർച്ചയായി ക്ഷണിച്ച ടെൻഡറിലാണ് നിർമാണം പുനരാരംഭിക്കാൻ ധാരണയായത്. കോടിമത രണ്ടാംപാലം യാഥാർഥ്യമാകുന്നതോടെ എംസി റോഡിലെ ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ പരിഹാരമാകും.

എല്ലാ തടസങ്ങളും തീർന്നതായും പഴയകരാറുകാരൻ ഉടൻ പാലം നിർമാണം ആരംഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ പറഞ്ഞു.

# പൊൻകുന്നം ബസ് സ്റ്റാൻഡ് അറ്റകുറ്റപ്പണിക്കായി അടച്ചിട്ടു

## മുന്നറിയിപ്പില്ലാഞ്ഞത് യാത്രക്കാരെ വലച്ചു

പൊൻകുന്നം: ചിറക്കടവ് പഞ്ചായത്തിൻറെ പൊൻകുന്നം സ്വകാര്യ ബസ് സ്റ്റാൻഡിൽ കംഫർട്ട് സ്റ്റേഷനു മുന്പിലെ സ്ലാബുകൾ ശരിയായി ഉറപ്പിക്കുന്നതിനായി ഇന്നലെ സ്റ്റാൻഡ് അടച്ചിട്ടു. എന്നാൽ, മുന്നറിയിപ്പൊന്നും നൽകാതെ സ്റ്റാൻഡ് അടച്ചതുമൂലം യാത്രക്കാർ വലഞ്ഞു. ഇന്നലെ രാവിലെ മുതൽ വിവിധ റൂട്ടുകളിലേക്കുള്ള ബസുകൾ ദേശീയപാതയിലാണ് നിർത്തി യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്തത്.

ചങ്ങനാശേരി, കോട്ടയം, മുണ്ടക്കയം, കുമളി, എരുമേലി, മണിമല, പാലാ, പള്ളിക്കത്തോട്, തമ്പലക്കാട്, കൊടുങ്ങൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള യാത്രക്കാർ ബസുകൾ എവിടെയെന്നറിയാൻ തിരക്കിനിടയിലൂടെ അന്വേഷിച്ച് നടക്കേണ്ടിവന്നു. ബസുകൾ കൂട്ടത്തോടെ വഴിയോരത്ത് നിരന്നതോടെ ഗതാഗതക്കുരുക്കുമായി. നിരവധി വാഹനങ്ങളുടെ ഇടയിലൂടെ യാത്രക്കാർ റോഡ് മുറിച്ചുകടന്നുവേണമായിരുന്നു തങ്ങളുടെ ബസ് കണ്ടെത്തി യാത്ര ചെയ്യാൻ.

ഏതാനും മാസം മുന്പ് കംഫർട്ട് സ്റ്റേഷനിലെ സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതിനായാണ് സ്ലാബുകൾ മാറ്റിയത്. തുടർന്ന് ശരിയായ വിധം ഇവ സ്ഥാപിച്ചില്ല. യാത്രക്കാർ നടക്കുന്ന ഭാഗത്ത് ഉയർന്നും താഴ്ന്നുമുള്ള സ്ലാബുകളിൽ കാൽതട്ടി പരിക്കുപറ്റിയിരുന്നു. കഴിഞ്ഞ ദിവസം ഒരു യാത്രക്കാരി വീണ് പരിക്കേൽക്കുകയും ചെയ്തു. സ്ലാബുകളുടെ അരികിൽ കോൺക്രീറ്റ് അവശിഷ്ടങ്ങൾ തള്ളിയ നിലയിലുമായിരുന്നു.

# അശാസ്ത്രീയ വിദ്യാഭ്യാസ കലണ്ടർ വിൻവലിക്കണം

ചങ്ങനാശേരി: അശാസ്ത്രീയ വിദ്യാഭ്യാസ കലണ്ടറിനെതിരേ സംയുക്ത അധ്യാപക സമിതി കൂട്ട അവധിയെടുത്ത് കോട്ടയം ഗാന്ധി സ്ക്വയറിൽ പ്രതിഷേധ ധർണ നടത്തി. കെപിഎസ്ടിഎ സംസ്ഥാന സെക്രട്ടറി വർഗീസ് ആൻറണി ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന സർക്കാർ അസംതൃപ്തരായ അധ്യാപക സമൂഹത്തെയാണ് സൃഷ്ടിക്കുന്നതെന്ന് വർഗീസ് ആൻറണി പറഞ്ഞു.

ജില്ല പ്രസിഡൻറ് ആർ. രാജേഷ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി മനോജ് വി. പോൾ, സംസ്ഥാന നിർവാഹകസമിതി അംഗം പി. പ്രദീപ്, ജേക്കബ് ചെറിയാൻ, പി.ആർ. ശ്രീകുമാർ, അരുൺ തോമസ്, ജോമോൻ മാത്യു, ബോണി ലിയോ തോമസ്, സാംജി സാമുവൽ, ആശ കുരുവിള, ബോബി എ. ചാണ്ടി എന്നിവർ പ്രസംഗിച്ചു.

# ഫ്ളാറ്റിലെ ഭക്ഷ്യവിഷബാധ; ശക്തമായ നടപടിയുണ്ടാകുമെന്ന് ആരോഗ്യമന്ത്രി

കൊച്ചി: കാക്കനാട് ഡിഎൽഎഫ് ഫ്ളാറ്റിൽ താമസിക്കുന്നവർക്ക് ഭക്ഷ്യവിഷബാധയുണ്ടായത് ഗൗരവമുള്ള വിഷയമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. സംഭവത്തിൽ ശക്തമായ നടപടിയുണ്ടാകുമെന്നും മന്ത്രി പ്രതികരിച്ചു.ആരോഗ്യവകുപ്പിൻറെ പ്രത്യേക സംഘം സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫ്ളാറ്റിലെ കുടിവെള്ളത്തിൻറെ എല്ലാ സ്രോതസുകളും പരിശോധിക്കും. രോഗബാധിതരായ വ്യക്തികൾ പല ആശുപത്രികളിൽ ചികിത്സ തേടിയത് കൊണ്ടായിരിക്കാം ഈ വിഷയം ആരോഗ്യ വകുപ്പിൻറെ ശ്രദ്ധയിൽപെടാതിരുന്നത്. അക്കാര്യം അന്വേഷിക്കുമെന്നും മന്ത്രി പറഞ്ഞു.

ഞായറാഴ്ചയാണ് ഫ്ളാറ്റിലെ ഒരാൾ തന്നെ നേരിട്ട് ഫോണിൽ വിളിച്ച് ഇക്കാര്യം അറിയിച്ചത്. ഉടൻ തന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറെ വിളിച്ച് അടിയന്തര ഇടപെടലിന് നിർദേശം നൽകുകയായിരുന്നെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# ജീവാനന്ദം പദ്ധതി: ശമ്പളവും പെൻഷനും അട്ടിമറിക്കാനെന്ന് എൻജിഒ അസോസിയേഷൻ

ചങ്ങനാശേരി: സ്റ്റാറ്റ്യൂട്ടറി പെൻഷനും പങ്കാളിത്തപെൻഷനും നിലവിലുള്ളപ്പോൾ ജീവാനന്ദം എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം ദുരുദ്ദേശ്യപരമെന്ന് എൻജിഒ അസോസിയേഷൻ ജില്ലാ പ്രസിഡൻറ് സതീഷ് ജോർജ്. പദ്ധതി അടിച്ചേല്പിക്കാനുള്ള സർക്കാരിൻറെ ബോധപൂർവമായ തീരുമാനത്തിനെതിരേ എൻജിഒ അസോസിയേഷൻ ചങ്ങനാശേരി ബ്രാഞ്ച് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർക്കാർ ജീവനക്കാർ വിരമിച്ചശേഷം നിശ്ചിത തുക ആന്വിറ്റിയായി ലഭിക്കുന്ന തരത്തിൽ ജീവാനന്ദം പദ്ധതി സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ചുമതല ഏല്പിച്ചു കൊണ്ട് ഇറക്കിയ ഉത്തരവ് ജീവനക്കാരുടെ ശമ്പളവും പെൻഷനും ആസൂത്രിതമായി കവർന്നെടുക്കുന്നതിനുള്ള കുറുക്കുവഴിയാണെന്നു സമ്മേളനം അഭിപ്രായപ്പെട്ടു.

സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം അഷറഫ് പറപ്പള്ളി, സംസ്ഥാന കമ്മിറ്റിയംഗം കെ.സി.ആർ. തമ്പി, അരവിന്ദാഷൻ കെ., കെ.സി. പ്രദിഷ് കുമാർ, രേഖ ജി., രതീഷ് ജി., മനോഷ് മാത്യു, ജോസഫ് ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

# സംരംഭകത്വ ലോകത്തേക്ക് പുത്തൻ കാൽവയ്പ്: വിംഗ്സ് 2.0

ചങ്ങനാശേരി: ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ ആഭിമുഖ്യത്തിൽ സംരംഭകത്വത്തിൻറെ പുതിയ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും പരിശീലനം നൽകി പുതിയ സംരംഭങ്ങൾ (കമ്പനികൾ) ആരംഭിച്ച് നാടിൻറെ വികസനത്തിന് നേതൃത്വം നൽകാൻ യുവജനങ്ങൾ, കുടുംബങ്ങൾ തുടങ്ങി സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്കായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നു.

ഇതിൻറെ ഭാഗമായി ഓഗസ്റ്റ് രണ്ട്, മൂന്ന്, നാല് ദിവസങ്ങളിൽ ചങ്ങനാശേരി എസ്ബി, അസംപ്ഷൻ കോളജുകളിൽ വച്ച് വിംഗ്സ് 2.0 സംഘടിപ്പിക്കുന്നു.

ത്രിദിന പരിശീലന ക്യാമ്പിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ഹാക്കത്തോൺ, ബിസിനസ് ഐഡിയ അവതരണം, വനിതകൾക്കുള്ള ഏകദിന സെമിനാർ, ഹ്രസ്വ വീഡിയോ മത്സരം എന്നിവ വിവിധ വേദികളിൽ ചർച്ചയാവും. ഇടവകയിൽനിന്ന് പരമാവധി ആളുകളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് അതിരൂപത വികാരിജനറാൾ മോൺ. ജയിംസ് പാലയ്ക്കൽ ഇടവക വികാരിമാർക്ക് അയച്ച കത്തിൽ നിർദേശിച്ചു.

# പാറത്തോട് പഞ്ചായത്തിൽ ഡെങ്കിപ്പനി പടരുന്നു

പാറത്തോട്: പാറത്തോട് പഞ്ചായത്തിൽ ഡെങ്കിപ്പനി പടരുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡ്രൈ ഡേ ആചരിക്കാൻ നിർദേശം. ഇതിൻറെ ഭാഗമായി ഇന്നലെ പഞ്ചായത്തിൻറെ പരിധിയിലെ വീടുകളും പരിസരവും ശുചീകരിച്ചു. ഇന്ന് ജോലിസ്ഥലങ്ങളും നാളെ സ്കൂൾ, കോളജ് പരിസരങ്ങളും ശുചീകരിച്ചാണ് ഡ്രൈ ഡേ ആചരിക്കുന്നത്.

വീടിൻറെ പരിസരങ്ങളിൽ വെള്ളം കെട്ടിക്കിടന്ന് കൊതുക് പെരുകാൻ സാധ്യതയുള്ള മുട്ടത്തോട്, ചിരട്ട, ടയർ, പ്ലാസ്റ്റിക് ഷീറ്റ്, ചെടിച്ചട്ടികൾ, പ്ലാസ്റ്റിക് മാലിന്യം എന്നിവ നീക്കം ചെയ്യണം. കൊതുക് പരുത്തുന്ന രോഗമായതിനാൽ കൊതുക് നശീകരണമാണ് പ്രധാനപ്പെട്ട പ്രതിരോധ പ്രവർത്തനമെന്ന് പഞ്ചായത്ത് അധികൃതർ പറഞ്ഞു.

പഞ്ചായത്ത് മൂന്നാം വാർഡിലെ വെളിച്ചിയാനി മേഖലയിലും ഒന്പതാം വാർഡിൽ ഇടക്കുന്നം മേഖലയിലുമാണ് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഡെങ്കിപ്പനി പടരുന്നത് തടയാൻ ആശാവർക്കർമാർ വീടുകളിലെത്തി ബോധവത്കരണം നൽകും. കൊതുക് നശീകരണത്തിനായി ഫോഗിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായും വീടും പരിസരവും ശുചീകരിക്കാൻ ശ്രദ്ധിക്കണമെന്നും പഞ്ചായത്ത് പ്രസിഡൻറ് കെ.കെ. ശശികുമാർ പറഞ്ഞു.

# കുറുപ്പന്തറ ബസ് സ്റ്റാൻഡിലെ ഷോപ്പിംഗ് കോംപ്ലക്സ് അപകടാവസ്ഥയിൽ: കോൺക്രീറ്റ് അടർന്ന് വീഴുന്നു

കുറുപ്പുന്തറ: യഥാകാലം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കോൺക്രീറ്റ് അടർന്നു വീണു കുറുപ്പന്തറ ബസ് സ്റ്റാൻഡിലെ ഷോപ്പിംഗ് കോംപ്ലക്സ് അപകടാവസ്ഥയിൽ. കെട്ടിടത്തിൻറെ മുകൾഭാഗത്തു നിന്നുൾപ്പെടെ കോൺക്രീറ്റ് പാളികൾ അടർന്നുവീഴുന്നത് ആളുകളുടെ ജീവനുതന്നെ ഭീഷണി ഉയർത്തുകയാണ്. ഗൗരവമായ പ്രശ്നത്തിൽ മാഞ്ഞൂർ പഞ്ചായത്ത് അധികൃതർ നിസംഗത പുലർത്തുകയാണെന്ന് വ്യാപാരികളും പൊതുജനങ്ങളും ആരോപിക്കുന്നു.

മാഞ്ഞൂർ പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സാണ് അപകടാവസ്ഥയിലുള്ളത്. കെട്ടിടത്തിൻറെ മുകളിൽനിന്നും കഴിഞ്ഞദിവസം രാത്രിയിൽ 15 മീറ്ററോളം നീളത്തിൽ വലിയ കോൺക്രീറ്റ് പാളി അടർന്ന് നിലത്തേക്കു വീണു. രാത്രിയാതിനാൽ താഴെ ആരും ഇല്ലാതിരുന്നതിനാൽ വലിയ അപകടമാണ് ഒഴിവായത്.

പകൽസമയത്താണെങ്കിൽ എപ്പോഴും ഇവിടെ ആളുകളുള്ളതാണെന്ന് വ്യാപാരികൾ പറയുന്നു. ഈ കെട്ടിടത്തോട് ചേർന്നാണ് ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നത്. ഓട്ടോറിക്ഷ ഡ്രൈവർമാർ വിശ്രമിക്കുന്നതും ഈ കെട്ടിടത്തിനു സമീപമാണ്. എപ്പോൾ വേണമെങ്കിലും താഴേയ്ക്കു വീഴാവുന്ന നിലയിൽ കോൺക്രീറ്റ് പാളികൾ അടർന്ന് നിൽക്കുന്ന കെട്ടിടം മനുഷ്യരുടെ ജീവനുതന്നെ ഭീഷണി ഉയർത്തുകയാണ്. സമീപത്തെ വ്യാപാരികളും ആശങ്കയിലാണ്.ഷോപ്പിംഗ് കോംപ്ലക്സിൽ കെഎസ്ഇബി കുറുപ്പന്തറ ഓഫീസും തയ്യൽക്കടയും ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിർമാണം പൂർത്തിയാക്കി 1997ൽ ഉദ്ഘാടനം ചെയ്ത കെട്ടിടമാണ് കാലപ്പഴക്കത്തിൽ ശോച്യാവസ്ഥയിലുള്ളത്. പിന്നീട് കാര്യമായ അറ്റകുറ്റപ്പണികളൊന്നും നടത്തിയിട്ടില്ലെന്ന് വ്യാപാരികളും ഓട്ടോറിക്ഷ ഡ്രൈവർമാരും പറയുന്നു. കൃത്യമായി വാടക കൈപ്പറ്റുന്നതല്ലാതെ പഞ്ചായത്ത് അധികൃതർ കെട്ടിടം സംരക്ഷിക്കാൻ ശ്രമിക്കുന്നില്ലെന്നാണ് പരാതി. ഈ ഭാഗത്തുള്ള ശുചിമുറിയുടെയും മറ്റ് നിർമിതികളുടെയും അവസ്ഥയും ശോച്യാവസ്ഥയിലാണെന്നും ഇവർ പറയുന്നു.

ഷോപ്പിംഗ് കോംപ്ലക്സിൻറെ മുകൾഭാഗത്ത് പലയിടത്തും കോൺക്രീറ്റ് അടർന്ന് തുരുമ്പിച്ച ഇരുമ്പുകമ്പികൾ വെളിയിൽ കാണാവുന്ന അവസ്ഥയിലാണ്. അപകട ഭീതി മൂലം ചില വ്യാപാരികൾ സ്വന്തം കൈയിൽ നിന്ന് പണം മുടക്കി തങ്ങളുടെ ഭാഗത്ത് അറ്റകുറ്റപ്പണികൾ നടത്തിയിരുന്നു.

എന്നാൽ, വാടക നൽകുന്നതിന് പുറമേ കെട്ടിടത്തിൻറെ അറ്റകുറ്റപ്പണികൾ കൂടി നടത്താൻ നിവൃത്തിയില്ലെന്നാണ് ഇവർ പറയുനത്. പഞ്ചായത്ത് അടിയന്തരമായി ഇടപെട്ട് കെട്ടിടത്തിൻറെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാണ് വ്യാപാരികളുടെയും ഓട്ടോറിക്ഷ ഡ്രൈവർമാരുടെയും നാട്ടുകാരുടെയും ആവശ്യം.

# ജോബി മാത്യുവിൻറെ ദുരൂഹമരണം : വാഹന ഉടമ മുൻകൂർ ജാമ്യാപേക്ഷ നൽകി

കൊടുമൺ: ഇടത്തിട്ട പുതുപ്പറമ്പിൽ വീട്ടിൽ ജോബി മാത്യു(46)വിൻറെ ദുരൂഹമരണവുമായി ബന്ധപ്പെട്ടു കസ്റ്റഡിയിലെടുത്ത വാഹനത്തിൻറെ ഉടമ ജില്ലാ കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷ നൽകിയതായി സൂചന.

കഴിഞ്ഞ ദിവസം പത്തനംതിട്ടയിൽനിന്നാണ് സംശയാസ്പദമായ വാഹനം കൊടുമൺ പൊലീസ് കസ്റ്റഡിയിലെടുത്തത്. പത്തനംതിട്ട സ്വദേശിയുടെ കാർ ദുരൂഹസാഹചര്യത്തിൽ കൊടുമണ്ണിൽ വന്നു പോയതിൻറെ തെളിവുകൾ പോലീസിന് ലഭിച്ചിരുന്നു.

തടിക്കച്ചവടവുമായി ബന്ധപ്പെട്ട പത്തനംതിട്ടയിലെ വ്യക്തികളുടേതാണ് കാർ എന്ന നിഗമനത്തിലാണ് പോലീസ്. ഈ കാർ തന്നെയാണ് സംഭവ സ്ഥലത്ത് ഉണ്ടായിരുന്നതെന്ന സൂചനയും പോലീസിനു ലഭിച്ചു. കാറിൽ യാത്ര ചെയ്തവർ ജോബിയുമായി വാക്കുതർക്കം ഉണ്ടാകുന്നതും പിടിച്ചു തള്ളുന്നതും സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമായിരുന്നു.

കഴിഞ്ഞ മേയ് 25നു രാത്രിയാണ് ഇടത്തിട്ട ഭാഗത്തെ വീടിനു സമീപം ജോബിയെ അബോധാവസ്ഥയിൽ കണ്ടെത്തിയത്. പിന്നീട് ചികിത്സയിലിരിക്കേ കോട്ടയം മെഡിക്കൽ കോളജ് ആശുപ്രതിയിലാണ് മരണം സംഭവിച്ചത്. ഡോക്ടർമാർ ഇതൊരു അപകടമരണമല്ലെന്നു റിപ്പോർട്ട് ചെയ്തതോടെയാണ് കേസിൽ അന്വേഷണ നടന്നത്.

സംഭവം നടന്ന സ്ഥലത്ത് ജോബിയുടെ അല്ലാത്ത മറ്റൊരു കാർ ഉണ്ടായിരുന്നതായി സിസിടിവി കാമറയിൽ കണ്ടെത്തിയിരുന്നു. എന്നാൽ, കാർ ഉടമയെ കണ്ടെത്താൻ പോലീസിനു കഴിഞ്ഞിരുന്നില്ല. ഇതിനിടെ കസ്റ്റഡിയിൽ എടുത്ത വാഹനത്തിൻറെ ഉടമയെ ഭരണകക്ഷിയിലെ ചില നേതാക്കൾ സംരക്ഷിക്കുന്നതായും ആരോപണം ഉയർന്നിട്ടുണ്ട്.

# പാതയോരത്ത് ഞാവൽപ്പഴം വില്പന തകൃതിയിൽ

കോഴഞ്ചേരി: ഞാവൽപ്പഴത്തിനു മാധുര്യമേറുന്നു. സംസ്ഥാനത്തെ പാതയോരങ്ങളിലും ഗ്രാമീണ റോഡുകളിലും ഞാവൽപ്പഴം വാങ്ങാൻ തിരക്ക്.ഒരുകാലത്ത് നമ്മുടേതുമാത്രമായിരുന്ന ഞാവൽപ്പഴം ഇന്ന് ആന്ധ്രാപ്രദേശ് പോലെയുള്ള സ്ഥാനങ്ങളിൽനിന്നാണ് എത്തുന്നത്.

ജീവിതശൈലീ രോഗങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായ പഴവർഗമാണ് ഞാവൽപ്പഴമെന്ന തിരിച്ചറിവാണ് മലയാളികൾ ഈ പഴം വാങ്ങുന്നതിന് താല്പര്യം കാണിക്കാൻ കാരണം. ഒരു കിലോ ഞാവൽപ്പഴത്തിന് 400 രൂപയാണ് വില.

തിരുവല്ലകുമ്പഴ സംസ്ഥാനപാതയിൽ എല്ലാ സ്ഥലങ്ങളിലും ഞാവൽപ്പഴം വാങ്ങാൻ ആളുകൾ കൂട്ടമായി എത്തുന്നു. യഥാർഥ ഞാവൽപ്പഴം കഴിച്ചാൽ പല്ലിന് നീലനിറം ഉണ്ടാകുമത്രേ. വ്യാജനെ ഇതിലൂടെ തിരിച്ചറിയാമെന്നും ഉപഭോക്താക്കൾ.

ആന്ധ്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽനിന്നാണ് ഞാവൽപ്പഴം കേരളത്തിൻറെ തെരുവോരങ്ങളിൽ എത്തുന്നത്. വില്പന നടത്തുന്നവർക്ക് 600 രൂപയാണ് ദിവസക്കൂലിയായി മൊത്തക്കച്ചവടക്കാർ നല്കുന്നത്. സമീപപ്രദേശമായ ചെങ്ങന്നൂരിൽ ഞാവൽപ്പഴകൃഷി വ്യാപകമാകുന്നുണ്ടെന്നു കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

പ്രതിദിനം 20 കിലോ ഞാവൽപ്പഴം വില്ക്കുന്നുണ്ടെന്നു പുല്ലാട് വില്ലേജ് ഓഫീസിനടുത്ത് വില്പന നടത്തുന്ന തമിഴ്നാട് തിരുനെൽവേലി സ്വദേശിയായ കാർത്തിക് പറഞ്ഞു. രക്തത്തിലെ പഞ്ചസാരയുടെ അളവും മറ്റും ഞാവൽപ്പഴം കഴിച്ചാൽ കുറയുമെന്നു കർണാടക സ്വദേശിയായ പ്രിയാ സുരേഷ് പറഞ്ഞു. മുന്പ് ആയുർവേദ ചികിത്സയുമായി കേരളത്തിലെത്തിയപ്പോൾ ഡോക്ടറുടെ നിർദേശപ്രകാരമാണ് ഞാവൽപ്പഴം വാങ്ങിക്കഴിച്ചതെന്നും ഇതു പ്രയോജനപ്പെട്ടെന്നുമാണ് പ്രിയ പറയുന്നത്.

# മന്ത്രി ജോർജ് കുര്യൻ സ്റ്റെഫിൻെറ വീട് സന്ദർശിച്ചു

പാന്പാടി: കുവൈറ്റിൽ തീപിടിത്തത്തിൽ മരണമടഞ്ഞ പാമ്പാടി സ്വദേശി സ്റ്റെഫിൻ ഏബ്രഹാമിൻറെ വീട് കേന്ദ്ര ഫിഷറീസ് ന്യൂനപക്ഷ സഹമന്ത്രി ജോർജ് കുര്യൻ സന്ദർശിച്ചു. സ്റ്റെഫിൻറെ മാതാപിതാക്കളെയും സഹോദരങ്ങളെയും അദ്ദേഹം ആശ്വസിപ്പിച്ചു. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാരിൻറെ ഭാഗത്തുനിന്നും എല്ലാ സഹായങ്ങളും ഉണ്ടാകുമെന്നു മന്ത്രി പറഞ്ഞു.

കുവൈറ്റിൽ ലേബർ ക്യാമ്പുകളിൽ കഴിയുന്ന പ്രവാസികളായ മലയാളികളുടെ കഷ്ടപ്പാടുകൾക്ക് പരിഹാരം കാണാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ബിജെപി ജില്ലാ പ്രസിഡൻറ് ലിജിൻലാൽ, ജില്ലാ സെക്രട്ടറി സോബിൻലാൽ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

# പക്ഷിപ്പനി: ചേർത്തലയിൽ കള്ളിംഗ് തുടങ്ങി

ചേർത്തല:പക്ഷിപ്പനി സ്ഥിരീകരിച്ച ചേർത്തല നഗരസഭാ പരിധിയിലെ പക്ഷിക്കളെ കൊന്നുതുടങ്ങി. നഗരസഭ 15, 16, 17 വാർഡുകളിലെയും തണ്ണീർമുക്കം പഞ്ചായത്തിലെ പക്ഷികളെയുമാണ് കൊന്നുതുടങ്ങിയത്. ഇന്നലെ 4700 ഓളം വളർത്തുപക്ഷികളെയാണ് കൊന്നു സംസ്കരിച്ചത്.പക്ഷിപ്പനി സ്ഥിരീകരിച്ചതോടെ പക്ഷികളെ കൊല്ലുന്നതിനു മൃഗസംരക്ഷണവകുപ്പിൻറെ പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നു. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശത്തെ ഒരു കിലോമീറ്റർ ചുറ്റളവിലെ വളർത്തുപക്ഷികളെ കൊന്നു മറവുചെയ്യാനാണ് വെള്ളിയാഴ്ച കളക്ടർ അലക്സ് വർഗീസിൻറെ അധ്യക്ഷതിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചത്.

ഇന്നലെ രാവിലെ മുതൽ പ്രത്യേക സംഘത്തിൻറെ നേതൃത്വത്തിലാണ് പക്ഷിക്കളെ കൊന്നുതുടങ്ങിയത്. കോഴിഫാമുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനാൽ ആദ്യഘട്ടത്തിൽ ഫാമുകളിലെ കോഴികളെയാണ് കൊന്നുതുടങ്ങിയത്. ചേർത്തല നഗരസഭ പരിധിയിൽ 3505, കഞ്ഞിക്കുഴിയിൽ 2942 വളർത്തുപക്ഷികളെ ആദ്യഘട്ടത്തിൽ കൊല്ലുന്നതിനാണ് നിർദേശം നൽകിയത്.

പക്ഷിപ്പനി സൂചനകൾ ലഭിച്ചപ്പോൾ മുതൽ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നത് തടയുന്നതിനുള്ള നടപടികൾ നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിച്ചിരുന്നു. ഇന്നലെ ആറാം വാർഡിൽ കാക്കകൾ ചത്തുവീണതിനെത്തുടർന്ന് ആരോഗ്യവകുപ്പിൻറെയും മൃഗസംരക്ഷണവകുപ്പിൻറെ നേതൃത്വത്തിൽ പരിശോധന നടത്തി സാംപിളുകൾ ശേഖരിച്ച് ഭോപ്പാലിലെ ലാബിലേക്ക് അയച്ചിട്ടുണ്ട്.

പക്ഷിപ്പനി ബാധിച്ച താറാവുകളെ കൊന്നൊടുക്കാൻ ചിലവായ തുകയെ ച്ചൊല്ലി തർക്കം. എടത്വ പഞ്ചായത്ത് എൽഡിഎഫ് അംഗങ്ങൾ പഞ്ചായത്ത് പടിക്കൽ പ്രതിഷേധ സമരം നടത്തി. എടത്വ പഞ്ചായത്ത് 10ാം വാർഡ് മുണ്ടുതോട് പാടത്തെ പക്ഷിപ്പനി ബാധിച്ച 22,000 താറാവുകളെ കൊന്നൊടുക്കാൻ ഏഴു ലക്ഷത്തി പതിനൊന്നായിരം രൂപ ചെലവഴിച്ചതിനെ ച്ചൊല്ലിയുള്ള തർക്കത്തിലാണ് പഞ്ചായത്തിലെ പ്രതിപക്ഷ കക്ഷികൾ സമരം നടത്തിയത്.

കൊടുപ്പുന്നയിൽ പക്ഷിപ്പനി ബാധിച്ച 7854 താറാവുകളെ കൊന്നൊടുക്കാൻ 87,000 രൂപ മാത്രം ചെലവഴിച്ചെന്നിരിക്കെ 22,000 താറാവുകൾക്ക് ഏഴു ലക്ഷത്തിനുമേൽ തുക എങ്ങനായെന്നാണ് പ്രതിപക്ഷത്തിൻറെ ആരോപണം. കൊന്നൊടുക്കിയ ഇനത്തിൽ 20 ഓളം തൊഴിലാളികൾക്ക് 1,04,000 രൂപ കൂലിയായി നൽകിയെന്നുള്ള കണക്കും വ്യാജമാണെന്ന് പ്രതിപക്ഷം ആരോപിക്കുന്നു.

പക്ഷിപ്പനി ബാധിച്ച താറാവുകളെ കൊന്നൊടുക്കിയ പേരിൽ ലക്ഷങ്ങളുടെ അഴിമതി ആരോപിച്ച് തുടർസമരത്തിനും സംസ്ഥാന വിജിലൻസ് വകുപ്പിനും തദ്ദേശ സ്വയംഭരണ വകുപ്പിനും പരാതി നൽകാൻ ഒരുങ്ങുകയാണ് പ്രതിപക്ഷം. പഞ്ചായത്ത് പടിക്കൽ നടന്ന പ്രതിഷേധ സമരം സിപിഎം ഏരിയ കമ്മിറ്റി അംഗം റജി പി. വർഗീസ് ഉദ്ഘാടനം ചെയ്തു.

# ആധുനിക രക്ഷാ ഉപകരണങ്ങളില്ലാതെ ഫയർഫോഴ്സ്; അവസരം മുതലാക്കി സ്വകാര്യലോബികൾ

അമ്പലപ്പുഴ: ഫയർഫോഴ്സിന് ആധുനിക രക്ഷാ ഉപകരണങ്ങളില്ല. അപകടഘട്ടങ്ങളിൽ സ്വകാര്യ ലോബികൾ കഴുത്തറുക്കുന്നു. ദേശീയപാതയിൽ ചെറുതും വലുതുമായ വാഹനാപകടങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനത്തിനെത്തുന്ന ഫയർഫോഴ്സിൻറെ പക്കൽ ആധുനിക രക്ഷാ ഉപകരണങ്ങളൊന്നും കാണാറില്ല.

ദേശീയപാതയിലടക്കം വാഹനാപകടമുണ്ടായി റോഡിൽ മണിക്കൂറുകളോളം ഗതാഗതസ് തംഭനമുണ്ടാകുമ്പോൾ പലപ്പോഴും സ്വകാര്യ ജെസിബിയും ക്രെയിനുമാണ് രക്ഷാപ്രവർത്തനത്തിന് എത്തുന്നത്.

അടിയന്തര ഘട്ടമായതിനാൽ ഇരട്ടിത്തുകയാണ് ഇതിനായി ജെസിബി, ക്രെയിൻ ഉടമകൾ ഈടാക്കുന്നത്. രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ട ഫയർഫോഴ്സിന് ആധുനിക രക്ഷാ ഉപകരണങ്ങളുടെ അഭാവമാണ് സ്വകാര്യ ലോബികൾ മുതലാക്കുന്നത്.

ദേശീയപാതയിലടക്കം നിരവധി സ്ഥലങ്ങളിൽ അപകടങ്ങൾ പതിവായിട്ടും ഫയർഫോഴ്സിന് ഇപ്പോഴും യാതൊരു വിധ ആധുനിക ഉപകരണങ്ങളും സർക്കാർ നൽകിയിട്ടില്ല. ജെസിബി, ക്രെയിൻ ഉടമകളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നതു കൊണ്ടാണ് ഫയർഫോഴ്സിന് ഇത്തരത്തിൽ ഉപകരണങ്ങൾ ലഭ്യമാക്കാത്തത്. സ്വകാര്യവ്യക്തികളുടെ പക്കൽ ഇത്തരം ആധുനിക രക്ഷാ ഉപകരണങ്ങൾ ഉണ്ടായിട്ടും സർക്കാർ ഉടമസ്ഥതയിൽ ഇവ ഇല്ലാത്തത് സ്വകാര്യ ലോബിക്ക് സഹായകരമായിട്ടുണ്ട്.

അപകടങ്ങൾ തുടർക്കഥയായ സാഹചര്യത്തിൽ ഫയർഫോഴ്സിന് ആധുനിക രക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകാൻ സർക്കാർ തയാറാകണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

# കാലാവസ്ഥാ വ്യതിയാനം: ജില്ലയിൽ മൺസൂൺ ടൂറിസം പ്രതിസന്ധിയിൽ

തൊടുപുഴ: മഴക്കാലത്ത് ഇടുക്കിയുടെ സൗന്ദര്യവും കാലാവസ്ഥയും ആസ്വദിക്കാൻ ഒട്ടേറെ വിനോദ സഞ്ചാരികൾ എത്തിയിരുന്ന മൺസൂൺ ടൂറിസം സീസൺ പ്രതിസന്ധിയിൽ. നിറഞ്ഞുകവിഞ്ഞൊഴുകുന്ന വെള്ളച്ചാട്ടങ്ങളും പ്രകൃതി ഒരുക്കുന്ന ദൃശ്യവിസ്മയങ്ങളും കോടമഞ്ഞും തണുപ്പും ആസ്വദിക്കാൻ മൺസൂൺ കാലത്ത് ജില്ലയിലേയ്ക്ക് നിരവധി സഞ്ചാരികളാണ് ഒഴുകിയെത്തുന്നത്.

ജൂൺ മുതൽ തുടങ്ങുന്ന മൺസൂൺ കാലം ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിലെ റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോം സ്റ്റേ എന്നിവർക്കെല്ലാം ചാകരക്കാലമാണ്. എന്നാൽ ഇത്തവണ പതിവായി ലഭിച്ചിരുന്ന മഴയിൽ ഉണ്ടായിരിക്കുന്ന കുറവാണ് പ്രധാന പ്രതിസന്ധി. മഴ ശക്തമാകുന്നതോടെ ജില്ലയിൽ അടിക്കടി ഉണ്ടാകുന്ന നിയന്ത്രണങ്ങളും മൺസൂൺ ടൂറിസത്തിനു തിരിച്ചടിയായി മാറുന്നുണ്ട്.

മൺസൂൺ ടൂറിസം ഇത്തവണ കൂടുതൽ സജീവമാകുന്നതിനുള്ള സാഹചര്യങ്ങളായിരുന്നു നിലവിലുണ്ടായിരുന്നത്. ഉത്തരന്ത്യേയിൽ ഉഷ്ണതരംഗം കടുത്ത സാഹചര്യത്തിൽ അവിടെനിന്നും നിരവധി സഞ്ചാരികൾ അതിർത്തി കടന്ന് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിലെത്തുമെന്നായിരുന്നു പ്രതീക്ഷ.

എന്നാൽ പ്രതീക്ഷിച്ചതുപോലെ ഇത്തവണ സഞ്ചാരികളുടെ വരവുണ്ടായിട്ടില്ലെന്ന് റിസോർട്ട് ഉടമകളും മറ്റും പറയുന്നു. പല റിസോർട്ടുകളും മൺസൂൺകാലത്ത് പ്രത്യേക പാക്കേജ് ഒരുക്കിയാണ് സന്ദർശകരെ കാത്തിരിക്കുന്നത്. മൂന്നാറിലും വാഗമണ്ണിലുമാണ് മൺസൂൺ കാലത്ത് ഏറെ സന്ദർശകരെത്തുന്നത്.വെള്ളച്ചാട്ടങ്ങളും പച്ച പുതച്ചു നിൽക്കുന്ന പുൽമേടുകളും തേയിലത്തോട്ടങ്ങളും ഒക്കെയാണ് മൺസൂൺ കാലത്ത് സഞ്ചാരികളുടെ പ്രധാന ആകർഷണം. ചീയപ്പാറ, വാളറ, പെരിങ്ങൽകുത്ത്, തൊമ്മൻകുത്ത്, ആനയാടിക്കുത്ത്, വളഞ്ഞങ്ങാനം, തൂവൽ, നയമക്കാട്, കീഴാർകുത്ത്, പാണ്ടിക്കുഴി, അരുവിക്കുഴി തുടങ്ങി ജില്ലയിലെ വെള്ളച്ചാട്ടങ്ങെല്ലാം ഈ സമയം ജലസമൃദ്ധമാകാറുണ്ട്.കൊടും ചൂടുമൂലം വരണ്ടുണങ്ങിയിരുന്ന വെള്ളച്ചാട്ടങ്ങൾക്ക് കഴിഞ്ഞ മാസം ലഭിച്ച വേനൽ മഴയോടെ ജീവൻവച്ചു. എങ്കിലും പതിവു പോലെ സന്ദർശകരുടെ കാര്യമായ ഒഴുക്ക് പലയിടങ്ങളിലും ഉണ്ടായിട്ടില്ല. കാലവർഷം ശക്തിപ്പെടാത്തതിനാൽ പലയിടത്തും നീരൊഴുക്ക് കുറഞ്ഞിട്ടുമുണ്ട്.

കാലാവസ്ഥാ വ്യതിയാനവും കനത്ത മഴയുടെ ആരംഭത്തോടെ അപകടസാധ്യത മുന്നിൽക്കണ്ട് ജില്ലാ ഭരണകൂടം ഏർപ്പെടുത്തുന്ന നിരോധനവും ജില്ലയിലേക്കുള്ള സഞ്ചാരികളുടെ വരവു കുറയ്ക്കുന്നുണ്ട്.മൺസൂൺ ടൂറിസം കണക്കിലെടുത്ത് മൂന്നാറിൽ പ്രദേശിക ക്ലബുകളുടെ സഹകരണത്തോടെ മൺസൂൺ ഫുട്ബോൾ മൽസരം, രാമക്കൽമേട്ടിൽ മഴ നടത്തം, വാഗമണ്ണിൽ മൺസൂൺ മ്യൂസിക് എന്നീ പരിപാടികൾ ഡിടിപിസിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുണ്ട്. എന്നാൽ ജില്ലയിലെ സാഹചര്യം കണക്കിലെടുത്ത് ഇപ്പോൾ ഡിടിപിസി കാലവർഷ സമയത്ത് ഇത്തരം വിനോദോപാധികൾ കാര്യമായി പ്രോത്സാഹിപ്പിക്കുന്നില്ല

# കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ട് കൊലപ്പെടുത്താൻ ശ്രമമെന്നു പരാതി

നെടുങ്കണ്ടം: സ്ത്രീധനം കൂടുതൽ ആവശ്യപ്പെട്ട് മൂന്ന് വർഷമായി ഭർത്താവും ഭർതൃമാതാവും ചേർന്ന് യുവതിയെ മർദിക്കുകയും കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തതായി പരാതി. ഭർത്താവായ തൂക്കുപാലം ചെരുവിള പുത്തൻവീട്ടിൽ അജീഷിനും ഇയാളുടെ മാതാവിനും എതിരേ യാണ് ആലപ്പുഴ സ്വദേശിയായ പെൺകുട്ടി ഗാർഹിക പീഡനത്തിന് നെടുങ്കണ്ടം പോലീസിൽ പരാതി നൽകിയത്. പരാതിയിൽ ഭർത്താവിനെതിരേ പോലീസ് കേസെടുത്തു.മൂന്ന് വർഷം മുമ്പ് പത്തൊമ്പതാം വയസിലാണ് ആലപ്പുഴ സ്വദേശിയായ പെൺകുട്ടിയെ അജീഷ് വിവാഹം കഴിച്ചത്. ഒരു ലക്ഷം രൂപയും 15 പവനും നൽകിയിരുന്നു. പിന്നീട് സ്ത്രീധനം പോരാ എന്ന് പറഞ്ഞ് ഭർത്താവും ഭർതൃമാതാവും നിരന്തരമായി പീഡിപ്പിക്കുകയായിരുന്നുവെന്നാണ് പെൺകുട്ടിയുടെ പരാതി.

മുമ്പ് പീഡനം രൂക്ഷമായപ്പോൾ പെൺകുട്ടി സ്വന്തം വീട്ടിലേക്ക് മടങ്ങിയിരുന്നു. തുടർന്ന് നൽകിയ കേസിൽ പോലീസിന്റെ മധ്യസ്ഥതയിൽ നടത്തിയ ചർച്ചയിൽ ഒത്തുതീർപ്പാവുകയും പെൺകുട്ടി തിരികെ വരികയും ചെയ്തിരുന്നു.

പിന്നീട് തന്നെ വിഷം നൽകി കൊലപ്പെടുത്താൻ ശ്രമിച്ചതായും ഗർഭിണിയായിരിക്കെ മർദ്ദനം മൂലം ഗർഭം അലസിയതായും പെൺകുട്ടി പറഞ്ഞു. കഴിഞ്ഞ രാത്രിയിൽ ഭർത്താവും ഭർതൃമാതാവും ചേർന്ന് പെൺകുട്ടിയെ മർദിച്ചു. മർദനത്തെത്തുടർന്ന് വീട്ടിൽ നിന്നും ഇറങ്ങിയോടിയ പെൺകുട്ടി അയൽ വീട്ടിൽ അഭയംതേടി. രാത്രിതന്നെ പോലീസിൽ അറിയിക്കുകയും ജനപ്രതിനിധികളും നാട്ടുകാരും ചേർന്ന് പെൺകുട്ടിയെ നെടുങ്കണ്ടത്തെ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

പെൺകുട്ടിയുടെ പരാതിയിൽ നെടുങ്കണ്ടം പോലീസ് കേസ് ചാർജ് ചെയ്തു. ഗാർഹിക പീഡനം 498/എ വകുപ്പ് പ്രകാരമാണ് കേസെടുത്തിട്ടുള്ളത്. സംഭവത്തിൽ അന്വേഷണം ആരംഭിച്ചതായി പോലീസ് അറിയിച്ചു.

# കായംകുളം കെഎസ്ആർടിസി ഡിപ്പോ കെട്ടിടം പൊളിക്കാൻ അനുമതി

കായംകുളം: ശോചനീയാവസ്ഥയിൽ തുടരുന്ന കായംകുളം കെഎസ്ആർടിസി ഡിപ്പോ കെട്ടിടത്തിൻറെ പുനർനിർമാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റാൻ കെഎസ്ആർടിസി അനുമതി നൽകി. മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് സമർപ്പിച്ച പുതിയ കെട്ടിടത്തിൻറെ പ്ലാനിന് ഗതാഗതവകുപ്പ് മന്ത്രി കെ.ബി. ഗണേഷ്കുമാർ അംഗീകാരവും നൽകി.കെഎസ്ആർടിസിയുടെ സിവിൽവിംഗിനു പകരം പുതിയതായി നിർമിക്കുന്ന എല്ലാ കെട്ടിടങ്ങളും പൊതുമരാമത്ത് വകുപ്പുമായി ചേർന്നുകൊണ്ട് പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗതപൊതുമരാമത്ത് വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിലുള്ള സംയുക്ത യോഗം ഇന്നലെ ചേർന്നു. കെഎസ്ആർടിസിയുടെ പുതിയ കെട്ടിടങ്ങളുടെ നിർമാണത്തിന് ഗതാഗത വകുപ്പും പൊതുമരാമത്ത് വകുപ്പും കൈകോർക്കും.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഭീഷണിയായി തുടരുന്ന കായംകുളം ഡിപ്പോ കെട്ടിടം പൊളിച്ചു മാറ്റി സുരക്ഷിതമായ പുതിയ കെട്ടിടം പണിയണം എന്ന വളരെയേറെക്കാലത്തെ ആവശ്യം ഉടനെ സാക്ഷാത്കരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അധികം വൈകാതെതന്നെ കായംകുളം ഡിപ്പോ കെട്ടിടത്തിൻറെ നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കുംവിധമുള്ള നടപടികളാണ് പുരോഗമിക്കുന്നത്.

## ഇൻഡോർ ബാസ്കറ്റ്ബോൾ കോർട്ട് നാടിനു സമർപ്പിച്ചു

തിരുവല്ല: വള്ളംകുളം നന്നൂരിൽ കൊച്ചുവിഴലിൽ കെ.എം. ജോൺ പണികഴിപ്പിച്ച, മാർ ഡയനേഷ്യസ് ഓർത്തഡോക്സ് സെൻറർ ഫോർ സ്പോർട്സ് നാടിനു സമർപ്പിച്ചു. സമർപ്പണ സമ്മേളനത്തിൽ ഫാ. പി.കെ. വർഗീസ് അധ്യക്ഷത വഹിച്ചു. ഫാ. ബാബുക്കുട്ടി വർഗീസ് ഉദ്ഘാടനം നിർവഹിച്ചു. കെ.വി. മാത്യു, ഷേർലി ജെയിംസ്, അനിൽ ബാബു ജെയിംസ്, കെ.എം. ജോൺ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് ബാസ്കറ്റ്ബോൾ പ്രദർശനമത്സരവും നടന്നു. കേരള ടീം ക്യാപ്റ്റനും ഇന്ത്യൻ സീനിയർ ക്യാമ്പിലുള്ള ജിഷാന് നായർ നയിച്ച പത്തനംതിട്ട ഗ്രീൻസ് അന്താരാഷ്ട്രതാരം സെജിൻ മാത്യു, നയിച്ച പത്തനംതിട്ട റെഡ്സിനെ (5636) പരാജയപ്പെടുത്തി. ഇന്ത്യൻ ക്യാന്പർ ജോഷ സുനിൽ ഉമ്മൻ,

സംസ്ഥാനതാരം നിതിൻ പോൾ, സോഹുൽ കെ. ലാൽ എന്നിവർ പ്രദർശനമത്സരത്തിൽ പങ്കെടുത്തു. പത്തനംതിട്ട ജില്ലാ പ്രസിഡൻറ് കെഎസ്ഇബി മുൻ ചീഫ് എൻജിനിയറും മുൻ ഇന്ത്യൻ താരവുമായ ജോർജ് സ്കറിയ, സെൻട്രൽ എക്സൈസ് താരം ജോസഫ് ജോൺ എന്നിവരും സന്നിഹിതരായിരുന്നു.

## ഇലന്തൂർ സഹകരണ ബാങ്കിലേക്ക് യുഡിഎഫ് മാർച്ച്

ഇലന്തൂർ: സർവീസ് സഹകരണ ബാങ്കിൽ ക്രമക്കേട് ആരോപിച്ച് യുഡിഎഫ് നേതൃത്വത്തിൽ ബാങ്കിലേക്ക് മാർച്ചും ധർണയും നടത്തി. ധർണ ഡിസിസി മുൻ പ്രസിഡൻറ് പി. മോഹൻരാജ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ഇടത് മുന്നണി പ്രവർത്തകർക്ക് കൊള്ളയടിക്കാനുള്ള സ്ഥാപനങ്ങളാക്കി മാറ്റിയ അവസ്ഥയാണുള്ളതെന്നു മോഹൻരാജ് ആരോപിച്ചു. പാടശേഖരസമിതികൾക്കു വായ്പയായി 35 ലക്ഷം രൂപ അനുവദിച്ചതിലും വൻ ക്രമക്കേടാണ് നടന്നിട്ടുള്ളത്.

ബാങ്ക് വായ്പ നൽകിയതായി പറയുന്നുണ്ടെങ്കിലും അംഗീകൃത പാടശേഖര സമിതികൾ ആരും വായ്പ എടുത്തിട്ടില്ലെന്നും അന്നത്തെ ഭരണസമിതിയും സെക്രട്ടറിയും ഈ തുകയ്ക്ക് ഉത്തരവാദികളാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

യുഡിഎഫ് പഞ്ചായത്ത് ചെയർമാൻ പി.എം. ജോൺസൻറെ അധ്യക്ഷതയിൽ കൺവീനർ ജോൺസ് യോഹന്നാൻ, ആർഎസ്പി കേന്ദ്ര സെക്രട്ടേറിയറ്റംഗം തോമസ് ജോസഫ്, കോൺഗ്രസ് ബ്ലോക്ക് പ്രസിഡൻറ് ജെറി മാത്യു സാം, ഡിസിസി ജനറൽ സെക്രട്ടറി എം.എസ്. സിജു, ഗാന്ധിദർശൻവേദി ജില്ലാ ചെയർമാൻ കെ.ജി. റെജി തുടങ്ങിയവർ പ്രസംഗിച്ചു.

## പള്ളിപ്പാട്ട് വീട് കയറി ആക്രമണം: ഗൃഹനാഥൻ മരിച്ചു

ഹരിപ്പാട്: വീടു കയറി ആക്രമത്തെത്തുടർന്ന് ഗൃഹനാഥൻ മരിച്ചു. പള്ളിപ്പാട് വടക്കേക്കര കിഴക്ക് ശ്യാംനിവാസിൽ മോഹനൻ (60) ആണ് മരിച്ചത്. ഇദ്ദേഹം ആൻജിയോ പ്ളാസ്റ്റി കഴിഞ്ഞ് വീട്ടിൽ വിശ്രമത്തിലായിരുന്നു.

അയൽവാസി കുപ്പത്തറയിൽ ചന്ദ്രനാണ് മദ്യപിച്ച് ആക്രമണം നടത്തിയത്. മരിച്ച മോഹനനെയും ഭാര്യ ഷീലയെയും ഇയാൾ കസേരകൊണ്ടടിച്ചതായി അയൽവാസികൾ പറഞ്ഞു. ഇതേത്തുടർന്ന് കുഴഞ്ഞുവീണ മോഹനനെ ഹരിപ്പാട് ഗവ. ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും വഴിമധ്യേ മരിച്ചു.

ചന്ദ്രനെ ഹരിപ്പാട് പൊലിസ് കസ്റ്റഡിയിലെടുത്തു. മരിച്ച മോഹനൻറെ മകളുടെ വിവാഹനിശ്ചയച്ചടങ്ങ് കഴിഞ്ഞദിവസം നടന്നിരുന്നു. ആ ദിവസം ആക്രമണം നടത്തിയ ചന്ദ്രൻറെ ഭാര്യ ലളിത ഇവിടെ ജോലി ചെയ്തിരുന്നു. ഇതിനെച്ചൊല്ലിയുണ്ടായ വാക്കുതർക്കമാണ് ആക്രമണത്തിൽ കലാശിച്ചതെന്ന് പോലിസ് പറഞ്ഞു.

## അടൂർ കിളിവയലിൽ പഴകിയ മത്സ്യം പിടിച്ചെടുത്തു നശിപ്പിച്ചു

അടൂർ: കടയിൽ സൂക്ഷിച്ചിരുന്ന മത്സ്യം ഉപയോഗശൂന്യമെന്നു കണ്ടെത്തിയതിനെത്തുടർന്ന് പിടിച്ചെടുത്തു നശിപ്പിച്ചു. അടൂർ കിളിവയൽ ജംഗ്ഷനു സമീപം ചെറുകിട മത്സ്യ വ്യാപാരക്കടയിൽനിന്നാണ് പഴകിയ മത്സ്യം കണ്ടെത്തിയത്.

എന്നാൽ, കുറെ ദിവസങ്ങളായി കട അടച്ചിട്ടിരിക്കുകയായിരുന്നുവെന്നു നാട്ടുകാർ പറഞ്ഞു. സമീപത്ത് ദുർഗന്ധം രൂക്ഷമായതിനെത്തുടർന്നാണ് പ്രദേശവാസികൾ ഗ്രാമപഞ്ചായത്തിലും ആരോഗ്യവകുപ്പിലും പരാതി നൽകിയത്.

ഏറത്ത് ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അനിൽ പൂതക്കുഴി, അസി. സെക്രട്ടറി അരുൺകുമാർ, ജെഎച്ച്ഐ കല എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് വളരെ ദിവസം പഴക്കമുള്ള മത്സ്യം കണ്ടെത്തിയത്. 20 കിലോയോളം വരുന്ന മത്സ്യം പൂർണമായി നശിപ്പിച്ചു.

## ജില്ലയിൽ ഫാം ടൂറിസത്തിന് വൻ സാധ്യത: മന്ത്രി

വാഗമൺ: ക്ഷീരമേഖലയും അതോടനുബന്ധിച്ചുള്ള പുൽകൃഷി വളർത്തലും സജീവമായ ഇടുക്കിയിൽ ഫാം ടൂറിസത്തിന് വലിയ സാധ്യതയാണുള്ളതെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയുടെ സ്ഥാപക ദിനാഘോഷം കോലാഹലമേട് കാന്പസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ക്ഷീരകർഷകരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പതിനാല് പദ്ധതികളും ഇതോടൊപ്പം ഉദ്ഘാടനം ചെയ്തു. വാഴൂർ സോമൻ എംഎൽഎ അധ്യക്ഷത വഹിച്ചു.വൈസ് ചാൻസലർ ഡോ.കെ.എസ്. അനിൽ മുഖ്യ പ്രഭാഷണം നടത്തി. രജിസ്ട്രാർ ഡോ പി. സുധീർ ബാബു, ഏലപ്പാറ പഞ്ചായത്ത് പ്രസിഡൻറ് മറിയാമ്മ, ബ്ലോക്ക് പഞ്ചായത്ത് മെംബർ ശ്രുതി പ്രദീപ്, വാർഡ് മെംബർ സിനി വിനോദ്, അസോസിയേറ്റ് പ്രഫ. ഡോ. നൈസി തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെൻറർ, എക്സ്പെരിമെൻറൽ ഡെയറി പ്ലാൻറ്, ബേസ് ഫാമിന് പുതിയ ഓഫീസ് കെട്ടിടം, ഫാം അനുബന്ധ പരിശീലന കേന്ദ്രം, മെഗാ ബയോഗ്യാസ് പ്ലാൻറ്, വില്പന കേന്ദ്രം, ഫാം ടൂറിസം പദ്ധതികൾ എന്നിവയാണ് കോലാഹലമേട് വെറ്ററിനറി ആൻഡ് അനിമൽ സയൻസ് കാന്പസിൽ ആരംഭിക്കുന്ന പുതിയ പദ്ധതികൾ.

## പട്ടികജാതി പട്ടിക വർഗ വിദ്യാർഥികളുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകണം കെപിഎംഎസ്

ചെറുതോണി: കേരളത്തിലെ പട്ടിക ജാതി പട്ടിക വർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനു കൂല്യങ്ങൾ സമയബന്ധിതമായി നൽകണമെന്ന് കെപിഎംഎസ് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.ആനുകൂല്യങ്ങൾ നൽകുന്നതിൽ സർക്കാരിന് വീഴ്ചപറ്റിയിരിക്കയാണ്.

ഇതുമൂലം വിദ്യാഭ്യാസം തുടരാനാകാതെ വിദ്യാർഥികൾ ബുദ്ധിമുട്ടുകയാണെന്നും സർക്കാർ അടിയന്തരമായി ഇടപെട്ട് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കെപിഎംഎസ് സംസ്ഥാന അസി. സെക്രട്ടറി പി.വി. ബാബു പറഞ്ഞു.

കെപിഎംഎസ് ജില്ലാ നേതൃയോഗം ഇടുക്കി എസ്സി കമ്യൂണിറ്റി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സെക്രട്ടേറിയറ്റംഗം സാബുകൃഷ്ണൻ അധ്യക്ഷത വഹിച്ചു.സംസ്ഥാന കമ്മിറ്റി അംഗങ്ങളായ കെ.കെ. രാജൻ, ശിവൻ കോഴിക്കമാലി, സുനീഷ് കുഴിമറ്റം, യൂണിയൻ സെക്രട്ടറിമാരായ പ്രകാശ് തങ്കപ്പൻ, പ്രതീഷ് തോപ്രാംകുടി, ഷിജി കെ. കൊച്ചുകുഞ്ഞ്, ഓമന വിജയകുമാർ എന്നിവർ പ്രസംഗിച്ചു.

# പാറപൊട്ടിക്കൽ : വീടിനു ഭീഷണി; പരാതി നൽകിയിട്ടും ഫലമില്ല

നെടുങ്കണ്ടം: നെടുങ്കണ്ടം പരിവർത്തനമേട് മുരുകൻചോലയിൽ അനധികൃതമായി പാറ പൊട്ടിക്കുന്നതിനെത്തുടർന്ന് വീടിൻറെ സംരക്ഷണഭിത്തിക്കും വീടിനും ഭീഷണി നേരിടുന്നതായി പരാതി.

പുത്തൻവീട്ടിൽ മാരിച്ചാമിയും ഭാര്യ അരുൾ ജ്യോതിയുമാണ് പരാതിക്കാർ. ഇതുസംബന്ധിച്ച് പോലീസിനും റവന്യു അധികൃതർക്കും പരാതി നൽകിയിട്ടും നടപടി സ്വീകരിക്കുന്നില്ലെന്ന് ഇവർ പത്രസമ്മേളനത്തിൽ ആരോപിച്ചു.

നിയമപരമായ അനുമതി വാങ്ങാതെയും തൻറെ നിരാക്ഷേപ പത്രം വാങ്ങാതെയുമാണ് അയൽവാസി പാറ പൊട്ടിക്കുന്നതെന്ന് മാരിച്ചാമി പറഞ്ഞു. തുടർച്ചയായി പാറ പൊട്ടിക്കുകയും ഇതിനായി മണ്ണ് നീക്കം ചെയ്യുകയും ചെയ്തതോടെ മാരിച്ചാമിയുടെ വീടിൻറെ സംരക്ഷണ ഭിത്തി ഇടിഞ്ഞുപോയിരുന്നു.

പരാതി നൽകിയിട്ടും നടപടി സ്വീകരിക്കാതെ വന്നതിനെത്തുടർന്ന് ഒരുലക്ഷം രൂപയോളം മുടക്കി മാരിച്ചാമി മതിൽക്കെട്ട് പുനർ നിർമിച്ചു. ഇതിനിടെ ഈ മാസം ആദ്യം അയൽവാസി വീണ്ടും മതിലിനോടു ചേർന്ന് പാറപൊട്ടിക്കാൻ ആരംഭിച്ചു.

പോലീസിലും വില്ലേജിലും പരാതി നൽകിയെങ്കിലും ആരും തിരിഞ്ഞുനോക്കിയില്ലെന്ന് ഇവർ പറഞ്ഞു. പാറ പൊട്ടിക്കുന്നത് ചോദ്യം ചെയ്താൽ അസഭ്യവർഷം പതിവാണെന്നും ഈ കുടുംബം പറയുന്നു. അധികാരികളിൽനിന്നു നീതി ലഭിക്കണമെന്നാണ് നിർധനരായ ഈ കുടുംബത്തിൻറെ ആവശ്യം.

# ജോലി വാഗ്ദാനം ചെയ്ത് യുവതികളെ തടവിലാക്കി പീഡിപ്പിച്ചു; ഒൻപത് പേർക്കെതിരെ കേസ്

പാറ്റ്ന: ബിഹാറിൽ ജോലി വാഗ്ദാനം ചെയ്ത് നിരവധി യുവതികളെ തടവിലാക്കി മാസങ്ങളോളം പീഡിപ്പിച്ച ഒൻപത് പേർക്കെതിരെ കേസ്. മുസാഫർപുർ ജില്ലയിലാണ് സംഭവം.

ഒരു വ്യാജ മാർക്കറ്റിംഗ് സ്ഥാപനവുമായി ബന്ധമുള്ളവരാണ് കേസിലെ പ്രതികൾ. ഒമ്പത് പ്രതികളും ഒളിവിലാണ്. ഇവരെ പിടികൂടാൻ പോലീസ് അന്വേഷണം ആരംഭിച്ചു. .

പ്രതികളുടെ പക്കൽ നിന്നും രക്ഷപ്പെട്ടവരിൽ ഒരാൾ ഒമ്പത് പേർക്കെതിരെ കോടതിയിൽ പരാതി നൽകിയിരുന്നു. കോടതിയുടെ നിർദേശത്തിൻറെ അടിസ്ഥാനത്തിലാണ് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചത്.

2022 ജൂണിൽ സോഷ്യൽ മീഡിയ വഴിയാണ് പ്രതി രക്ഷപെട്ട പെൺകുട്ടിയുമായി ബന്ധപ്പെട്ടത്. നല്ലൊരു ജോലി ലഭിക്കാൻ മുസാഫർപൂരിലെത്താൻ പ്രതി പെൺകുട്ടിയോട് ആവശ്യപ്പെടുകയായിരുന്നു.

മുസാഫർപൂരിൽ വന്നപ്പോൾ യുവതിയെ ആദ്യം ഒരു മുറിയിൽ പാർപ്പിച്ചു. മറ്റ് നിരവധി പെൺകുട്ടികളും അവിടെ താമസിച്ചിരുന്നു. പിന്നീട്, അവരെ ഒരു അജ്ഞാത സ്ഥലത്തേക്ക് മാറ്റുകയും ജോലി വാഗ്ദാനം ചെയ്ത് നിരവധി പെൺകുട്ടികളെ അവരെ കൊണ്ട് വിളിപ്പിക്കുകയും ചെയ്തു.

പ്രതികൾ യുവതികളെ മർദിക്കുകയും ലൈംഗീകമായി പീഡിപ്പിക്കുകയും ചെയ്തു. പരാതിക്കാരിയെയും മറ്റ് ഇരകളെയും ഇവർ ബലമായി വിവാഹം കഴിക്കുകയും ചെയ്തു. ഗർഭിണിയായവരെ കൊണ്ട് ഭ്രൂണഹത്യ ചെയ്യിപ്പിച്ചു. ഒടുവിൽ, ഇവിടെ നിന്നും രക്ഷപെട്ട ഒരു പെൺകുട്ടി വിവരം പോലീസിൽ അറിയിച്ചു.

എന്നാൽ തൻറെ പരാതി സ്വീകരിക്കാൻ ആദ്യം പോലീസ് വിസമ്മതിച്ചെന്നും അതിനാലാണ് കോടതിയെ സമീപിച്ചതെന്നും രക്ഷപ്പെട്ട യുവതി പറഞ്ഞു. പോലീസ് കേസെടുക്കാത്തതിൻറെ കാരണം അന്വേഷിക്കുമെന്ന് എസ്പി വിനിത സിൻഹ പറഞ്ഞു.

# ഇറ്റാലിയൻ തീരത്ത് രണ്ട് ബോട്ടുകൾ മുങ്ങി; 11 അഭയാർഥികൾ മരിച്ചു; നിരവധി പേരെ കാണാതായി

റോം: ഇറ്റാലിയൻ തീരത്ത് രണ്ട് വ്യത്യസ്ത ബോട്ടപകടങ്ങളിലായി 11 അഭയാർഥികൾ മുങ്ങിമരിച്ചു. 66 പേരെ കാണാതായെന്നാണ് വിവരം.മനുഷ്യക്കടത്ത് സംഘങ്ങളുടെ വലയിൽ കുടുങ്ങി വിവിധ രാജ്യങ്ങളിൽനിന്ന് യൂറോപ്പിലേക്ക് കടക്കാമെന്ന പ്രതീക്ഷയിൽ സഞ്ചരിച്ച ആളുകളാണ് അപകടത്തിൽപെട്ടത്. രക്ഷപെട്ടവരെ ഇറ്റാലിയൻ കോസ്റ്റ് ഗാർഡിന് കൈമാറി.തിങ്കളാഴ്ചയാണ് നാദിർ എന്ന കപ്പലിൽനിന്ന് രക്ഷാപ്രവർത്തകർ 10 മൃതദേഹങ്ങൾ കണ്ടെത്തിയത്. ഈ കപ്പലിലെ 51 പേരെ രക്ഷിച്ചതായി ജർമൻ രക്ഷാപ്രവർത്തകരായ റെസ്ക്യൂഷിപ് അറിയിച്ചു. ഇറ്റാലിയൻ ദ്വീപായ ലാംപെഡൂസയിൽ നിന്ന് 40 മൈൽ തെക്ക് ഭാഗത്തായിരുന്നു അപകടം.

തെക്കൻ ഇറ്റലിയിലെ കാലാബ്രിയ തീരത്തുനിന്ന് 100 മൈൽ അകലെ അയോണിയൻ കടലിൽ തിങ്കളാഴ്ച ഉച്ചയ്ക്കുണ്ടായ മറ്റൊരു ബോട്ടപകടത്തിൽ 26 കുട്ടികളടക്കം 66 പേരെ കാണാതായി. 12 പേരെ മറ്റൊരു ചരക്കുകപ്പലിൽ ഉണ്ടായിരുന്നവർ രക്ഷിച്ച് തുറമുഖത്തെത്തിച്ചു.

ഇവരിൽ ഒരു സ്ത്രീ പിന്നീട് മരിച്ചു. തുർക്കിയിൽ നിന്ന് പുറപ്പെട്ട കപ്പലാണ് ഇതെന്നാണ് സൂചന.

# യുഎസും ഇന്ത്യയും അതുല്യമായ സൗഹൃദം പങ്കിടുന്നുവെന്ന് വൈറ്റ്ഹൗസ്

വാഷിംഗ്ടൺ ഡിസി: ലോകത്തിലെ ഏറ്റവും പഴക്കമേറിയതും വലുതുമായ രണ്ട് ജനാധിപത്യ രാജ്യങ്ങൾ എന്ന നിലയിൽ, യുഎസും ഇന്ത്യയും അതുല്യമായ സൗഹൃദം പങ്കിടുന്നുവെന്ന് വൈറ്റ്ഹൗസ്.

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക് സള്ളിവൻറെ ഇന്ത്യ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള നിലവിലെ ബന്ധം കൂടുതൽ ഉറപ്പാക്കുമെന്നും വൈറ്റ് ഹൗസ് നാഷണൽ സെക്യൂരിറ്റി കമ്മ്യൂണിക്കേഷൻസ് അഡ്വൈസർ ഓൺ കിർബി വാർത്താ സമ്മേളനത്തിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.മോദി സർക്കാർ മൂന്നാം തവണയും അധികാരത്തിൽ വന്നതിന് പിന്നാലെയാണ് യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക് സള്ളിവൻ ഇന്ത്യ സന്ദർശിക്കുന്നത്. സള്ളിവൻ തിങ്കളാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും അജിത് ഡോവലുമായും കൂടിക്കാഴ്ച നടത്തി.

ഖാലിസ്ഥാനി വിഘടനവാദി ഗുർപത്വന്ത് സിംഗ് പന്നുവിൻറെ കൊലക്കേസുമായി ബന്ധപ്പെട്ട ചോദ്യങ്ങളോട് പ്രതികരിക്കാൻ അദ്ദേഹം തയറായില്ല. തിങ്കളാഴ്ച ന്യൂയോർക്കിലെ ഫെഡറൽ കോടതിയിൽ ഹാജരാക്കിയ നിഖിൽ ഗുപ്ത കുറ്റം നിഷേധിച്ചു.

# ചികിത്സാപ്പിഴവുമൂലം വിദ്യാർഥിക്ക് ശസ്ത്രക്രിയ നടത്തിയെന്ന് പരാതി

നെടുങ്കണ്ടം: ചികിത്സാ പരിചരണത്തിലുണ്ടായ പിഴവുമൂലം വിദ്യാർഥിക്ക് ശസ്ത്രക്രിയ നടത്തേണ്ടിവന്നതായി പരാതി. കല്ലാർ ഗവ. സ്കൂൾ വിദ്യാർഥിയായ സന്യാസിയോട സ്വദേശി പുത്തൻപീടികയിൽ അബ്ദുൾ മുജീബിനാണ് ചികിത്സാപ്പിഴവിനെത്തുടർന്ന് ശസ്ത്രക്രിയ ആവശ്യമായി വന്നത്.

കഴിഞ്ഞ അഞ്ചിന് സ്കൂളിൽ വച്ച് പനി ഉണ്ടായതിനെത്തുടർന്നാണ് മുജീബ് മുണ്ടിയെരുമ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയ്ക്കെത്തിയത്. ഇൻജക്ഷൻ ചെയ്ത് വിട്ടയച്ച മുജീബിന് വേദന അനുഭവപ്പെടുകയും കുത്തിവച്ച ഭാഗം പഴുക്കുകയും ചെയ്തു. ഇന്‌ജക്ഷൻ! എടുത്തപ്പോൾ ശരിയായ രീതിയിൽ പരിചരിക്കാഞ്ഞതിനെത്തുടർന്നാണ് പഴുക്കാനിടയായ തെന്നു പിതാവ് അബ്ദുൾ നജീബ് ഡിഎംഒയ്ക്ക് നൽകിയ പരാതിയിൽ പറയുന്നു.

പത്തിന് ഇതേ ആശുപത്രിയിൽത്തന്നെ എത്തി ഇക്കാര്യം നഴ്സിനോട് പറഞ്ഞപ്പോൾ, ഒരുപാട് രോഗികൾ വരുന്ന ഹോസ്പിറ്റലാണെന്നും ഇതിൽ കൂടുതലായി തങ്ങളെക്കൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ലെന്നും പറഞ്ഞതായും പരാതിയിൽ ആരോപിക്കുന്നു.

കുത്തിവച്ച ഭാഗം പഴുത്തതിനെത്തുടർന്ന് മുജീബിനെ കട്ടപ്പനയിലെ സ്വകാര്യ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തി പഴുപ്പ് നീക്കം ചെയ്തു. മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളിനു സമീപമാണ് മുണ്ടിയെരുമ പ്രാഥമികാരോഗ്യകേന്ദ്രം.

ജീവനക്കാരുടെ ഇത്തരത്തിലുള്ള കൃത്യവിലോപം കൂടുതൽ കുട്ടികളുടെ ജീവൻ അപകടത്തിലാക്കാൻ ഇടയാക്കുമെന്നും, വിഷയത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരേ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും പരാതിയിൽ ആവശ്യപ്പെടുന്നു. ഇതു സംബന്ധിച്ച് ആരോഗ്യ മന്ത്രിക്കും മനുഷ്യാവകാശ കമ്മീഷനും രക്ഷിതാക്കൾ പരാതി നൽകിയിട്ടുണ്ട്.

# സഹകരണ പ്രസ്ഥാനങ്ങൾ നാടിൻറെ നട്ടെല്ല്: മന്ത്രി കെ. രാജൻ

കൊരട്ടി: കേരള ജനത ഹൃദയത്തോടു ചേർത്തുപിടിച്ച കൊരട്ടി സഹകരണ ബാങ്ക് പോലെയുള്ള നക്ഷത്ര ശോഭയുള്ള സഹകരണ പ്രസ്ഥാനങ്ങളെ കഴുത്ത് ഞെരിച്ച് കൊല്ലാനുള്ള മൂലധനശക്തികളുടെ ബോധപൂർവമായ ശ്രമങ്ങൾ വിലപ്പോവില്ലെന്ന് മന്ത്രി കെ. രാജൻ. കൊരട്ടി സർവീസ് സഹകരണ ബാങ്കിൻറെ നവീകരിച്ച ചിറങ്ങര ബ്രാഞ്ചിൻറെയും പുതുതായി ആരംഭിച്ച കൊരട്ടി മാർട്ടിൻറെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ബാങ്ക് നടപ്പിലാക്കുന്ന ആശ്വാസ് പെൻഷൻ പദ്ധതിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

സഹകരണ സംഘങ്ങൾക്ക് ചിലയിടങ്ങളിൽ സംഭവിക്കുന്ന അപചയങ്ങൾ സർക്കാർ ഗൗരത്തോടെയാണ് കാണുന്നത്. അപചയങ്ങൾക്ക് വഴിപ്പെടാതെയും സാമാന്യവൽക്കരിക്കാതെയും തെറ്റെന്ന് കണ്ട് തിരുത്താൻ തയാറാകുകയാണ് വേണ്ടതെന്നും മന്ത്രി ഓർമിപ്പിച്ചു.

സഹകരണ സംഘങ്ങളിലെ ഒരോ ചെറിയ സംഖ്യയുടെ നിക്ഷേപങ്ങളിലും സാധാരണക്കാരൻറെ വിയർപ്പും ഗന്ധവുമുണ്ടെന്ന് മനസിലാക്കി സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ പ്രവർത്തനങ്ങളിലൂടെ നാടിൻറെ നട്ടെല്ലായി മാറാൻ സഹകരണ സംഘങ്ങളുടെ നേതൃനിരയിലുള്ളവർ ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.

ബാങ്കിംഗ് രംഗത്തെ കുത്തകവത്കരണം ദേശസാൽകൃത ബാങ്കുകളെ പോലും അപകടകരമായി പിന്തുടരുമ്പോൾ നാടിൻറെ സ്പന്ദനങ്ങൾക്കൊപ്പം ബദലായി മാറാൻ സഹകരണ ബാങ്കുകൾക്ക് കഴിയണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

വിവിധ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ, കുടുംബശ്രീ, മറ്റ് സഹകരണ സ്ഥാപനങ്ങളുടെ കർഷക തനിമയാർന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ കൊരട്ടി മാർട്ടിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന പദ്ധതി അഭിനന്ദനാർഹമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ബാങ്ക് പ്രസിഡൻറ് കെ. പി. തോമസ് അധ്യക്ഷനായി. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി. സി. ബിജു, ജില്ലാ പഞ്ചായത്ത് അംഗം ലീല സുബ്രമണ്യൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം സിന്ധു രവി, വാർഡ് മെമ്പർ പി. എസ്. സുമേഷ്, ബാങ്ക് സെക്രട്ടറി എൻ. ജി. സനിൽ കുമാർ, ബാങ്ക് വൈസ് പ്രസിഡൻറ് എം. കെ. സുഭാഷ്, ബോർഡ് മെമ്പർ അഡ്വ. കെ. എ. ജോജി, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പ്രസംഗിച്ചു.

# പുലി ഭീതി: മാന്ദാമംഗലം ഫോറസ്റ്റ് ഓഫീസിൽ 24 മണിക്കൂർ കൺട്രോൾ റൂം തുറക്കുമെന്ന് മന്ത്രി

പുത്തൂർ: മാന്ദാമംഗലം മുരുക്കുംപാറയിൽ പുലിയുടെ സാന്നിധ്യം ഉണ്ടെന്ന അഭ്യൂഹത്തെ തുടർന്ന് പ്രദേശം റവന്യൂ മന്ത്രി കെ. രാജൻ സന്ദർശിച്ചു. കഴിഞ്ഞ രണ്ടുദിവസമായാണ് പുലിയെ കണ്ടതായി നാട്ടുകാർ പറയുന്നത്. മുരുക്കുംപാറയിലും വെള്ളച്ചാലിലുമാണ് പുലിയെ കണ്ടതായി അഭ്യൂഹം ഉയർന്നത്. ഇതേത്തുടർന്നാണു മന്ത്രി.ുടെ നേതൃത്വത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരും പുത്തൂർ പഞ്ചായത്ത് ജനപ്രതിനിധികളും സ്ഥലം സന്ദർശിച്ചത്.

മുരുക്കുംപാറയിൽ കഴിഞ്ഞ ദിവസം പുലിയെ കണ്ടുവെന്നുപറയുന്ന സ്കൂട്ടർ യാത്രക്കാരി നിത്യയിൽ നിന്ന് മന്ത്രി വിവരങ്ങൾ ചോദിച്ചറിഞ്ഞു. മാന്ദാമംഗലം ഫോറസ്റ്റ് സ്റ്റേഷനിൽ 24 മണിക്കൂർ കൺട്രോൾ റൂം തുറക്കാൻ മന്ത്രി നിർദേശം നൽകി.

പുലിയുടെ സാന്നിധ്യവുമായി ബന്ധപ്പെട്ട് തെളിവുകൾ ലഭിക്കുംവരെ അടുത്ത ഒരാഴ്ച പ്രദേശത്ത് പട്രോളിംഗ് നടത്താനും വനം വകുപ്പിനു നിർദേശം നൽകി. ആവശ്യമെങ്കിൽ പോലീസ് സഹായം തേടാനും മന്ത്രി നിർദേശിച്ചു. കൂടുതൽ നിരീക്ഷണ കാമറകൾ സ്ഥാപിക്കും. നിലവിൽ മുരുക്കുംപാറയിൽ ഒറ്റ നിരീക്ഷണ കാമറ മാത്രമാണുള്ളത്. ഇതിനു പുറമേ ആറു നിരീക്ഷണ കാമറകൾ സ്ഥാപിക്കാൻ നിർദേശം നൽകി.

മാന്ദാമംഗലം ഫോറസ്റ്റ് ഓഫീ സിലെ ജീവനക്കാരുടെ എണ്ണം വർധിപ്പിക്കാൻ പട്ടിക്കാട് റേഞ്ച് ഓഫീസർക്ക് മന്ത്രി നിർദേശം നൽകി. നിലവിലെ സ്ഥിതി വനംവകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയതായി മന്ത്രി അറിയിച്ചു.

ജനങ്ങളുടെ ആശങ്ക ഒഴിവാക്കുന്നതിനായി ഇന്ന് ഉച്ചയ്ക്ക് ഒന്നിന് മാന്ദാമംഗലം ഫോറസറ്റ് ഓഫീസിൽ സർവകക്ഷി യോഗം വിളിച്ചുചേർക്കുമെന്ന് മന്ത്രി അറിയിച്ചു. എഡിഎം ടി. മുരളി, പുത്തൂർ പഞ്ചായത്ത് പ്രസിഡൻറ് മിനി ഉണ്ണികൃഷ്ണൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

# കല്ലടിക്കോട് മലയോര മേഖലയിൽ സൗരോർജവേലി നിർമാണം തുടങ്ങി

കല്ലടിക്കോട്: വന്യമൃഗ ശല്യത്തിനു പരിഹാരം കാണണമെന്ന പ്രദേശവാസികളുടെ നിരന്തരമായ ആവശ്യത്തെ തുടർന്ന് കല്ലടിക്കോടൻ മലയോര മേഖലയിൽ സൗരോർജവേലി നിർമാണം തുടങ്ങി.

മുണ്ടൂർ പഞ്ചായത്തിലെ വടക്കൻറെ കാർഡ് മുതൽ പാലക്കയം പഞ്ചായത്തിലെ ഇഞ്ചിക്കുന്ന് വരെയുള്ള 40 കിലോമീറ്റർ ദൂരത്തിലാണ് സൗരോർജവേലി സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചത്.

കരിമ്പ, തച്ചമ്പാറ പഞ്ചായത്തുകളിലൂടെയാണ് വേലി നിർമിക്കുന്നത്. പ്രതിരോധ വേലിയുടെ നിർമാണം മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണു തീരുമാനം. കരിമ്പ പഞ്ചായത്തിലെ എരുമേനി, മേലെ പയ്യാനി, പറക്കലടി, ചെറുമല, കരിമല, മരുതംകാട്, മൂന്നേക്കർ, മുണ്ടനാട്, തരിപ്പപ്പതി, ചീനയ്ക്കപ്പാറ, വട്ടപ്പാറ തുടങ്ങിയ പ്രദേശങ്ങളിലാണ് വന്യമൃഗശല്യം രൂക്ഷമായിട്ടുള്ളത്.

ഈ പ്രദേശങ്ങളിൽ കാട്ടാനകൾക്ക് പുറമെ പുലിയും കടുവയും മറ്റു മൃഗങ്ങളും കൃഷിയിടങ്ങളിൽ എത്തുന്നത് പതിവാണ്. കൃഷിയിടത്തിൽ എത്തുന്ന വന്യമൃഗങ്ങളെ കണ്ടെത്തുന്നതിനും അവയെ ജനവാസ മേഖലകളിൽ നിന്നും വനാതിർത്തിയിലേക്ക് കടത്തിവിടുന്നതിനും വേണ്ടി വനം വകുപ്പധികാരികൾ കാമറകൾ സ്ഥാപിച്ച് നിരീക്ഷണവും നടത്തുന്നുണ്ട്.

മറ്റുപല മലയോര മേഖലകളിലും വിജയം കണ്ടതിനെ തുടർന്നാണ് കല്ലടിക്കോട് മലയോരമേഖലയിലും സൗരോർജവേലി പരീക്ഷിക്കാൻ തീരുമാനിച്ചത്. വനം വകുപ്പ് നിർമിക്കുന്ന വൈദ്യുതി വേലികൾ പലതും കാട്ടാനകൾ മരം ചവിട്ടി മറിച്ച് വൈദ്യുതി ബന്ധം വിച്ഛേദിച്ച് കൃഷിയിടങ്ങളിലേക്ക് എത്തുന്നത് സ്ഥിരം പതിവാണ്.

തൂക്കുവേലി സ്ഥാപിച്ച ഇടങ്ങളിലെല്ലാം അവ തട്ടിമറിച്ച് കൃഷിയിടങ്ങളിലേക്ക് കാട്ടാനകൾ ഇറങ്ങുന്നത് സ്ഥിരം കാഴ്ചയാണ്. പലപ്പോഴും വനം വകുപ്പ് അധികാരികൾക്ക് തുടർപരിചരണം നടത്താൻ സാധിക്കാതെ വരുന്നു.

അതത് സ്ഥലത്തെ കർഷകരെ സൗരോർജവേലിയുടെ പരിചരണത്തിന് ഏൽപ്പിച്ചാൽ ഈ പ്രശ്നം പരിഹരിക്കാനാവുമെന്നാണ് കർഷകർ പറയുന്നത്.

കാട്ടാനകളെ പേടിച്ച് പലപ്പോഴും കർഷകർക്ക് കൃഷിയിടങ്ങളിലേക്കു പോകാനോ റബർടാപ്പിംഗ് നടത്താനോ മറ്റ് കൃഷിപ്പണികൾ ചെയ്യാനോ സാധിക്കാത്ത അവസ്ഥയാണ്.

ആദ്യകാലങ്ങളിൽ രാത്രി മാത്രം വന്നിരുന്ന കാട്ടാനകളും പുലിയും ഇപ്പോൾ പകലും കൃഷിയിടങ്ങളിലും വീടുകൾക്ക് സമീപവും എത്തുന്നത് പ്രദേശവാസികളിൽ ഭീതി ഉയർത്തുന്നുണ്ട്.

# ഇന്ത്യയിൽ ഹിന്ദുത്വ അജണ്ട ഉടൻ നടപ്പാക്കാൻ കഴിയില്ല: എം. വി. ഗോവിന്ദൻ

പെരിന്തൽമണ്ണ: ദാർശനിക നിലപാടുകളെ അടിസ്ഥാനപ്പെടുത്തി കേരളത്തിൽ ഉയർന്നുവന്ന ഓരോ പ്രശ്നങ്ങളെയും എങ്ങനെ മാർക്സിസം സന്നിവേശിപ്പിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യണം എന്ന് ഇഎംഎസിനെ പോലെ അറിയാവുന്ന ഒരാളും ഇന്ത്യയിൽ ഉണ്ടായിട്ടില്ലന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പറഞ്ഞു.

'ഇഎംഎസിൻറെ ലോകം' 27ാമത് ദേശീയ സെമിനാർ ഷിഫാ കൺവൻഷൻ സെൻററിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയെ വീണ്ടും മതരാഷ്ട്രമാക്കാൻ നീക്കം തുടങ്ങി കഴിഞ്ഞു അതിൻറെ ആദ്യത്തെ കാൽവയ്പ്പാണ് പൗരത്വ ഭേദഗതി നിയമമെന്നും എന്നാൽ ലോക്സഭാ തെരഞ്ഞെടുപ്പിനു ശേഷം കൂട്ടുകക്ഷി ഭരണം വന്ന സ്ഥിതിക്ക് ഹിന്ദുത്വ അജണ്ട ഇന്ത്യയിൽ ഉടൻ നടപ്പാക്കാൻ കഴിയില്ലെന്നും ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

പെൻഷനടക്കം സാധാരണക്കാർക്ക് നൽകേണ്ട പല ആനുകൂല്യങ്ങളും നൽകാൻ സംസ്ഥാന സർക്കാരിന് സാധിക്കാഞ്ഞത് ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരിച്ചടിയായി. തെരഞ്ഞെടുപ്പിൽ നല്ലത് പോലെ തോറ്റു. തോറ്റിട്ട് ജയിച്ചെന്ന് പറഞ്ഞിട്ട് കാര്യമില്ല. തോൽവിയുടെ കാരണം കണ്ടെത്തി തിരുത്തി മുന്നോട്ടുപോവും. 62 ലക്ഷം ആളുകൾക്ക് കൊടുക്കേണ്ട പെൻഷൻ കൊടുത്ത് തീർക്കാനായിട്ടില്ല.

അധ്യാപകർക്കുള്ള ഡി. എ പൂർണമായും കൊടുത്തിട്ടില്ലായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇ. എൻ. മോഹൻദാസ് അധ്യക്ഷത വഹിച്ചു. സംഘാടകസമിതി അധ്യക്ഷൻ വി. ശശികുമാർ സ്വാഗതം പറഞ്ഞു. കെ. ഇ. എൻ. കുഞ്ഞുമുഹമ്മദ് ഇഎംഎസ് സ്മാരക പ്രഭാഷണം നടത്തി. പാലോളി മുഹമ്മദ് കുട്ടി മുഖ്യാതിഥിയായിരുന്നു. പുസ്തക പ്രകാശനം ഗോവിന്ദൻ മാസ്റ്റർ, പാലോളി മുഹമ്മദ് കുട്ടിക്കി നൽകി നിർവഹിച്ചു.

പി. പി. വാസുദേവൻ, കെ. പി. മോഹനൻ, ഡോ. മുഹമ്മദ്, വിജയലക്ഷ്മി, ഇ. എം. രാധ, ടി. കെ. ഹംസ, മടമ്പൂർ രാജൻ, ബാബു, കെ. പി. രമണൻ, കെ. എസ്. ഹംസ, പി. കെ. സൈനബ, വി. പി. സാനു തുടങ്ങിയവർ പങ്കെടുത്തു.

തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഇടതുമുന്നണിയുടെ പ്രകടനത്തിൽ വലിയ നിരാശയെന്ന് സിപിഎം പൊളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് പറഞ്ഞു. പുതുലോക ക്രമവും ശീതയുദ്ധവും എന്ന വിഷയത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കനത്ത നഷ്ടമാണ് പാർട്ടിയ്ക്കുണ്ടായത്. വിശദമായ പരിശോധന നടത്തി പിഴവുകൾ പരിഹരിച്ച് മുന്നോട്ട് പോവും. ഹിന്ദുത്വ അജൻഡ മാത്രം ലക്ഷ്യമാക്കുന്ന നരേന്ദ്രമോദിക്ക് അധിക കാലം ഭരണത്തിൽ തുടരാനാവില്ലെന്നും അദ്ദേഹം പറഞ്ഞു.

## സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർഥി സമൂഹം വളർന്നു വരണം: പി. ഉബൈദുള്ള എംഎൽഎ

മലപ്പുറം: സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർഥി സമൂഹം വളർന്നു വരേണ്ടത് ഈ കാലഘട്ടത്തിൻറെ ആവശ്യമാണെന്ന് പി. ഉബൈദുള്ള എംഎൽഎ പറഞ്ഞു. കോഡൂർ ഗ്രാമപഞ്ചായത്ത് നവീകരിച്ച ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോഡൂർ പഞ്ചായത്തിൻറെ ടോപ്പേഴ്സ് മീറ്റ് ജില്ലാ കളക്ടർ വി. ആർ. വിനോദ് ഉദ്ഘാടനം ചെയ്തു. എസ്എസ്എൽസി, പ്ലസ്ടു, നീറ്റ് എൻട്രൻസ് പരീക്ഷയിൽ മികച്ച വിജയം നേടിയവരേയും സിവിൽ സർവീസ് പരീക്ഷയിൽ റാങ്ക് നേടിയ ഫാത്തിമ ഷിംനയെയും ചടങ്ങിൽ അനുമോദിച്ചു. പഞ്ചായത്ത് പ്രസിഡൻറ് റാബിയ ചോലക്കൽ അധ്യക്ഷത വഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആസ്യ കുന്നത്ത്, ജില്ലാ പഞ്ചായത്ത് മെമ്പർ കെ. സലീന ടീച്ചർ, പഞ്ചായത്ത് വൈസ് പ്രസിഡൻറ് സാദിഖ് പൂക്കാടൻ, സെക്രട്ടറി എം. മധുസൂദനൻ, സ്ഥിരംസമിതി അധ്യക്ഷരായ ഫാത്തിമ വട്ടോളി, ശിഹാബ് അരീക്കത്ത്, ബ്ലോക്ക് മെമ്പർ എം. പി. ബഷീർ പ്രസംഗിച്ചു.

# തമിഴ്നാട്ടിൽ നിന്നും വേട്ടയാടിയ മലമാനിൻെറ മാംസവുമായി രണ്ടുപേർ പിടിയിൽ

എടക്കര: തമിഴ്നാട്ടിൽ നിന്നും വേട്ടയാടിയ മലമാനിൻറെ മാംസവുമായി രണ്ടുപേർ വഴിക്കടവിൽ വനം വകുപ്പിൻറെ പിടിയിലായി. മരുത മത്തളപ്പാറ എടക്കാട്ടിൽ അമീർ ഫൈസൽ (26), മരുത തണ്ടുപാറ മുഹമ്മദ് റാഷി(26) എന്നിവരെയാണ് വഴിക്കടവ് റേഞ്ച് ഓഫീസർ കെ. പി. എസ്. ബോബികുമാറും സംഘവും അറസ്റ്റ് ചെയ്തത്.

ഇവരിൽ നിന്ന് മലമാനിൻറെ 25 കിലോ മാംസവും കുളമ്പുള്ള ഒരു കാലും, വേട്ടയ്ക്കുപയോഗിച്ച തോക്കും വനപാലകർ പിടിച്ചെടുത്തു. ഇന്നലെ രാവിലെ പോത്തുകൽ ഡെപ്യൂട്ടി റേഞ്ച് ഓഫീസർ വിനോദ് കൃഷ്ണന് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ അമീർ ഫൈസലിൻറെ മത്തളപ്പാറയിലെ വീട്ടിൽ നടത്തിയ പരിശോധനയിലാണ് മാംസവും മറ്റും കണ്ടെടുത്തത്. ഇവിടെനിന്നും കുളമ്പുള്ള കാലും കണ്ടെടുത്തു. ചോദ്യം ചെയ്യലിൽ കാട്ടിറച്ചിയാണെന്നും തമിഴ്നാട്ടിൽ നിന്നും വേട്ടയാടിയതാണെന്നും ഇയാൾ മൊഴി നൽകി. മുഹമ്മദ് റാഷി, വഴിക്കടവ് ആനമറി കുളങ്ങാടൻ ജംഷീർ എന്നിവർ ചേർന്നാണ് ഊട്ടിക്കടുത്ത് പൈക്കര പോലീസ് സ്റ്റേഷൻ പരിധിയിലെ മുത്തനാട്നന്തിൽ നിന്നും മലമാനിനെ വേട്ടയാടിത്.

പ്രതികളിലൊരാളായ ജംഷീറിനെ പിടികൂടാനിയിട്ടില്ല. പിടിയിലായ പ്രതികളുമായി വനപാലകർ മുത്തനാട് നന്തിൽ നടത്തിയ തെളിവെടുപ്പിൽ മലമാനിൻറെ തൊലിയും, തലയും മറ്റ് ഭാഗങ്ങളും കണ്ടെത്തു. തമിഴ്നാട് സ്വദേശികളായ മഹേഷ്, ബാബു എന്നിവരും കൃത്യത്തിൽ ഉൾപ്പെട്ടതായി വ്യക്തമായിട്ടുണ്ട്.

പ്രതികളെ മഞ്ചേരി വനം കോടതിയിൽ ഹാജരാക്കി. കുറ്റകൃത്യം തമിഴ്നാട്ടിൽ നടന്നതിനാൽ കൂടുതൽ അന്വേഷണത്തിനായി പ്രതികളെ തമിഴ്നാട് വനം ഉദ്യോഗസ്ഥർക്ക് കൈമാറും. റേഞ്ച് ഓഫീസർ, ഡെപ്യൂട്ടി റേഞ്ച് ഓഫീസർ എന്നിവർക്ക് പുറമെ സെക്ഷൻ ഫേറസ്റ്റ് ഒഫീസർമരായ ഷിജു, സുജിത്ത്, ലാൽ വി. നാഥ്, ഗാർഡുമാരായ ഷാക്കിർ, അഖിൽ ദേവ്, മൈക്കിൾ, മാലതി എന്നിവരും അന്വേഷ സംഘത്തിലുണ്ടായിരുന്നു.

# ബാർട്ടൺഹിൽ എൻജിനിയറിങ് കോളജിൽ താത്കാലിക ഒഴിവുകൾ

തിരുവനന്തപുരം ബാർട്ടൺ ഹിൽ ഗവ.എൻജിനിയറിങ് കോളജിലെ വിവിധ വിഭാഗങ്ങളിൽ കരാറടിസ്ഥാനത്തിൽ ക്ലർക്ക് കം അക്കൗണ്ടന്റ്/ ഓഫീസ് അറ്റൻഡന്റ്/ വാച്ച്മാൻ എന്നീ തസ്കികകളിലെ ഒഴിവുകളിൽ താത്കാലിക നിയമനം നടത്തും.

ക്ലർക്ക് കം അക്കൗണ്ടന്റ് തസ്തികയിൽ ബി.കോം ആൻഡ് ടാലി, കമ്പ്യൂട്ടർ പരിജ്ഞാനം, ടൈപ്പിങ് സ്കിൽ, അക്കൗണ്ടിങ് മേഖലയിലുള്ള പ്രവൃത്തിപരിചയം എന്നിവയാണ് യോഗ്യതകൾ. ഡ്രൈവിങ് ലൈസൻസ് ഉള്ളവർക്ക് മുൻഗണന. പ്രായം 40 വയസ് കവിയരുത്. ജൂൺ 24നാണ് അഭിമുഖം.

ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. ഇതേ മേഖലയിൽ പ്രവൃത്തിപരിചയം ഉള്ളവർക്കും ഡ്രൈവിങ് ലൈസൻസ് ഉള്ളവർക്കും മുൻഗണന. പ്രായം 40 വയസ് കവിയരുത്. ജൂൺ 25നാണ് അഭിമുഖം.

വാച്ച്മാൻ തസ്തികയിൽ ഏഴാം ക്ലാസ് പാസും മലയാളം എഴുതാനും വായിക്കാനുമുള്ള പരിജ്ഞാനവുമുള്ളവർക്ക് അപേക്ഷിക്കാം. ഇതേ മേഖലയിൽ പ്രവൃത്തിപരിചയം ഉള്ളവർക്കും ഡ്രൈവിങ് ലൈസൻസ് ഉള്ളവർക്കും മുൻഗണന. പ്രായം 40 വയസ് കവിയരുത്. അഭിമുഖ തീയതി ജൂൺ 24.

പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർഥികൾ ജൂൺ 20 മുതൽ 22 വരെ http://www.gecbh.ac.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.g-e-c-b-h.a-c.in, 0471 2300484.

# ആലുവ റെയിൽവേ സ്റ്റേഷൻ ഓട്ടോ സ്റ്റാൻഡിൽ ഹ്രസ്വദൂര യാത്രക്കാരെ ഒഴിവാക്കി ഓട്ടോക്കാർ

ആലുവ: ആലുവ റെയിൽവേ സ്റ്റേഷന് മുന്നിലുള്ള ഓട്ടോ സ്റ്റാൻഡിലെ ഓട്ടോറിക്ഷകൾ ചെറിയ ഓട്ടം പോകുന്നില്ലെന്ന് വീണ്ടും പരാതി. ട്രെയിൻ ഇറങ്ങി വരുന്ന യാത്രക്കാർ 10 കിലോമീറ്ററിൽ കുറവ് ദൂരത്തേക്കാണ് ഓട്ടം വിളിക്കുന്നതെങ്കിൽ പോകാൻ തയാറാകുന്നില്ലെന്നാണ് ആക്ഷേപം.

വടക്കൻ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ ലഭിച്ചാൽ നാലിരട്ടി യാത്രക്കൂലി ഈടാക്കാമെന്നതാണ് മലയാളികളെ ഒഴിവാക്കാൻ കാരണം. പെരുമ്പാവൂർ മേഖലയിലേക്ക് കൊണ്ടുപോകുന്നത് അഞ്ചും ആറും പേരെ കുത്തിനിറച്ചാണ്. 500 മുതൽ 1000 രൂപ വരെ ലഭിക്കുകയും ചെയ്യും. ഇതു കാരണം ഏതാനും കിലോമീറ്റർ യാത്രകൾ ഒഴിവാക്കുന്നതായാണ് യാത്രക്കാരുടെ ആരോപണം.പ്രീപെയ്ഡ് ഓട്ടോറിക്ഷ കൗണ്ടർ മൂന്നാം വട്ടം പ്രവർത്തനം ആരംഭിച്ചിട്ടും ഹ്രസ്വദൂര യാത്രക്കാരുടെ ദുരിതം തീരുന്നില്ല. രണ്ട് രൂപ സേവന ഫീസ് യാത്രക്കാരിൽനിന്ന് ഈടാക്കി പ്രവർത്തിക്കുന്ന കൗണ്ടർ പകൽ മാത്രമാണിപ്പോൾ പ്രവർത്തിക്കുന്നത്.യൂത്ത് കോൺഗ്രസ് നേതാവായ ജോണി ക്രിസ്റ്റഫറിനും കഴിഞ്ഞ രാത്രി ഉണ്ടായ ദുരനുഭവമാണ് ഏറ്റവും പുതിയ സംഭവം. കൈക്കുഞ്ഞുമായി കുടുംബത്തിന് മൂന്ന് കിലോമീറ്റർ അകലെയുള്ള കൊച്ചിൻ ബാങ്ക് സ്റ്റോപ്പിലേക്ക് പോകാൻ ആരും തയാറായില്ല.

ഒരു ഓട്ടോറിക്ഷയിൽ കയറിയ കുടുംബത്തെ ഇറക്കിവിട്ടതായും ആക്ഷേപമുണ്ട്. യൂത്ത് കോൺഗ്രസ് ആലുവ നിയോജക മണ്ഡലം ജനറൽ സെക്രട്ടറി ജോണി ക്രിസ്റ്റഫർ ഗതാഗത മന്ത്രിക്ക് പരാതി നൽകിയിരിക്കുകയാണ്. ചെറിയ ഓട്ടം വിളിക്കുന്നവരെ ഡ്രൈവർമാർ ചേർന്നുനിന്ന് പരിഹസിക്കുന്നതായും ആരോപണമുണ്ട്.

യൂണിയൻറെ പിൻബലം ഉള്ളതിനാൽ ചോദ്യം ചെയ്യുന്ന യാത്രക്കാരെ അപമാനിക്കുന്നതായും പരാതി. യാത്രക്കാർക്ക് ട്രിപ്പ് നൽകിയാൽ ഓട്ടോ സ്റ്റാൻഡിൽനിന്ന് പുറത്താക്കുമെന്ന ഭീഷണി കാരണം ക്യൂവിൽനിന്ന് മാറി ഓട്ടം വരാനും ആരും തയാറാകുന്നില്ല. തൊട്ടടുത്ത ജംഗ്ഷനായ പമ്പ് കവലയിലേക്ക് ലഗേജുമായി നടന്നാണ് യാത്രക്കാർ ഇപ്പോൾ ഓട്ടോറിക്ഷ പിടിക്കുന്നത്.

# സബർമതി സ്പെഷൽ സ്കൂളിൽ ബ്രഡ് നിർമാണ യൂണിറ്റും ഫിസിയോ തെറാപ്പി സെൻററും പ്രവർത്തനം ആരംഭിച്ചു

ഹരിപ്പാട്: മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ അഭയകേന്ദ്രമായ ഹരിപ്പാട് സബർമതി സ്പെഷൽ സ്കൂളിൽ കുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതിനു വേണ്ടി ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സ് ഉടമ അദീബ് അഹമ്മദ് നേതൃത്വം നൽകുന്ന അദീബ് ഷഫീന ഫൗണ്ടേഷൻ സ്പോൺസർ ചെയ്ത ബ്രഡ് നിർമാണ യൂണിറ്റും സൗത്ത് ഇന്ത്യൻ ബാങ്ക് സ്പോൺസർ ചെയ്ത ഫിസിയോ തെറാപ്പി സെൻററും രമേശ് ചെന്നിത്തല എംഎൽഎ ഉദ്ഘാടനം ചെയ്തു. വിവിധ ബേക്കറി ഉത്പന്നങ്ങൾ നിർമിക്കുന്ന ഇവിടെ കുട്ടികൾക്ക് പരിശീലനം നൽകി അവരെ സ്വയം പര്യാപ്തമാക്കുക എന്നതാണ് ലക്ഷ്യമിടുന്നതെന്ന് സബർമതി സ്ഥാപകനും രക്ഷാധികാരിയുമായ രമേശ് ചെന്നിത്തല പറഞ്ഞു.സബർമതി ചെയർമാൻ ജോൺ തോമസ് അധ്യക്ഷത വഹിച്ചു. ലുലു ഫോറക്സ് ഡയറക്ടർ ഷിബു മുഹമ്മദ് മുഖ്യാതിഥിയായി. അഡ്വ.ഗായത്രി കൃഷ്ണ, സബർമതി സിഇഒ എസ്. ദീപു, ഷംസുദീൻ കായിപ്പുറം, ഡോ.ജെ. ഷേർളി, എബി മാത്യു, സി. രാജലക്ഷ്മി, പ്രിൻസിപ്പാൾ എസ് ശ്രീലക്ഷ്മി, പി.എ.സനീർ, ഗിരീഷ് സുകുമാരൻ, സി. പ്രസനകുമാരി, ഡോ.കെ.എസ്. മോഹൻദാസ്, മുഞ്ഞിനാട്ട് രാമചന്ദ്രൻ, മിനി സാറാമ്മ, വിനു ആർ. നാഥ്, കെ.എൽ. ശാന്തമ്മ എന്നിവർ സംസാരിച്ചു.

# അമിത വൈദ്യുതിബിൽ: വയോധികയുടെ ഒറ്റമുറി വീടിൻറെ വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചു

ഉപ്പുതറ: ഒറ്റമുറി വീട്ടിൽ താമസിക്കുന്ന വയോധികയ്ക്ക് ഭീമമായ വൈദ്യുതി ബിൽ ലഭിക്കുകയും വൈദ്യുതി വിച്ഛേദിക്കുകയും ചെയ്ത സംഭവത്തിൽ കെഎസ്ഇബി വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചു. വാഗമൺ വട്ടപ്പതാൽ കുരുവിള വീട്ടിൽ അന്നമ്മയ്ക്ക് അര ലക്ഷത്തോളം രൂപയുടെ വൈദ്യുതിബിൽ കഴിഞ്ഞ മാസം പതിനഞ്ചാം തീയതിയാണ് ലഭിച്ചത്. 49170 രൂപയുടെ ബില്ലാണ് അന്നമ്മയ്ക്ക് കിട്ടിയത്.

പഞ്ചായത്ത് മെമ്പർ മായാ സുജി ആദ്യ ഗഡുവായ 1584 രൂപ അടച്ചതോടെയാണ് വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചത്. ഇതിൽ 584 രൂപ കഴിഞ്ഞ രണ്ടു മാസത്തെ ബില്ലാണ്. ഭീമമായ വൈദ്യുതി ബിൽ ലഭിച്ചതോടെ അന്നമ്മ കെഎസ്ഇബി പീരുമേട് സെക്ഷൻ ഓഫീസിൽ പരാതി നൽകിയിട്ടും നടപടി ഉണ്ടായില്ല.

ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് മോശമായ പെരുമാറ്റമാണ് ഉണ്ടായതെന്നും അന്നമ്മ പരാതിപ്പെട്ടിരുന്നു. പരാതി കെഎസ്ഇബി കൺസ്യൂമർ ഗ്രീവൻസ് ഫോറത്തിൻറെ പരിഗണനയിലാണ്. ബാക്കി തുക അടയ്ക്കേണ്ടതടക്കമുള്ള കാര്യങ്ങൾ ഫോറമാണ് തീരുമാനിക്കേണ്ടത്.

അന്നമ്മയ്ക്ക് അമിത ബിൽ കിട്ടിയ സംഭവം വിവാദമായതോടെ ജനപ്രതിനിധികളും പൊതുപ്രവർത്തകരും സംഭവത്തിൽ ഇടപെടുകയും മനുഷ്യാവകാശ കമ്മീഷന് അടക്കം പരാതികൾ നൽകുകയും ചെയ്തിട്ടുണ്ട്. വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കഴിഞ്ഞ വെള്ളിയാഴ്ച വകുപ്പ് മന്ത്രി ഇടപെടുകയും കെഎസ്ഇബി തൊടുപുഴ ഡെപ്യൂട്ടി ചീഫ് എൻജിനിയറിൽനിന്ന് റിപ്പോർട്ട് വാങ്ങുകയും ചെയ്തു.

മന്ത്രി ഇടപെട്ടിട്ടും വൈദ്യുതി പുനഃസ്ഥാപിക്കാത്തതിൽ പ്രതിഷേധമുയർന്നിരുന്നു. വൈദ്യുതി പുനഃസ്ഥാപിക്കണമെങ്കിൽ ഇഎൽസിബി സ്ഥാപിക്കണമെന്നും വീട്ടിലെ വയറിംഗിൽ മാറ്റം വരുത്തണമെന്നും കെഎസ്ഇബി ആവശ്യപ്പെട്ടിരുന്നു. ഇതിനുള്ള പണവും മെംബറാണ് മുടക്കിയത്.

അമിത ബിൽ കിട്ടിയ സംഭവത്തിൽ കെഎസ്ഇബി വിജിലൻസ് അന്വേഷണം നടത്തിവരികയാണ്. സംഭവത്തിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായോ എന്നാണ് അന്വേഷിക്കുന്നത്.

# പച്ചക്കറിവില കുതിച്ചുയരുന്നു

തുറവൂർ : തമിഴ്നാട്ടിൽ നിന്ന് കേരളത്തിലെ വിപണികളിൽ പച്ചക്കറി വരവ് കുറഞ്ഞതോടെ കേരളത്തിലെ മാർക്കറ്റുകളിൽ പച്ചക്കറി വില കുതിച്ചുയരുന്നു. ചേർത്തല താലൂക്കിന്റെ വിവിധ മേഖലകളിൽ പക്ഷിപ്പനി പടർന്നതോടെ മുട്ട, മാംസം എന്നിവയുടെ വിൽപ്പനയും ഉപയോഗത്തിനും മേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തിയതോടെ പച്ചക്കറി മാത്രമാണ് ജനങ്ങളുടെ ആശ്രയം. കോഴിയിറച്ചിയുടെയും മുട്ടയുടെയും ഉപയോഗം അധികം ഉണ്ടായിരുന്ന മേഘലകളിലും മത്സ്യ ഉപയോഗം കൂടുതൽ ഉണ്ടായിരുന്ന തീരമേഖലയിലേയും ഉൾനാടൻ ഗ്രാമങ്ങളിലേയും ആളുകളിൽ പച്ചക്കറിയുടെ ഉപയോഗം വർധിക്കുന്നതും വില വർധനവിന് കാരണമായിട്ടുണ്ട്.

തക്കാളി 100 രൂപ, വെണ്ടയ്ക്ക 50 രൂപ, അച്ചിങ്ങാ പയർ 100 രൂപ, ബീൻസ് 200 രൂപ, ക്യാരറ്റ് 80 രൂപ എന്നിങ്ങനെയാണ് പച്ചക്കറിക്കുടെ വില. ഉപഭോഗത്തിനനുസരിച്ച് സംസ്ഥാനത്ത് ഉത്പാദനം ഇല്ലാത്തതും പ്രതിസന്ധി ആവുകയാണ്. ഇതരസംസ്ഥാനങ്ങളിൽനിന്നു സുലഭമായി ലഭിച്ചിരുന്ന പലതരം പച്ചക്കറികളും അവിടെയുണ്ടായ ദൗർലഭ്യംമൂലം വരവ് കുറഞ്ഞതും വിപണികളിൽ പച്ചക്കറിവില ഉയരുന്നതിന് കാരണമായിട്ടുണ്ട്. മിക്കവാറും എല്ലാ പച്ചക്കറി ഇനങ്ങൾക്കും വൻതോതിൽ വില കയറിയിട്ടുണ്ട്. മേഖലയിൽ സുലഭമായിരുന്ന പച്ചക്കറികൾ പലതും വിപണിയിൽ ലഭ്യമാകാത്ത സ്ഥിതിയാണ്.

നാട്ടിൻപുറത്തെ കരപ്പാടങ്ങളിലും മറ്റും പച്ചക്കറി കൃഷി വ്യാപിപ്പിച്ചാൽ മാത്രമേ പ്രതിസന്ധിക്ക് ഒരു പരിധിവരെ എങ്കിലും പരിഹാരം കാണാൻ കഴിയൂ എന്നാണ് പൊതുവേ ഉയരുന്ന വിലയിരുത്തൽ.

# ഭാര്യാമാതാവിനെയും സഹോദര പുത്രിയെയും പെട്രോൾ ഒഴിച്ച് തീ കൊളുത്തിയ പ്രതി പിന്നീട് വീടിന് തീയിട്ടു; പ്രതി പിടിയിൽ

ചെറുതോണി: ഭാര്യാമാതാവിനെയും ഭാര്യാ സഹോദര പുത്രിയെയും പെട്രോൾ ഒഴിച്ച് തീ കൊളുത്തി കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതി ഒളിവിലിരിക്കെ ഇവരുടെ വീടിന് തീയിട്ടു. പ്രതിയെ പോലീസ് പിടികൂടി.

ഇടുക്കി പൈനാവ് അമ്പത്തിയാറ് കോളനി സ്വദേശി കൊച്ചുമലയിൽ അന്നക്കുട്ടി (62), മകൻ ലിൻസിൻറെ മകൾ ലിയ (രണ്ടര) എന്നിവരുടെ ദേഹത്താണ് പെട്രോൾ ഒഴിച്ച് തീ കൊളുത്തിയത്. കഴിഞ്ഞ അഞ്ചിന് ഉച്ചകഴിഞ്ഞ് 3:30 ടെയാണ് സംഭവം. അന്നക്കുട്ടിയുടെ മകളുടെ ഭർത്താവ് കഞ്ഞിക്കുഴി സ്വദേശി നിരപ്പേൽ സന്തോഷാണ് അക്രമം നടത്തിയത്.

ഇന്നലെ ഭാര്യാ മാതാവിനെ കൊല്ലാൻ ആയിരുന്നു പ്രതിയായ സന്തോഷ് രണ്ട് വീടുകൾക്ക് തീയിട്ടതെന്ന് ഇയാൾ സമ്മതിച്ചതായി ഇടുക്കി പോലീസ് മേധാവി ടി.കെ. വിഷ്ണു പ്രദീപ് പറഞ്ഞു. സന്തോഷിൻറെ ഭാര്യ പ്രിൻസിയെ വിദേശത്തേക്ക് സന്തോഷിൻറെ സമ്മതം ഇല്ലാതെയാണ് അയച്ചത്.

ഭാര്യയെ വിദേശത്ത് അയച്ചതിൽ സന്തോഷിന് എതിർപ്പുണ്ടായിരുന്നു. വിദേശത്ത് എത്തിയശേഷം ഇവർ വിവാഹമോചനം ആവശ്യപ്പെട്ടു. ഇതും പ്രകോപനത്തിന് കാരണമായതായി പറയുന്നു. അന്നക്കുട്ടി വീട്ടിൽ ഉണ്ടാകും എന്ന് കരുതിയാണ് വീട് കത്തിച്ചത്.

അന്നക്കുട്ടിയെയും കൊച്ചു മകളെയും ആക്രമിച്ച ശേഷം തമിഴ്നാട്ടിലാണ് സന്തോഷ് ഒളിവിൽ കഴിഞ്ഞതെന്നും ഇവിടെനിന്നും തിരിച്ചെത്തിയാണ് വീടുകൾക്ക് തീയിട്ടതെന്നും പോലീസ് മേധാവി പറഞ്ഞു. ആദ്യത്തെ ആക്രമണത്തിനുശേഷം പ്രതിയെ പിടികൂടാൻ പോലീസ് പരമാവധി ശ്രമം നടത്തിയിരുന്നു. തമിഴ്നാട്ടിൽ ഉൾപ്പെടെ തെരച്ചിൽ നടത്തിയെങ്കിലും ഇയാളുടെ മൊബൈൽ ഫോൺ ജ്യേഷ്ഠൻറെ വീട്ടിൽ ഉപേക്ഷിച്ച് പോയിരുന്നതിനാൽ തെരച്ചിൽ ദുഷ്കരമായിരുന്നു.

നേരത്തേ അന്നക്കുട്ടിയെയും കൊച്ചുമകളെയും ആക്രമിച്ച കേസിൽ പൊലീസ് ഇയാളെ തിരയുന്നതിനിടെയാണ് വീണ്ടും ആക്രമണം ഉണ്ടായത്. കഴിഞ്ഞ പത്തുദിവസമായി പോലീസിന് കണ്ടെത്താൻ കഴിയാത്തയാളാണ് പോലീസിന് മുന്നിലൂടെയെത്തി രണ്ടു വീടുകൾക്ക് തീയിട്ടത്. സംഭവത്തിനു ശേഷം രക്ഷപ്പെട്ട പ്രതിയെ ബോഡിമെട്ടിൽനിന്നുമാണ് പോലീസ് പിടികൂടിയത്.

ഇന്നലെ പുലർച്ചെ മൂന്നരയോടെയാണ് സന്തോഷ് പൈനാവിലെത്തി അന്നക്കുട്ടിയുടെയും മകൻ ലിൻസിൻറെയും വീടുകൾക്ക് തീയിട്ടത്. വീടിൻറെ ഒരു മുറിയിലുണ്ടായിരുന്ന സാധനങ്ങളെല്ലാം പൂർണമായും കത്തി നശിച്ചു. അന്നക്കുട്ടിയും പേരക്കുട്ടിയും കോട്ടയം മെഡിക്കൽ കോളജാശുപത്രിയിലായിരുന്നതിനാൽ രണ്ടു വീട്ടിലുമുള്ളവർ ആശുപത്രിയിലായിരുന്നു. രണ്ടിടത്തും ആരും ഇല്ലാതിരുന്നിനാൽ വലിയ ദുരന്തം ഒഴിവായി. പെട്രോളൊഴിച്ചശേഷം രണ്ടുവീട്ടിലേക്കും പന്തം കത്തിച്ച് ഇടുകയായിരുന്നു.

ഇതിന് ശേഷം ബൈക്കിൽ തമിഴ്നാട്ടിലേക്ക് കടക്കാൻ ശ്രമിക്കുന്നതിനിടെയാണ് ബോഡിമെട്ട് ചെക്ക് പോസ്റ്റിൽ വച്ച് പ്രതി പിടിയിലായത്. വിദേശത്തുള്ള ഭാര്യ പ്രിൻസിയെ തിരികെ വിളിക്കണമെന്നും ഭാര്യയുടെ ശമ്പളം തനിക്ക് നൽകണമെന്നും ആവശ്യപ്പെട്ടാണ് അന്നക്കുട്ടിയെയും കൊച്ചുമകളെയും സന്തോഷ് കൊലപ്പെടുത്താൻ ശ്രമിച്ചത്.

ഇടുക്കി എസ്പി ടി.കെ. വിഷ്ണു പ്രദീപിൻറെ നിർദേശപ്രകാരം ഇടുക്കി ഡിവൈഎസ്പി സാജു വർഗീസിൻറെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചാണ് പ്രതിക്കായുള്ള അന്വേഷണം നടത്തിയിരുന്നത്. അന്വേഷണ സംഘത്തിൽ ഇടുക്കി പോലീസ് സ്റ്റേഷൻ എസ്എച്ച്ഒ എം.പി. എബി, എസ് ഐ സാബു,സിനിയർ സിവിൽ പോലീസ് ഓഫീസർമാരായ കെ.ആർ. അനീഷ്, മനോജ് വർഗീസ്, കെ.സി. അനീഷ്, സൈതലവി, ജിമ്മി ജേക്കബ്, സിവിൽ പോലീസ് ഓഫീസർമാരായ പ്രദീപ്, അജേഷ് പ്രഭാകരൻ എന്നിവരാണ് ഉണ്ടായിരുന്നത്.സന്തോഷിനെ ചോദ്യം ചെയ്യലിനുശേഷം ഇന്ന് കോടതിയിൽ ഹാജരാക്കും.

# സ്കൂൾ വിദ്യാർഥിയെ തട്ടിക്കൊണ്ടുപോയി ആക്രമിച്ച കേസ്: മൂന്നു പേർ റിമാൻഡിൽ

വടക്കേക്കര: സ്കൂൾ വിദ്യാർഥിയെ തട്ടിക്കൊണ്ടുപോയി ഉപദ്രവിച്ച കേസിൽ മൂന്ന് പേരെ മുനമ്പത്തു നിന്ന് പോലീസ് അറസ്റ്റ് ചെയ്തു. ചെറായി തൃക്കടപ്പള്ളി കല്ലൂർ വീട്ടിൽ ജിതിൻ (35), പുത്തൻപുരയ്ക്കൽ ജിജു (43), കടുവങ്കൽ വീട്ടിൽ ഹരിശങ്കർ (26) എന്നിവരെയാണ് വടക്കേക്കര പോലീസ് അറസ്റ്റ് ചെയ്തത്.

മർദനമേറ്റ 16കാരനായ വിദ്യാർഥി പഠിക്കുന്ന സ്കൂളിലെ ഒരു വിദ്യാർഥിനിയോട് പ്രണയാഭ്യർഥന നടത്തുകയും പെൺകുട്ടി നിരസിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർഥിനിയെക്കുറിച്ച് ക്ലാസിലെ മറ്റൊരു കുട്ടിയോട് മോശമായി പറഞ്ഞു. സംഭവത്തിൽ പെൺകുട്ടിയുടെ വീട്ടുകാർ സ്കൂളിൽ പരാതിയുമായെത്തി. ഇരു വിദ്യാർഥികളുടെയും വീട്ടുകാരുടെ സാന്നിധ്യത്തിൽ ചർച്ച നടന്നെങ്കിലും തീരുമാനമുണ്ടായില്ല.

സ്കൂൾ അച്ചടക്ക സമിതിയുടെ മുമ്പാകെ ചൊവ്വാഴ്ച വിഷയം പരിഗണിക്കാനിരിക്കേയാണ് വിദ്യാർഥിയെ ശനിയാഴ്ച പകൽ തട്ടിക്കൊണ്ടുപോയത്. പ്രതികൾ കാറുമായി പറയകാട് ഭാഗത്തു വന്നശേഷം വിദ്യാർഥിയെ ഫോണിൽ വിളിച്ച് അവിടേക്ക് വരണമെന്ന് ആവശ്യപ്പെടുകയും വന്നില്ലെങ്കിൽ വീട്ടിൽ കയറി ആക്രമിക്കുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു.

പറയകാട് ഭാഗത്തെത്തിയ വിദ്യാർഥിയെ മൂന്നു പ്രതികളും ചേർന്ന് ബലമായി കാറിലേക്ക് വലിച്ചുകയറ്റി കൊണ്ടുപോയി. കാറിൽ വച്ചു വിദ്യാർഥിയുടെ കരണത്തടിക്കുകയും കഴുത്ത് ഞെരിക്കുകയും ചെയ്തു. സ്കൂളിൽ നിന്നു ടിസി വാങ്ങി മറ്റൊരിടത്തേക്ക് പോകണമെന്നും ആവശ്യപ്പെട്ടു.

പ്രതികളുടെ മൊബൈൽ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ച് പോലീസ് നടത്തിയ അന്വേഷണത്തിൽ മുനമ്പത്തു നിന്നാണ് മൂവരെയും പിടികൂടിയത്. തട്ടിക്കൊണ്ടു പോകാൻ ഉപയോഗിച്ച കാറും കസ്റ്റഡിയിലെടുത്തു.വിദ്യാർഥിയെ മാതാപിതാക്കൾക്കൊപ്പം വിട്ടു. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. ഇൻസ്പെക്ടർ കെ.ആർ. ബിജു, എസ്ഐമാരായ പി.കെ. വിനോദ്, വി.എം. റസാഖ്, ടി.എസ്. ഗിരീഷ് എന്നിവരുടെ നേതൃത്വത്തിലാണ് പ്രതികളെ പിടികൂടിയത്.

# ലോഞ്ച് പാഡ് സംരംഭകത്വ വർക്ഷോപ്പ്

പുതിയ സംരംഭം തുടങ്ങാൻ താത്പര്യപ്പെടുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് അഞ്ചു ദിവസത്തെ വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. സംരംഭകൻ/ സംരംഭക ആവാൻ ആഗ്രഹിക്കുന്നവർക്ക് ജൂൺ 25 മുതൽ 29 വരെ കളമശ്ശേരിയിലുള്ള കെ.ഐ.ഇ.ഡി ക്യാമ്പസിൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാം. പുതിയ സംരംഭകർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ബിസിനസിന്റെ നിയമവശങ്ങൾ, ഐഡിയ ജനറേഷൻ, പ്രൊജക്റ്റ് റിപ്പോർട്ട് തയാറാക്കുന്ന വിധം, സെയിൽസ് ആൻഡ് മാർക്കറ്റിങ്, ബാങ്കിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ജി.എസ്.ടി, സംരംഭം തുടങ്ങാനാവശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ, തുടങ്ങിയ നിരവധി സെഷനുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. താത്പര്യമുള്ളവർ h-ttp:// kied.infot/rainingcalender/ എന്ന വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനായി 22നു മുൻപ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 04842532890/ 2550322/ 9188922785.

# വനിതാ ഓട്ടോ ഡ്രൈവറെ ആക്രമിച്ച രണ്ടു പേർ മുംബൈയിൽ പിടിയിൽ

വൈപ്പിൻ: പള്ളത്താംകുളങ്ങരയിൽ വനിതാ ഓട്ടോ ഡ്രൈവറെ രാത്രിയിൽ ആക്രമിച്ച സംഭവത്തിൽ ഒളിവിൽ പോയ ക്വട്ടേഷൻ സംഘത്തിലെ രണ്ടു പേരെ ഞാറക്കൽ പോലീസ് മുംബൈയിൽനിന്ന് കസ്റ്റഡിയിലെടുത്തു.ക്രൂരമർദനത്തിനിരയായ ഓട്ടോ ഡ്രൈവർ കുഴുപ്പിള്ളി തച്ചാട്ടുതറ ജയ(47)യെ സംഭവ ദിവസം ഓട്ടം വിളിച്ച് കൊണ്ടു പോയി കുഴുപ്പിള്ളി ബീച്ചിലിട്ട് മർദിച്ച മൂന്നംഗ സംഘത്തിലെ രണ്ടുപേരാണ് ഇപ്പോൾ കസ്റ്റഡിയിലുള്ളത്. ഇവർക്കൊപ്പമുണ്ടായിരുന്ന സംഘത്തിലെ മൂന്നാമൻ ഓടി രക്ഷപ്പെട്ടു. സംഭവത്തിനു ശേഷം ഗോവയിലേക്കും അവിടെ നിന്ന് മുംബയിലേക്കും കടന്ന ഇവരെ ഞാറക്കൽ പോലീസ് പിന്തുടർന്നെത്തിയാണ് പിടികൂടിയത്.

പ്രതികളുമായി പോലീസ് സംഘം ഇന്നലെ കേരളത്തിലേക്ക് തിരിച്ചു. അതേസമയം ക്വട്ടേഷൻറെ സൂത്രധാരനും ജയയുടെ അമ്മായിയുടെ മകൾ പ്രിയങ്കയുടെ ഭർത്താവുമായ സജീഷും , ക്വട്ടേഷൻ സംഘത്തിലെ മറ്റൊരാളും ഇപ്പോഴും ഒളിവിലാണ്.

കേസിൽ ഗൂഢാലോചനക്കുറ്റത്തിന് പ്രിയങ്കയേയും, സജീഷിൻറെ കൂടെ ജോലി നോക്കുന്ന നായരമ്പലം സ്വദേശി വിധുൻ ദേവിനെയും പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. ഇരുവരും ജുഡീഷ്യൽ കസ്റ്റഡിയിലാണ്. ഗുരുതരമായി പരിക്കേറ്റ ജയ അത്യാസന്ന നിലയിൽ ചികിത്സയിലാണ്. മുനമ്പം ഡിവൈഎസ്പി എൻ.എസ്. സലീഷിൻറെ നേതൃത്വത്തിൽ ഞാറക്കൽ സിഐ സുനിൽ തോമസും സംഘവുമാണ് കേസന്വേഷിക്കുന്നത്.

# മുലപ്പാൽ തൊണ്ടയിൽ കുടുങ്ങി പിഞ്ചുകുഞ്ഞ് മരിച്ചു

തൃശൂർ: വടക്കാഞ്ചേരിയിൽ മുലപ്പാൽ തൊണ്ടയിൽ കുടുങ്ങി പിഞ്ചുകുഞ്ഞ് മരിച്ചു. ചാത്തൻകോട്ടിൽ അൻസാർ ഷിഹാന തസ്നി ദമ്പതികളുടെ മകൾ നൈഷാന ഇഷാൽ (78 ദിവസം) ആണ് മരിച്ചത്. ഇന്ന് പുലർച്ചെയാണ് സംഭവം. കുഞ്ഞിൻറെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി മെഡിക്കൽ കോളേജിലേക്ക് അയച്ചിട്ടുണ്ട്.

# നിയമസഭാ മാധ്യമ അവാർഡുകൾക്ക് ജൂൺ 30 വരെ അപേക്ഷിക്കാം

മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിന് ശക്തി പകരുന്ന മാധ്യമ പ്രവർത്തനം, പൊതു സമൂഹത്തെ സ്വാധീനിക്കുകയും സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ റിപ്പോർട്ട്, നിയമസഭാ നടപടികളുടെ റിപ്പോർട്ടിംഗ് എന്നിങ്ങനെ മൂന്ന് മേഖലകളിൽ ദൃശ്യഅച്ചടി മാധ്യമ വിഭാഗങ്ങളിലെ മികച്ച സൃഷ്ടികൾക്കായി യഥാക്രമം 'ആർ. ശങ്കരനാരായണൻ തമ്പി നിയമസഭ മാധ്യമ അവാർഡ്, സി. അച്ച്യുത മേനോൻ നിയമസഭാ മാധ്യമ അവാർഡ്, ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ്, കെ. ആർ. ഗൗരിയമ്മ നിയമസഭാ മാധ്യമ അവാർഡ്, ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ്, സി. എച്ച്. മുഹമ്മദ് കോയ നിയമസഭ മാധ്യമ അവാർഡ് എന്നീ പേരുകളിൽ കേരള നിയമസഭ ഏർപ്പെടുത്തിയിരിക്കുന്ന മാധ്യമ അവാർഡുകൾക്കായി അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30ന് വൈകിട്ട് മൂന്നു വരെ നീട്ടിയിരിക്കുന്നു.

അവാർഡിനായി പരിഗണിക്കേണ്ട റിപ്പോർട്ടുകളുടെ / പരിപാടികളുടെ ആറ് പകർപ്പുകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം 33 എന്ന വിലാസത്തിൽ ലഭ്യമാക്കണം. അവാർഡിനെ സംബന്ധിക്കുന്ന നിബന്ധനകൾ, അപേക്ഷാഫോം എന്നിവ അടങ്ങുന്ന സ്കീം, വിജ്ഞാപനം എന്നിവ കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamasabha.org ൽ ലഭിക്കും.

# ഉയർന്ന തിരമാല ജാഗ്രത നിർദേശം

കേരള തീരത്ത് നാളെ (ജൂൺ 19) രാത്രി ഏഴു വരെയും തമിഴ്നാട് തീരത്ത് നാളെ രാത്രി 11.30 വരെയും കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്നു ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (INCOIS) അറിയിച്ചു.

# Anveshi
*Daily Morning News Paper*

2024 June 19 Wednesday


Email: anveshinews11@gmail.com

# ബിസിനസ് സമൂഹത്തിൻെറ വെല്ലുവിളികൾ പരിഹരിക്കുന്നതിൽ എ.ഐ കമ്പനികൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് വിദഗ്ധൻ

### അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവിനു മുന്നോടിയായുള്ള ടെക് ടോക്ക് തിരുവനന്തപുരം ടെക്നോപാർക്കിൽ നടന്നു

തിരുവനന്തപുരം: ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എ.ഐ) മേഖലയിൽ വൈദഗ്ധ്യമുള്ള കമ്പനികൾ ബിസിനസ് സമൂഹത്തിൻറെയും നേതൃത്വത്തിൻറെയും വെല്ലുവിളികൾ അഭിസംബോധന ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഐബിഎം ഇന്ത്യ സോഫ്റ്റ് വെയർ ലാബിലെ സീനിയർ ടെക്നിക്കൽ സ്റ്റാഫ് മെമ്പർ ശ്രിനിവാസൻ മുത്തുസ്വാമി പറഞ്ഞു. സംസ്ഥാന സർക്കാർ ഐബിഎമ്മുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവിനു മുന്നോടിയായി തിരുവനന്തപുരം ടെക്നോപാർക്കിൽ സംഘടിപ്പിച്ച ടെക് ടോക്ക് പരമ്പരയിലെ ആദ്യ പ്രഭാഷണത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

ജനറേറ്റീവ് എ.ഐ എടുക്കുന്ന തീരുമാനങ്ങൾ ബിസിനസ് സമൂഹത്തിന് വേണ്ടത്ര വിശദീകരിക്കാനാവില്ലെന്നും വിശ്വാസത്തോടെ എ.ഐ അളക്കുന്നതിൽ അവർ വെല്ലുവിളി നേരിടുന്നുണ്ടെന്നും ശ്രിനിവാസൻ മുത്തുസ്വാമി ചൂണ്ടിക്കാട്ടി. ജെൻ എ.ഐയുടെ സുരക്ഷയും വിശ്വാസ്യതയും ധാർമ്മിക വശങ്ങളും സംബന്ധിച്ച് ബിസിനസ് സമൂഹത്തിന് ആശങ്കയുണ്ട്. ഇത് സ്ഥാപിത താത്പര്യങ്ങൾക്ക് പ്രാധാന്യം നൽകുമെന്നും ബിസിനസ് നേതൃത്വത്തിന് അഭിപ്രായമുണ്ട്. ധാരാളം അവസരങ്ങൾ ഉള്ളതിനാൽ നൂതനത കൊണ്ടുവന്ന് അതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ എ.ഐ സ്ഥാപനങ്ങൾക്ക് സാധിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.




*സംസ്ഥാന സർക്കാർ ഐബിഎമ്മുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവിനു മുന്നോടിയായി തിരുവനന്തപുരം ടെക്നോപാർക്കിൽ സംഘടിപ്പിച്ച ടെക് ടോക്കിൽ ഐബിഎം ഇന്ത്യ സോഫ്റ്റ് വെയർ ലാബിലെ സീനിയർ ടെക്നിക്കൽ സ്റ്റാഫ് മെമ്പർ ശ്രിനിവാസൻ മുത്തുസ്വാമി സംസാരിക്കുന്നു.*

ഐബിഎമ്മിലെ ജെൻ എ.ഐയുടെ നേട്ടങ്ങളെക്കുറിച്ച് ശ്രിനിവാസൻ മുത്തുസ്വാമി വിശദീകരിച്ചു. ജെൻ എ.ഐ ഉപയോഗിക്കാത്തവരുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ പ്രകടനം ഇത് ഏകദേശം 40 ശതമാനത്തോളം മെച്ചപ്പെടുത്തുന്നതായി അദ്ദേഹം പറഞ്ഞു. ഉപഭോക്തൃ സേവനത്തിലും ഗുണം ചെയ്യും. എ.ഐ ഗവേണൻസ്, ഡാറ്റ സങ്കീർണത, ഉയർന്ന വില, പരിമിതമായ വൈദഗ്ധ്യം, എ.ഐ മോഡൽ വികസന ഉപകരണങ്ങളുടെ അഭാവം എന്നിവയാണ് എ.ഐ പ്രയോജനപ്പെടുത്തുന്നതിൽ സ്ഥാപനങ്ങൾക്കുള്ള തടസ്സങ്ങളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഇൻവെസ്റ്റ്മെൻറ് ആൻഡ് പ്രൊമോഷൻ അസിസ്റ്റൻറ് മാനേജർ ശ്രീദേവി എസ്. പങ്കെടുത്തു.കൊച്ചി ഇൻഫോപാർക്കിൽ ജൂൺ 20 ന് വൈകിട്ട് 3 നും കോഴിക്കോട് സൈബർ പാർക്കിൽ ജൂൺ 21 ന് രാവിലെ 11 നും ടെക് ടോക്ക് നടക്കും.

കൊച്ചി ബോൾഗാട്ടിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇൻറർനാഷണൽ കൺവെൻഷൻ സെൻററിൽ ജൂലൈ 11, 12 തീയതികളിലാണ് അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവ് നടക്കുന്നത്. മുഖ്യമന്ത്രി, മന്ത്രിമാർ, ഐബിഎം അംഗങ്ങൾ, വ്യവസായടെക്നോളജി പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റർമാർ തുടങ്ങിയവർ എ.ഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും.ജനറേറ്റീവ് എഐയുടെ ഭാവി രൂപപ്പെടുത്തുന്നതോടൊപ്പം നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുമുള്ള കേരളത്തിൻറെ പ്രതിബദ്ധത പ്രകടമാക്കുന്നതായിരിക്കും ഈ സമ്മേളനം. ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന കോൺക്ലേവിലൂടെ കേരളത്തെ എ.ഐ ഡെസ്റ്റിനേഷനായി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.കൂടുതൽ വിവരങ്ങൾക്കും കോൺക്ലേവിൽ രജിസ്റ്റർ ചെയ്യുന്നതിനും: https://www.i-bm.com/in-en/events/genaiconclave

# ഡിഎൽഎഫ് ഫ്ളാറ്റ്: ഗൗരവ വിഷയം, ശക്തമായ നടപടിയുണ്ടാകുമെന്ന് മന്ത്രി വീണാ ജോർജ്

കൊച്ചി കാക്കനാട് ഡിഎൽഎഫ് ഫ്ളാറ്റിൽ താമസിക്കുന്നവർക്ക് വയറിളക്കവും ഛർദിലും ഉണ്ടായ സാഹചര്യം ഗൗരവമുള്ള വിഷയമാണെന്നും ശക്തമായ നടപടിയുണ്ടാകുമെന്നും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പൊതുജനാരോഗ്യ സംരക്ഷണ നിയമ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇന്നലെയാണ് ഫ്ളാറ്റിലെ ഒരാൾ നേരിട്ട് ഫോണിൽ വിളിച്ച് ഇക്കാര്യം അറിയിച്ചത്. ഉടൻ തന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറെ വിളിച്ച് അടിയന്തരമായി ഇടപെടാൻ നിർദേശം നൽകി. ആരോഗ്യ വകുപ്പിന്റെ പ്രത്യേക സംഘം സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു. ഫ്ളാറ്റിലെ കുടിവെള്ളത്തിന്റെ എല്ലാ സ്രോതസുകളും പരിശോധിക്കും. രോഗബാധിതരായ വ്യക്തികൾ പല ആശുപത്രികളിൽ ചികിത്സ തേടിയത് കൊണ്ടായിരിക്കാം ഈ വിഷയം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടാത്തത്. അക്കാര്യവും അന്വേഷിക്കുന്നതാണ്. പ്രദേശത്ത് ബോധവത്ക്കരണം ശക്തിപ്പെടുത്തും. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ എന്നും മന്ത്രി അഭ്യർത്ഥിച്ചു.

# പട്ടികജാതി / വർഗക്കാർക്ക് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ്

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിനു കീഴിൽ തിരുവനന്തപുരം തൈക്കാട് പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം സ്വകാര്യ സ്ഥാപനവുമായി ചേർന്ന് പട്ടികജാതി / വർഗത്തിൽപ്പെട്ട യുവതീയുവാക്കൾക്കായി ജൂൺ 24ന് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. ഒഴിവുസംബന്ധമായ വിശദവിവരങ്ങൾക്ക് 'ചമശേീമഹ ഇമൃലലൃ ടലൃശരല ഇലിൃല ളീൃ ടഇ/ടഠ'െ, ഠൃശ്മിറൃൗാ' എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കുക. താൽപര്യമുള്ള ഉദ്യോഗാർഥികൾ ജൂൺ 22ന് വൈകിട്ട് അഞ്ചിനു മുൻപായി വേേു:// ളീൃാ.ഴഹല/362റഷഃഠതഢഥ59ളവ44അ എന്ന ഗൂഗിൾ ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ലിങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റയും അവരവരുടെ വിദ്യാഭ്യാസയോഗ്യത, ജാതി, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം 24ന് രാവിലെ 10ന് തൈക്കാട് സംഗീത കോളേജിനു പിൻവശത്തു പ്രവർത്തിക്കുന്ന നാഷണൽ കരിയർ സർവീസ് സെന്ററിൽ ഇന്റർവ്യൂവിന് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : 0471 2332113 / 8304009409.

# മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവന

മെഡിക്കൽ ബിരുദ കോഴ്സുകളിലേക്കുള്ള നീറ്റ്യുജി പരീക്ഷാ ക്രമക്കേടിൽ കേന്ദ്ര സർക്കാരിനും നീറ്റ് പരീക്ഷയുടെ നടത്തിപ്പുകാരായ നാഷണൽ ടെസ്റ്റിംഗ് ഏജൻസിയ്ക്കും (എൻടിഎ) സുപ്രീം കോടതി ഇന്ന് നോട്ടീസ് അയച്ചിരിക്കുകയാണ്. നീറ്റ് യുജി പരീക്ഷാ ഫലത്തെപ്പറ്റി ഉയർന്നുവന്ന ആക്ഷേപങ്ങൾ രാജ്യത്തെ പ്രവേശന പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയെ തന്നെ ബാധിക്കുന്ന കാര്യമാണ്. പരീക്ഷയുടെ നടത്തിപ്പിൽ അട്ടിമറിയുണ്ടായത് അത്യന്തം ഗൗരവകരമായ വിഷയമാണെന്ന് തിരിച്ചറിഞ്ഞിട്ടും ഫലപ്രദമായ ഇടപെടലിന് കേന്ദ്ര സർക്കാർ തയാറാകാത്തത് ആശ്ചര്യജനകമാണ്.

നേരത്തെയുണ്ടായിരുന്ന സംസ്ഥാനതലത്തിലുള്ള മെഡിക്കൽ പ്രവേശന പരീക്ഷകൾ നിർത്തലാക്കി ദേശീയതലത്തിൽ നീറ്റ് പരീക്ഷ കൊണ്ടുവന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാന സർക്കാരുകൾ കുറ്റമറ്റ രീതിയിലായിരുന്നു മെഡിക്കൽ പ്രവേശന പരീക്ഷ നടത്തിയത്. ചോദ്യപേപ്പർ ചോർച്ചയും ഗ്രേസ് മാർക്ക് സംബന്ധിച്ച വിവാദവും ഉൾപ്പെടെ ഗുരുതരവീഴ്ചകളാണ് ഈ വർഷം നീറ്റ് പരീക്ഷയിൽ പലയിടങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്.

ഇതു സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം നൽകാനും വിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കാനും കേന്ദ്ര സർക്കാരിനോ പരീക്ഷാ നടത്തുന്ന ഏജൻസിക്കോ ഇതുവരെ കഴിഞ്ഞിട്ടില്ല.

രാജ്യത്തെ പ്രൊഫഷണൽ വിദ്യാർത്ഥികളുടെ ഭാവി വെച്ചു പന്താടുന്ന സമീപനമാണ് അധികാരികൾ തുടരുന്നത്. ഒളിച്ചുകളി അവസാനിപ്പിച്ച് വിഷയത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കയ്ക്ക് അടിയന്തിരമായി പരിഹാരം കാണാനും കേന്ദ്ര സർക്കാർ തയാറാകണം.

# സ്വാതി തിരുനാൾ സംഗീത കോളേജിൽ താൽക്കാലിക നിയമനം

ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളജിൽ 202425 അധ്യയന വർഷത്തിൽ വയലിൻ, ഡാൻസ് (കേരള നടനം), വോക്കൽ, മൃദംഗം വിഭാഗത്തിൽ ഒഴിവുള്ള അധ്യാപക തസ്തികകളിലേക്ക് അതിഥി അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. നിശ്ചിത യോഗ്യതയുള്ളവരും ഗസ്റ്റ് ലക്ചർ പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വയലിൻ വിഭാഗം ഉദ്യോഗാർഥികൾക്ക് ജൂൺ 21നും ഡാൻസ് വിഭാഗം ഉദ്യോഗാർഥികൾക്ക് 26നും വോക്കൽ വിഭാഗം ഉദ്യോഗാർഥികൾക്ക് 27നും മൃദംഗം വിഭാഗം ഉദ്യോഗാർഥികൾക്ക് 28നും അതാത് ദിവസം രാവിലെ 10ന് കോളജിൽ വച്ച് നടക്കുന്ന അഭിമുഖത്തിൽ നേരിട്ട് പങ്കെടുക്കാം. വിദ്യാഭ്യാസ യോഗ്യതകൾ, മാർക്ക് ലിസ്റ്റുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ മുതലായവയുടെ അസലും പകർപ്പുകളും അഭിമുഖ സമയത്ത് ഹാജരാക്കണം.



**മന്ത്രി കെ. രാധാകൃഷ്ണന് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുകളുടെ നേതൃത്വത്തിൽ നൽകിയ യാത്രയയപ്പ് ചടങ്ങ്**

# നിപ്മറിൽ ഫീഡിംഗ് ഡിസോഡർ ക്ലിനിക്: മന്ത്രി ഡോ. ബിന്ദു

കുട്ടികളിലെ പോഷണക്കുറവിനും അതുമൂലമുണ്ടാകുന്ന രോഗങ്ങൾക്കുമെതിരെ ഫലപ്രദമായി ഇടപെടൽ നടത്താൻ ഇരിങ്ങാലക്കുടയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ (നിപ്മർ) ഫീഡിംഗ് ഡിസോഡർ ക്ലിനിക് ആരംഭിക്കുകയാണെന്ന് ഉന്നത വിദ്യാഭ്യാസസാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു പറഞ്ഞു.

വളർച്ചയ്ക്ക് ആവശ്യമായ പോഷകങ്ങൾ അടങ്ങിയ പല ഭക്ഷണങ്ങളും കുട്ടികൾ കഴിക്കാൻ കൂട്ടാക്കാറില്ല. ഇത് കുട്ടികളെ പോഷണക്കുറവിലേക്കും മറ്റു രോഗങ്ങളിലേക്കും നയിക്കുന്നു. ഇത്തരം പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള സംവിധാനമാണ് ഫീഡിംഗ് ഡിസോഡർ ക്ലിനിക്. കുട്ടികളിൽ ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ വളർത്തിയെടുക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഓരോ കുട്ടിക്കും അനുയോജ്യമായ മെനു പ്ലാനുകൾ തയ്യാറാക്കുന്നതിനും അവ കുട്ടികളുടെ രക്ഷിതാക്കളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനും നിപ്മറിലെ വിദഗ്ധ ടീം സജീവമായി ഇടപെടും. ഡയറ്റീഷൻ, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർമാർ എന്നിവരടങ്ങുന്ന ടീം ആണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ഡയറ്റീഷന്റെ നേതൃത്വത്തിൽ ഓരോ കുട്ടിയുടേയും ഭക്ഷണ 'ശീലവും ഭക്ഷണക്രമവും ശരിയായി നിരീക്ഷിച്ച ശേഷമാണ് ആവശ്യമായ മെനു പ്ലാൻ തയ്യാറാക്കുന്നത്. ഭക്ഷണവുമായി ബന്ധപ്പെട്ട ഇന്ദ്രിയ സംയോജന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നത് ഒക്യുപേഷണൽ തെറാപ്പിസ്റ്റ് ആണ്. ഭക്ഷണവസ്തുക്കളുടെ മൃദുത്വം, രൂപം, രുചി എന്നിവ കുട്ടിക്ക് സ്വീകാര്യവും സുഖകരവുമാക്കി മാറ്റുന്നതിന് ഒക്യുപേഷണൽ തെറാപ്പിസ്റ്റ് സഹായിക്കും.

ഭക്ഷണം ശരിയായ രീതിയിൽ ചവച്ചരച്ച് കഴിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ മോട്ടോർ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ സ്പീച്ച് തെറാപ്പിസ്റ്റ് നൽകും. കഥകൾ, പാചക പരീക്ഷണങ്ങൾ എന്നിവയിലൂടെ കുട്ടികളിൽ ഭക്ഷണത്തോടുള്ള താല്പര്യം വളർത്തുക, കുട്ടികളുടെ ചലന സംബന്ധമായ കഴിവുകൾ, സമൂഹത്തോടുള്ള ഇടപെടലുകൾ എന്നിവ മെച്ചപ്പെടുത്തുക, ഭക്ഷണം സ്വയം കഴിക്കുന്നതിനുള്ള താല്പര്യം വളർത്തിയെടുക്കുക എന്നിവക്ക് സ്പെഷ്യൽ എഡ്യുക്കേറ്റർ മേൽനോട്ടം വഹിക്കും.

തുടക്കത്തിൽ മൂന്നുമാസ കാലയളവുള്ള പരിശീലന പദ്ധതിക്കാണ് നിപ്മർ രൂപം നൽകിയിട്ടുള്ളത്. രണ്ടു വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികൾക്കായുള്ള ക്ലിനിക്കാണിത്. പദ്ധതിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് രജിസ്ട്രേഷനായി 9288099582 എന്ന നമ്പറിൽ ബന്ധപ്പെടാം മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

# കുടിവെള്ള വിതരണ കരാർ ദീർഘിപ്പിക്കൽ; കോർപറേഷന് ലക്ഷങ്ങളുടെ നഷ്ടം

കൊച്ചി: നഗരത്തിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണത്തിന് കരാർ നീട്ടി നൽകിയതിൽ അഴിമതി ആരോപണവുമായി പ്രതിപക്ഷം. പുതിയ ടെൻഡർ നടപടികൾ പൂർത്തിയായിട്ടും മേയറുടെ മുൻകൂർ അനുമതിയോടെ ജനുവരിയിൽ കാലാവധി അവസാനിച്ച കമ്പനിക്ക് കരാർ നീട്ടി നൽകിയതുവഴി ലക്ഷങ്ങളുടെ നഷ്ടമാണ് കോർപറേഷനുണ്ടായതെന്ന് യുഡിഎഫ് പാർലമെൻററി പാർട്ടി ഉപനേതാവ് ഹെൻട്രി ഓസ്റ്റിൻ ആരോപിച്ചു.

ജനുവരി 24 നാണ് കുടിവെള്ള വിതരണത്തിനുള്ള കരാർ അവസാനിച്ചത്. ഫെബ്രുവരി 17ന് പുതിയ കരാർ നൽകുന്നതിനായി ടെൻഡർ ക്ഷണിച്ചു. ആലുവ, മരട് പ്ലാൻറുകളിൽ നിന്നു വെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതിനായിരുന്നു കരാർ. ടെൻഡറിൽ പങ്കെടുത്ത സ്റ്റാർ കൺസ്ട്രക്ഷൻ എന്ന കമ്പനി 9122 രൂപ കോട്ട് ചെയ്തു.

മറ്റൊരു കമ്പനിയാകട്ടെ 9330 രൂപയും. എന്നാൽ കരാർ കാലാവധി അവസാനിച്ച കമ്പനി ജലവിതരണം നടത്തിയിരുന്നത് 9590 രൂപയ്ക്കായിരുന്നു. പുതിയ ടെൻഡർ വഴി 468 രൂപ കോർപറേഷന് ലാഭിക്കാമെന്നിരിക്കെ നാലു മാസമായി പുതിയ കമ്പനിക്ക് കരാർ നൽകാതെ ഉദ്യോഗസ്ഥർ അഴിമതിക്ക് കൂട്ടു നിന്നുവെന്നാണ് പ്രതിപക്ഷത്തിൻറെ ആരോപണം.ഇതിനായി കാലാവധി അവസാനിച്ച കമ്പനിക്ക് പലഘട്ടങ്ങളായി കരാർ നീട്ടി നൽകി. മേയറുടെ മുൻകൂർ അനുമതിയോടെയാണ് കരാർ നീട്ടിയത്. എന്നാൽ തൊട്ടടുത്ത കൗൺസിലിൽ മുൻകൂർ അനുമതി സാധൂകരിക്കാൻ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തിയില്ല.

പകരം നാലുമാസത്തിനിപ്പുറം ഇന്നലെയാണ് വിഷയം അജണ്ടയായി കൊണ്ടുവന്നത്. ഇതിനെ ചോദ്യം ചെയ്ത പ്രതിപക്ഷം മേയറേയും കൗൺസിലിനെയും ഇരുട്ടിൽ നിർത്തി ഉദ്യോഗസ്ഥ ഭരണമാണ് ഇവിടെ നടക്കുന്നതെന്നും ആരോപിച്ചു.മുൻകൂർ അനുമതിയോടെ പുതിയ ടെൻഡർ വിളിച്ച ശേഷം അക്കാര്യം പരാമർശിക്കാതെ കരാർ നീട്ടി നൽകിയ മുൻകൂർ അനുമതി സാധൂകരിക്കാൻ കൊണ്ടുവന്ന അജണ്ട അംഗീകരിക്കാനാകില്ലെന്ന് മേയറും നിലപാടെടുത്തു.

ആരോഗ്യ സമിതി അംഗീകാരം നൽകിയെന്ന ഉദ്യോഗസ്ഥരുടെ വാദം അംഗീകരിക്കാനാകില്ല. കൗൺസിലാണ് അന്തിമ അനുമതി നൽകേണ്ടത്. ഫെബ്രുവരി 17ന് പാസായ ടെൻഡർ പരിശോധിച്ച ശേഷം വിഷയം അടുത്ത കൗൺസിലിൽ അജണ്ടയായി കൊണ്ടുവരാനും ആരോഗ്യ സമിതിക്ക് മേയർ നിർദേശം നൽകി.

RNI NO. 5184, Vol - 4, Issue -194 Printed, Published and owned by M.B Afsal, Anveshi Publications, Printed at Kallathingal printers, Thiruvananthapuram. Published at Kollam, Thiruvananthapuram and Kozhikode. Editorial : Anveshi, Vazhuthacaud, Thiruvananthapuram, Kerala - 695014, Editor : M. B. Afsal, Kollam, Kerala . Phone : +914712317756, +914713552750, +918281552088, email: anveshinews11@gmail.com, anveshionline@gmail.com. Website : www.anveshi.in, www.anveshionline.com (Editor, Responsible for selection of news under PRB Act.)